H. 162

# വീരപൂജ

ഗ്രന്ഥകർത്താ:

[illegible] ശങ്കരൻ ഇളയത്ത്

2722.
H 162

S.K.V. ഗ്രന്ഥശാല,
മലയിൻകീഴ്.

# വീരപൂജ

ഗ്രന്ഥകർത്താ:

എം. കേശവൻഇളയതു്.

[വില രൂപാ 1

# പ്രസ്താവന

അനവധിനാളത്തെ അതിശ്രമഫലമായി ഭാരതീയർ സ്വാതന്ത്ര്യസോപാനത്തിലേ ഒന്നാം പടിയിലേക്ക് ഒരു കാലുയർത്തി നിൽക്കുന്ന കാലഘട്ടമാണല്ലോ ഇതു്. ഭാരതീയരുടെ അനൈകമത്യമോ ആക്രമണം നടത്തിയവരുടെ പരാക്രമപ്രകർഷമോ മൂലം പരാധീനയായ ഭാരതോർവ്വിയേ വീണ്ടെടുക്കുവാനുള്ള അവിശ്രമപരിശ്രമങ്ങൾ അക്കാലത്തുതന്നേ ആരംഭിച്ചിട്ടുള്ളവയാണു്. ഇക്കാര്യത്തിൽ സ്വരാജ്യപ്രണയംനിമിത്തം മുൻപിൻ നോക്കാതെ സമസ്തവും ത്യജിച്ചും മുന്നണിയിൽ നിന്നിട്ടുള്ളതു രാജപുത്രന്മാരാണെന്നുള്ള സത്യം സർവ്വവിദിതമാണല്ലോ. ഇവരിൽ പ്രഖ്യാതരായ വീരന്മാരെ ഇന്നും അവതാരപുരുഷരായി ഗണിച്ചു പലയിടത്തും ആരാധിച്ചുപോരുന്നുണ്ടു്. അവരുടെ വീരചരിതങ്ങളും ത്യാഗസന്നദ്ധതയും ഭാവിതലമുറക്കാരിലും മനുഷ്യോചിതമായ പൗരുഷഗുണങ്ങൾ വിളയിക്കുമെന്നുള്ള വിശ്വാസമാണു് ഈ പ്രസിദ്ധീകരണത്തിനു ഞങ്ങളേ പ്രേരിപ്പിച്ചിട്ടുള്ളതു്. ഈ ആദർശപുരുഷന്മാരുടെ ജീവചരിത്രപഠനത്താൽ നമ്മുടെ യുവാക്കളിൽ ഞങ്ങൾ ഉദ്ദേശിക്കുന്ന ഗുണങ്ങളുടെ നിഴലാട്ടമെങ്കിലും ഉണ്ടായാൽ ഞങ്ങൾ കൃതകൃത്യരായി.

പ്രസാധകന്മാർ

2722
ശ്രീകൃഷ്ണവിലാസം ഗ്രന്ഥശാല
മലയിൻകീഴ്.

# വീരപൂജ

## രാജപുത്രർ

ലോകചരിത്രം ഒന്നാകെ പരിശോധിച്ചു നോക്കിയാലും, രാജപുത്രന്മാരെപ്പോലെ ആജന്മവീരന്മാരും മഹാന്മാരുമായ മറെറാരു ജനതയെ കണ്ടെത്താൻ പ്രയാസമാണു്. ക്ഷത്രിയവീരന്മാരും, ഉൽകൃഷ്ടഗുണങ്ങളുടെ വിളനിലങ്ങളുമായ രാജപുത്രരുടെ ധീരകൃത്യങ്ങൾ വിവരിക്കുന്നതത്രെ ഇന്ത്യാചരിത്രത്തിലെ എത്രയും പ്രധാനപ്പെട്ട ഒരു ഭാഗം.

അമാനുഷകർമ്മങ്ങൾ അനുഷ്ഠിച്ചിട്ടുള്ളവരാണു് രാജപുത്രർ. മാതൃഭൂമിയുടെ സ്വാതന്ത്ര്യത്തിനും, സ്വവർഗ്ഗത്തിന്റെ മാനസംരക്ഷണത്തിനും വേണ്ടി ഭയങ്കര സമരങ്ങൾ നടത്തിയിട്ടുള്ള സ്ത്രീകളും പുരുഷന്മാരും ഇവരുടെയിടയിൽ ഒട്ടനവധിയാണു്. പുരുഷന്മാരെപ്പോലെ തന്നെ രാജപുത്രവനിതകളും, യുദ്ധക്കളത്തിൽ മുന്നണിയിൽ നിന്നു് സമരം ചെയ്യുകയും സേനകളെ നയിക്കുകയും ചെയ്തിട്ടുണ്ടു്. യുദ്ധത്തിൽ തങ്ങൾക്കു പരാജയമെന്നു തീർച്ചപ്പെട്ടാൽ, ശത്രുക്കൾ കോട്ടയ്ക്കുള്ളിൽ കടക്കുന്നതിനുമുമ്പായി, വലിയ അഗ്നികുണ്ഡങ്ങൾ കൂട്ടി സ്ത്രീക

മെല്ലാം അതിൽ ചാടി ദേഹത്യാഗം ചെയ്യുന്നു. * ഇങ്ങ കഴിഞ്ഞാൽ, പുരുഷന്മാർ ഒന്നൊഴിയാതെ ശത്രുമദ്ധ്യത്തിൽ പ്രവേശിച്ചു് കഴിവുള്ളിടത്തോളം ശത്രുക്കളെ വധിച്ചിട്ടു്, തങ്ങളും എതിരാളികളുടെ വാളിന്നിരയായി തീരുന്നു. ഇത്തരത്തിലുള്ള അനവധി ഭയങ്കരസംഭവങ്ങൾ ഇന്ത്യയിൽ നടന്നിട്ടുണ്ടു്. മുസൽമാന്മാർ എത്രയോ തവണ രാജസ്ഥാനത്തെ ആക്രമിക്കുകയും, പലവിധത്തിലുള്ള നാശങ്ങൾ വരുത്തുകയും ചെയ്തിരിക്കുന്നു. പക്ഷെ ആവക സന്ദർഭങ്ങളിലെല്ലാം രാജപുത്രർ ശത്രുക്കൾക്കു കീഴടങ്ങാതെ, യുദ്ധംചെയ്തു് വീരസ്വർഗ്ഗം പ്രാപിക്കയും, സ്ത്രീകൾ ശത്രുക്കളിൽ നിന്നുമുള്ള അപമാനമുണ്ടാകാതെ ജീവത്യാഗം ചെയ്കയുമാണുണ്ടായിട്ടുള്ളതു്.

ധീരന്മാരും സിംഹപരാക്രമികളുമായിരുന്നതുപോലെതന്നെ, സത്യം, ദയ, ആശ്രിതവാത്സല്യം, നിസ്വാത്ഥത, ധമ്മാനുഷ്ഠാനങ്ങളിൽ പ്രതിപത്തി എന്നിത്യാദി മഹൽഗുണങ്ങളുടെ വിളനിലങ്ങളുമായിരുന്നു രാജപുത്രർ. അധമ്മയുദ്ധവും ദുർബ്ബലരുടെ നേരെ ബലപ്രയോഗവും അവർ ഒരിക്കലും ചെയ്യുമാറില്ല. രാജപുത്രചരിത്രം, അവരുടെ സ്വാർത്ഥപരിത്യാഗത്തിന്റെ ചരിത്രമാണെന്നു പറയാം. സ്വന്തം രാജാവിനെ അവർ ഈശ്വരനെപ്പോലെ ഭക്തിയോടുകൂടി ആദരിക്കുന്നു. സ്വന്തം ജന്മഭൂമിയെ അവർ മാതാവിനെക്കാൾ കൂടുതലായി ആരാധിക്കുന്നു. രാജാവിനുവേണ്ടിയും ജന്മഭൂമിക്കുവേണ്ടിയും

---

* 'ജൌഹരവ്രതം' എന്നത്രെ ഇതിനു പറയുന്നതു്.

അവർ സർവ്വസ്വവും ഉപേക്ഷിച്ചിട്ടുള്ളതിന്റെ ദൃഷ്ടാന്തങ്ങൾ രാജപുത്രചരിത്രത്തിൽ സുലഭമാണു്.

വാഗ്ദത്തലംഘനംപോലെ ഒരു മഹാപാതകം രാജപുത്രക്കു് മറെറാന്നില്ല. അവർ, മരിച്ചാലും വാക്കുമാറുകയില്ലെന്ന ദൃഢവ്രതത്തോടുകൂടിയവരായിരുന്നു. വാഗ്ദാനം പാലിക്കുന്നതിനും ആശ്രയിച്ചവരെ രക്ഷിക്കുന്നതിനും വേണ്ടി രാജപുത്രർ വമ്പിച്ചത്യാഗങ്ങളനുഷ്ഠിച്ചിട്ടുള്ളതിനു് രാജപുത്രചരിത്രത്തിൽ അനേകം ദൃഷ്ടാന്തങ്ങളുണ്ടു്. സ്ത്രീജനങ്ങളോടുള്ള ഭക്ത്യാദരങ്ങളാണു രാജപുത്രരുടെ മറെറാരു വിശിഷ്ടഗുണം. അന്യസ്ത്രീകളെ അവർ മാതാക്കന്മാരായും സോദരിമാരായും എണ്ണുന്നു. സ്ത്രീകളുടെ മാനം സംരക്ഷിക്കുക എന്നതായിരുന്നു അവരുടെ കുലധൎമ്മം. ഏതപരാധവും ഒരു രാജപുത്രൻ ക്ഷമിച്ചേക്കാം. സ്ത്രീകളെ അപമാനിച്ചാൽ അതവൻ സഹിച്ചു എന്നു വരികയില്ല. പലേ യുദ്ധങ്ങളും കൊള്ളകളും രാജപുത്രർ നടത്തീട്ടുണ്ടെന്നുവരികിലും, പരാജിതരായ ശത്രുക്കളുടെ സ്ത്രീകളോടു് അവർ എത്രയും മൎയ്യാദയോടുകൂടി മാത്രമേ പെരുമാറുകയുണ്ടായിട്ടുള്ളു. തടവുകാരായി പിടിക്കപ്പെടുന്നവരുടെ കൂട്ടത്തിൽ സ്ത്രീകൾ കൂടിയുണ്ടായിരുന്നാൽ, അവരെ ഉടനെ സ്വതന്ത്രരാക്കുകയോ അല്ലാത്തപക്ഷം മഹാമനസ്കതയോടുകൂടി അവൎക്കു വേണ്ട സകല സൗകൎയ്യങ്ങളും ചെയ്തുകൊടുക്കുകയോ ആയിരുന്നു രാജപുത്രരുടെ പതിവു്. ഇവരുടെ ഈ മഹാമനസ്കതെ, ജന്മശത്രുക്ക

ളായിരുന്ന മുഗളന്മാരെപ്പോലും പലപ്പോഴും അത്ഭുതപരതന്ത്രരാക്കിയിട്ടുണ്ട്.

---

## രാജപുത്താന

ചരിത്രപ്രസിദ്ധരായ രാജപുത്ര രാജാക്കന്മാരുടെ നിവാസ സ്ഥാനത്തിന്, രാജസ്ഥാനം അല്ലെങ്കിൽ രാജപുത്താന എന്നു പറയുന്നു. ഇന്ത്യയുടെ ഏതാണ്ടു മദ്ധ്യഭാഗത്തു സ്ഥിതിചെയ്യുന്നതും, ഏതാനും നാട്ടുരാജ്യങ്ങൾ കൂടിച്ചേർന്നതുമായ ഈ ഭൂവിഭാഗം ഏകദേശം 130,000 ചതുരശ്രമൈൽ വിസ്തീർണ്ണമുള്ളതാണ്. സിൻഡ്, പഞ്ചാബ്, സെൻട്രൽ ഇൻഡ്യ, ഗുജറാത്ത്, ബോംബെ പ്രസിഡൻസി എന്നീ പ്രദേശങ്ങൾ രാജപുത്താനയെ ചുററിക്കിടക്കുന്നു. മീവാരം (ഉദയപുരം) മാർവാരം (യോധപുരം), ബീകാനീരം, കോട്ട, ബൂന്ദി, അംബാരം (ജയപുരം), യശൽമീരം എന്നിങ്ങനെ ഏഴു പ്രധാന രാജ്യങ്ങളും, ഇടപ്രഭുക്കന്മാരുടെ വക ഏതാനും ചെറുരാജ്യങ്ങളും കൂടിച്ചേർന്നതാണ് രാജസ്ഥാനം അല്ലെങ്കിൽ രാജപുത്താന.

മഹത്തായ ഏതു ജനതയുടേയും വിധിഭാഗധേയങ്ങൾക്ക്, അവർ നിവസിക്കുന്ന ഭൂമിയുടെ പ്രകൃത്യാലുള്ള പ്രത്യേകതകൾ ഏതാണ്ടെല്ലാം പ്രേരകമായി ഭവിക്കുന്നു എന്നുള്ളതു് ഒരു സാധാരണ നിയമമത്രെ. അതിനാൽ

അജയ്യരും സിംഹപരാക്രമികളുമായിരുന്ന് മീവാരരാജാക്കന്മാരെപ്പററി പ്രതിപാദിക്കുന്നതിനു മുമ്പ്, വിശ്വവിശ്രുതരായ ആ വീരനന്ദനന്മാരെ പ്രസവിച്ചുവളർത്തിയ വിഭാഗത്തെപ്പററി ചിലതു പറയേണ്ടതു് ആവശ്യമായിരിക്കുന്നു.

ഇന്ത്യയിലെ ഏററവും പുരാതനമായ പർവ്വതപംക്തി എന്നു വിളിക്കേട്ട ആരവല്ലീപർവ്വതം രാജസ്ഥാനത്തെ, രണ്ടു് അസമഭാഗങ്ങളായി ഭാഗിച്ചിരിക്കുന്നു. ഇതു അതിരിന്റെവടക്കുപടിഞ്ഞാറുഭാഗത്താണു്, വടക്കുപടിഞ്ഞാറും നിന്നുള്ള അന്യരുടെ പ്രവേശനത്തെ നിരോധിച്ചുകൊണ്ടു് ഇന്ത്യയിലെ മഹാമരുഭൂമിയായ 'താർ' സ്ഥിതിചെയ്യുന്നതു്. ഉണങ്ങിവരണ്ടതും, നിർജ്ജനമെങ്കിലും ആരോഗ്യപ്രദവുമായ ഈ മരുഭൂമിയുടെ ഏറിയഭാഗവും രാജപുത്താനയിലാണു്. 'താർ' മരുഭൂമിയിലുള്ള കുന്നുകളും ചെറുതരം മലകളും, പാറക്കെട്ടുള്ളവയും തീരെ ഫലഭൂയിഷ്ഠമല്ലാത്തവയുമത്രെ. ജലശൂന്യവും സസ്യധാന്യങ്ങൾ വളരാത്തതുമായ ഈ പ്രദേശങ്ങളിലെ ജനസംഖ്യ നന്നെ ചുരുക്കമാണെങ്കിൽ അതിലത്ഭുതപ്പെടുവാനില്ലല്ലോ. മരുഭൂമിയുടെ മദ്ധ്യഭാഗത്തുസ്ഥിതിചെയ്യുന്ന ജയ്‌സൽമീരത്തിൽ, ഒരു ചതുരശ്രമൈലിനു നാലുപേർ എന്ന കണക്കിലാണു് ജനസംഖ്യ.

ആരവല്ലിയുടെ തെക്കുപടിഞ്ഞാറെ അററത്താണു്, സമുദ്രനിരപ്പിൽ നിന്നും 6000 അടി ഉയരത്തിൽ സ്ഥിതിചെയ്യുന്ന പ്രസിദ്ധമായ ആബു പർവ്വതം. പ്രധാന

ട്ടെപ്പട്ട പലേ ക്ഷേത്രങ്ങളുമുള്ള ഇവിടം ഒരു സുഖവാസസ്ഥലമലംകൃതിയാണ്. രാജപുത്താനയുടെ ഹെഡ്കാർട്ടേഴ്സ് സ്റ്റേഷൻ ആയ ഈ പട്ടണത്തിൽ ഗവർണ്ണർജനറാളുടെ ഏജൻറിൻെറ റസിഡൻസിയും സ്ഥിതിചെയ്യുന്നു.

നെട്ടനീളത്തിൽ കിടക്കുന്ന ആരവല്ലി പർവ്വതനിരയുടെ കിഴക്കുഭാഗം മുഴുവനും പർവ്വതങ്ങളും മലയിടുക്കുകളും കൊണ്ടു നിറഞ്ഞതാണ്. ഈ പർവ്വതങ്ങളുടെയിടയ്ക്കു, മീവാരം, അംബരം, ബൂന്ദി എന്നീരാജ്യങ്ങൾ സ്ഥിതിചെയ്യുന്നു. എട്ടാം ശതകം മുതൽ പതിനാറാം ശതകംവരെയുള്ള കാലഘട്ടത്തിൽ, മീവാരം മാത്രമാണ് (ജൽമീരം ഒഴികെ) വൈദേശികാധിപത്യത്തിൽനിന്നും ഒഴിഞ്ഞുനിന്നിട്ടുള്ളതെന്ന പരമാത്ഥം പ്രത്യേകം പ്രസ്താവ്യമത്രെ. ഇതിനു കാരണം, മീവാരത്തിൻെറ കിടപ്പും ഭൂപ്രകൃതിയുമാണെന്നുള്ളതും സ്മർത്തവ്യമാണ്. ആരവല്ലീ പർവ്വതനിരയുടെ പടിഞ്ഞാറുഭാഗത്തുള്ള രാജ്യങ്ങൾ അക്ബറുടെകാലംമുതൽത്തന്നെ മുഗൾഭരണത്തിനു കീഴിലായിത്തീന്നു. പക്ഷേ, ദുർഗ്ഗമമായ പർവ്വതങ്ങളുടെ ഇടയ്ക്കു സ്ഥിതിചെയ്തിരുന്ന മീവാര രാജ്യമാകട്ടെ, വളരെക്കാലം ശത്രുക്കൾക്കു കീഴടങ്ങാതെ, സ്വാതന്ത്ര്യത്തോടുകൂടി തല ഉയത്തിക്കൊണ്ടുതന്നേ നിന്നു.

മീവാര റാണന്മാരുടെ ചരിത്രത്തിൽ അതിപ്രാധാന്യമർഹിക്കുന്ന ചിതോരിനെപ്പററിയും ഈ ഘട്ടത്തിൽ പ്രസ്താവിക്കേണ്ടതുണ്ട്. സമനിരപ്പിൽനിന്നും കുത്തനേ

മേലോട്ടുയൎന്നു നിൽക്കുന്നതും, പ്രകൃത്യാതന്നെ പാറക്കെട്ടുകൾകൊണ്ടു് കോട്ടപോലെ ചുററപ്പെട്ടതുമാണു് ഈ പ്രദേശം. ഈ നഗരത്തിന്നു് മൂന്നേകാൽ മൈൽ നീളവും വീതി കൂടിയ ഭാഗത്തു 1200 വാര വീതിയുമാണുള്ളതു്. മനോഹരമായ കെട്ടിടങ്ങളും മഹത്തായ അനേകം സ്മാരകങ്ങളും ചിത്തോരിൻെറ പ്രാധാന്യത്തിന്നു മാററു കൂട്ടുന്നു. പന്ത്രണ്ടാം ശതകത്തിലോ പതിമൂന്നാം ശതകത്തിലോ നിൎമ്മിക്കപ്പെട്ടിട്ടുള്ളതെന്നു് ഗണിക്കപ്പെട്ടു പോരുന്ന "കീൎത്തിസ്തംഭ"വും, ഏ ഡി. 1442-നും 1449-നും മദ്ധ്യേ മഹാറാണാകുംഭൻ നിൎമ്മിച്ചിട്ടുള്ള "ജയസ്തംഭ"വും ഈ സ്മാരകങ്ങളുടെ കൂട്ടത്തിൽ പ്രാധാന്യമർഹിക്കുന്നവയാണു്. മാളവത്തിലേയും ഗുൎജ്ജരരാജ്യത്തിലേയും (ഗുജറാററ്) സുൽത്താന്മാരുടെ സങ്കലിതസൈന്യങ്ങളുടെ മേൽ താൻ നേടിയ വിജയത്തിൻെറ സ്മാരകമായിട്ടാണു കുംഭറാണാ, ഈ അതി മനോഹരമായ സ്തംഭമുണ്ടാക്കിയതെന്നു പ്രസ്താവിച്ചുകാണുന്നു.

---

# മീവാര രാജാക്കന്മാർ

ഇന്ത്യാചരിത്രത്തിൽ മദ്ധ്യകാല ഘട്ടങ്ങളിലും; തുക്കി—അഫ്ഗാൻ, തൈമൂർ എന്നീകാലഘട്ടങ്ങളിലും മീവാരം രാജപുത്താനാ രാജ്യങ്ങളുടെ നാട്ടുനായകമായിത്തന്നെ ശോഭിച്ചിരുന്നു. ഇതര രാജ്യങ്ങളെ അപേക്ഷിച്ച് മീവാരത്തിനുണ്ടായിരുന്ന പ്രാധാന്യവും പ്രാമാണ്യവും സർവപ്രകാരേണയും സമാദരിക്കപ്പെട്ടു വന്നിരുന്നു എന്നു ചുരുക്കാം. രാമ്പുത്രവംശത്തിന്റെ മേധാശക്തി ഉജ്ജ്വലവും ഉദാരവുമാംവണ്ണം വികസിച്ച് പരിമളം പരത്തിയതും മീവാര രാജ്യത്തുതന്നെയാണു്. ഈ ചെറുരാജ്യം തുടർച്ചയായി പല തലമുറകളിലും സമർത്ഥരായ സേനാധിപന്മാരേയും, സുശിക്ഷിതരും ധീരന്മാരുമായ പടയാളികളേയും, വിവേകികളേയും വിജ്ഞന്മാരുമായ ഭരണാധിപന്മാരേയും, വിഖ്യാതരായ കവിശ്രേഷ്ഠന്മാരേയും പ്രസവിച്ചു കൊണ്ടുതന്നെയിരുന്നു. മീവാരറാണന്മാരുടെ അനുപമമായ സ്വദേശഭക്തിയുടേയും അമോഘമായ ആത്മത്യാഗത്തിന്റേയും, ലോകോത്തരമായ ധീരതയുടേയും ചരിത്രമാണു് രാജപുത്രവംശത്തിന്റെയും ചരിത്രം

ചിത്തോർ കോട്ടയിലുള്ള ഉന്നതവും ഭദ്രവുമായ സിംഹാസനം വാണിരുന്ന മീവാര മഹാറാണന്മാർ, സുദീർഘമായ കാലത്തേക്ക്, രാജപുത്ര വംശത്തിന്റെ അനിഷേദ്ധ്യ നേതാക്കന്മാരായിട്ടുതന്നെ സമാദരിക്കപ്പെട്ടുവ

ന്നിരുന്നു. സൂര്യവംശജന്മാരായ ഇവർ പുരാണ പ്രസിദ്ധനായ ശ്രീരാമന്റെ പിൻവാഴ്ചക്കാരാണെന്ന് പുരാതനരേഖകകളിൽ പ്രസ്താവിക്കപ്പെട്ടിട്ടുണ്ട്. ഏഴാം നൂററാണ്ടിന്റെ ആദ്യഘട്ടത്തിൽ, മീവാരറാണന്മാരുടെ ഒരു പൂർവ്വികനായിരുന്ന ഗുഹിലൻ എന്ന രാജാവാണ് മീവാര രാജവംശത്തിനെ "ഗുഹിലോട്ടകൾ" എന്ന വംശപ്പേർ നൽകിയതെന്നു കാണുന്നു. വല്ലഭിരാജവംശത്തിന്റെ ഒരു ശാഖയാണ് "ഗുഹിലോട്ടകൾ" എന്നത്രെ മീവാരത്തിലെ ഇതിഹാസങ്ങൾ ഘോഷിക്കുന്നത്. *

മീവാര മഹാറാണന്മാർ വീരപരാക്രമങ്ങളുടേയും കർത്തവ്യ നിർവ്വഹണത്തിന്റേയും ഉജ്ജ്വലമായ ഉദാഹരണങ്ങളായിരുന്നുവെന്ന് ചരിത്രത്തിന്റെ ഏതുഭാഗവും പ്രസ്പഷ്ടമാക്കുന്നുണ്ട്. അവരുടെ മഹത്തായ ആദർശങ്ങളും, ഉന്നതമായ സ്വഭാവവൈശിഷ്ട്യവും, അചഞ്ചലമായ സ്വദേശസ്നേഹവും, ധർമ്മസംരക്ഷണത്തിനുള്ള നിശിതമായ നിശ്ചയവും, ആപത്തുകളെ അഭിമുഖീകരിക്കുന്നതിലുള്ള നിസ്തുല്യമായ ധീരതയും അവർക്ക് "ഹിന്ദുക്കളുടെ സൂര്യൻ" എന്ന സ്ഥാനം സാർത്ഥകമാംവണ്ണംതന്നെ നേടിക്കൊടുത്തു. "അനേകനൂററാണ്ടുകാലത്തേയ്ക്കു" ഈവിധം തുടർച്ചയായി ഇത്രയധികം മഹാരഥന്മാരായ രാജാക്കന്മാർ

---

* ശ്രീരാമപുത്രനായ ലവന്റെ സന്തതി പരമ്പരയിൽപ്പെട്ട ശിലാദിത്യൻ എന്ന രാജാവ് വല്ലഭീപുരം വാണിരുന്നപ്പോൾ, മുസൽമാന്മാർ ആ രാജ്യം പിടിച്ചടക്കി രാജാവിനെ വധിച്ചുവെന്നും, ഗർഭിണിയായിരുന്ന രാജ്ഞി ഒരു ഗുഹയിൽപോയി ഒളിച്ചിരുന്ന് അവിടെവെച്ചു ഒരു പുത്രനെ പ്രസവിച്ചുവെന്നും, ഗുഹയിൽ ജനിച്ച കുമാരൻ "ഗുഹിലൻ" ആയെന്നുമാണ് ഐതിഹ്യം.

മീവാരം ഭരിച്ചിട്ടുള്ളതുപോലെ, മററതെങ്കിലും രാജ്യത്തിൽ സംഭവിച്ചിട്ടുണ്ടോ എന്നുള്ളതു് സംശയമാണു്” എന്നു് രാജപുത്രചരിത്രകാരനായ കേണൽ ടോഡ് അത്ഭുതാധീനനായി പ്രസ്താവിച്ചിട്ടുള്ളതു് അക്ഷരംപ്രതി പരമാൎത്ഥമാണു്. ഹാംബീരസിംഹൻ, കുംഭറാണ, സംഗറാണ, പ്രതാപസിംഹൻ, രാജസിംഹൻ തുടങ്ങിയുള്ള മീവാര റാണന്മാരുടെ നാമങ്ങൾ ആരെയാണു് പുളകംകൊള്ളിയ്ക്കാത്തതു്! ഇവരുടെ നിരുപമമായ സ്വരാജ്യസ്നേഹവും, ലോകോത്തരമായ ധീരതയും ഏതു ഭാരതീയനിലാണു് അഭിമാനം ജനിപ്പിക്കാത്തതു്!

---

# ബാപ്പാദിത്യൻ

മീവാര രാജവംശത്തിന്റെ സ്ഥാപകൻ, ബാപ്പാദിത്യൻ എന്നൊരു വീരപുരുഷനായിരുന്നു. തങ്ങളുടെ വംശത്തിന്റെ ആദിപുരുഷനായ ബാപ്പാദിത്യനെ രാജപുത്രർ ഒരു ദേവാംശജനായിട്ടാണ് ഗണിച്ചുപോന്നതു്. ബാപ്പാദിത്യനെപ്പററിയുള്ള അനേകം ഐതിഹ്യങ്ങൾ കേണൽ ടോഡിന്റെ ചരിത്രത്തിൽ വിവരിച്ചിട്ടുണ്ട്. സാധാരണ വീരപുരുഷന്മാരേ പൊതിഞ്ഞുകാണാറുള്ള ഐതിഹ്യങ്ങളിലെ അസ്ഫുടതയും മങ്ങലും ഇവയിലും ദൃശ്യമാവുന്നതുകൊണ്ട്, ഐതിഹ്യങ്ങൾക്കു കല്പിക്കാറുള്ള വിലമാത്രമേ ഇതിനും കല്പിക്കേണ്ടതുള്ളു.

ഗോഹിന്റെ വംശത്തിൽപെട്ട നാഗാദിത്യന്റെ പുത്രനായി, എ. ഡി. 713 നോടടുപ്പിച്ച് ബാപ്പാദിത്യൻ ജനിച്ചു. അന്ന് ചിതോരിൽ രാജ്യഭാരം ചെയ്തിരുന്ന 'മൌരി'ഗോത്രത്തിൽപെട്ട ഒരു രാജാവിന്റെ സൈന്യാധിപനായിട്ടാണ് ബാപ്പാദിത്യൻ ആദ്യം മീവാരചരിത്രത്തിൽ പ്രത്യക്ഷപ്പെടുന്നതു്. ഇദ്ദേഹത്തിന്റെ മാതാവ് പ്രമാരവംശജയായിരുന്നു. ആ വംശത്തിന്റെ ഒരു ശാഖയാണ് മൌരിവംശം. തന്മൂലം ബാപ്പാദിത്യനേ ചിതോരിലുള്ളവർ സ്നേഹാദരങ്ങളോടുകൂടി സ്വീകരിക്കുകയും, അദ്ദേഹം ശിശോദിയ എന്ന സ്ഥലത്തു് താമ

സമൎപ്പിക്കയും ചെയ്തു. ബാപ്പാദിത്യൻ ആദ്യം താമസിച്ചസ്ഥലം ഇതായതുകൊണ്ട്, അദ്ദേഹത്തിന്റെ വംശത്തിൽപെട്ടവൎക്ക് 'ശിശോദീയർ' എന്ന പേരും ലഭിച്ചു. ചിതോരിന്റെ അധിനാഥനായിരുന്ന മൌരിരാജാവ്, ഉദയപുരത്തിന് അല്പം വടക്കുമാറിയുള്ള നഗാദ എന്ന നഗരത്തിന്റെ ഭരണവും ബാപ്പാദിത്യന് വിട്ടുകൊടുക്കുകയുണ്ടായി. അവിടത്തെ നിവാസികൾ അധികവും ഭീലന്മാർ എന്നൊരു വക കാട്ടുജാതിക്കാരായിരുന്നു. ബാപ്പാദിത്യൻ വീരന്മാരായ അവരെ ധാരാളമായി സൈന്യത്തിൽ ചേൎക്കുകയും, അങ്ങനെ സ്വബലം വർദ്ധിപ്പിക്കുകയുംചെയ്തു.

ഒരു തികഞ്ഞ ശിവഭക്തനായിരുന്ന ബാപ്പാദിത്യന്, നഗാദയ്ക്കടുത്തുണ്ടായിരുന്ന ഏകലിംഗസ്വാമി ക്ഷേത്രത്തിൽവച്ച് ഹരീതമഹൎഷിയുടെ ഒരു ശിഷ്യനിൽ നിന്നും ഒരു സുവൎണ്ണവലയം ലഭിച്ചുഎന്നും, ഇതു് ചക്രവൎത്തിസ്ഥാനത്തെ ദ്യോതിപ്പിക്കുന്ന ഒരു ലക്ഷ്യമായിരുന്നുവെന്നും പ്രസ്താവിച്ചുകാണുന്നു. സിന്ധുരാജ്യം കീഴടക്കിയ ശേഷം മഹമ്മദ്ബിൻകാസിമിന്റെ കീഴിലുള്ള അറബികൾ പൂൎവ്വദേശങ്ങളെലക്ഷ്യമാക്കി ജൈത്രയാത്ര ആരംഭിച്ചപ്പോൾ, അവരെ ചെറുത്ത് പരാജിതരാക്കിയതു് ബാപ്പാദിത്യനാണെന്നും ചരിത്രം ഘോഷിക്കുന്നുണ്ടു്.

ഏ. ഡി. 728-നോടടുപ്പിച്ച്, ബാപ്പാദിത്യൻ മൌരിഗോത്രജനായ രാജാവിനെ ചിതോരിൽ നിന്നും സ്ഥാനഭ്രഷ്ടനാക്കുകയും സിംഹാസനം കൈവശപ്പെടുത്തുകയും

ചെയ്തു. ഇതിനുകാരണമായി പറയപ്പെടുന്ന രാഷ്ട്രീയ വിപ്ലവം, സംഖ്യയില്ലാത്തുള്ള ഐതിഹ്യങ്ങളുടെ മങ്ങലിൽ മൂടിക്കിടക്കുകയാണെങ്കിലും, ബാപ്പാദിത്യൻ സിംഹാസനം കൈവശപ്പെടുത്തിയതും മഹത്തായ മീവാര രാജവംശം സ്ഥാപിച്ചതും സുവിശദമായ ഒരു യാഥാത്ഥ്യം മാത്രമാണു്.

ബാപ്പാദിത്യൻ ദീർഘകാലം ജീവിച്ചിരിക്കുകയും, തൻെറ നിരവധി പത്നികളിലായി അദ്ദേഹത്തിനു് അനേകം സന്താനങ്ങൾ ജനിക്കുകയും ചെയ്തു. എ. ഡി. 764-ൽ അദ്ദേഹം തൻെറ പ്രഥമപുത്രനുവേണ്ടി രാജഭാരം ഒഴിഞ്ഞു. പിന്നീടു് താപസവൃത്തി കൈക്കൊണ്ടു് നൂറാമത്തെ വയസ്സിൽ ചരമമടഞ്ഞുവെന്നാണു് മീവാര ചരിത്രങ്ങളിൽ പ്രസ്താവിച്ചുകാണുന്നതു്. സിംഹാസനമൊഴിഞ്ഞതിനുശേഷം അദ്ദേഹം പെഴ്സ്യയിൽ പോയി, അവിടെ മറെറാരു രാജവംശം സ്ഥാപിച്ചു എന്നു് വേറൊരൈതിഹ്യവുമുണ്ടു്.

# പത്മിനി രാജകുമാരി

ദുർജ്ജയമായ പർവ്വതങ്ങളാലും കോട്ടകളാലും സുരക്ഷിതമായ മീവാരം, പതിമൂന്നാം നൂററാണ്ടിൻെറ അവസാനംവരെമുസ്ലിം ആക്രമണത്തെ അഗണ്യമാക്കിക്കൊണ്ടു തന്നേ വത്തിച്ചു. പക്ഷെ എ. ഡി. 1303-ൽ, രാജപുത്രസ്വാതന്ത്ര്യത്തിൻെറ ഈ പരിത്രാണകൻ, ഖിൽജി സാമ്രാജ്യദുർമ്മോഹത്തിന് ഇരയാവുകതന്നേ ചെയ്തു. അല്ലാവുദ്ദീൻ ഖിൽജി, മഹത്തായ ഒരു സൈന്യത്തോടുകൂടി മീവാരരാജ്യത്തെ അഭിമുഖീകരിച്ചു.

ഈ കൈയ്യേററം സാമ്രാജ്യവിസ്തൃതിയെ ഉദ്ദേശിച്ചുമാത്രമായിരുന്നില്ലെന്നും, റാണാ രത്നസിംഹൻെറ പത്നിയായിരുന്ന പത്മിനിയുടെ ലോകോത്തരസൌന്ദര്യത്താൽ അല്ലാവുദ്ദീൻ ആകൃഷ്ടനായതാണ് ഇതിൻെറ പെട്ടെന്നുള്ള കാരണമെന്നും പറയപ്പെടുന്നു. അഭൌമമായ ഈ സൌന്ദര്യം ഒരു നോക്കുകണ്ടാലും മതിയെന്നുള്ള അല്ലാവുദ്ദീൻെറ ആഗ്രഹം ഒടുവിൽ റാണൻ സാധിപ്പിച്ചുകൊടുത്തു. കണ്ണാടികളിൽകൂടെ പ്രതിഫലിച്ചു കണ്ട പത്മിനിയുടെ സൌകുമാര്യം അല്ലാവുദ്ദീനെ മോഹാന്ധനാക്കി. പക്ഷെ അയാൾ തൻെറ ആഗ്രഹങ്ങളേയും ഉദ്ദേശ്യങ്ങളേയുംഅടക്കിവച്ചുകൊണ്ടു ചിതോർദുർഗ്ഗത്തിൽ നിന്നും യാത്ര പറഞ്ഞു പിരിഞ്ഞു. രാജപുത്രന്മാക്ക് സഹജമായുള്ള ഉപചാരഭാവത്തോടെ, അതിഥിയെ

യാത്രയയക്കാൻ റാണൻ പുറത്തേ കോട്ടവാതിൽവരെ അല്ലാവുദ്ദീൻ ചക്രവത്തിയെ അനുഗമിച്ചു. അവിടെ വച്ചു് ചക്രവത്തിയുടെ ഭടന്മാർ റാണനെ കൌശലം പ്രയോഗിച്ചു് ബന്ധനസ്ഥനാക്കുകയും, അല്ലാവുദ്ദീൻെറ കൂടാരത്തിൽ കൊണ്ടുപോയി തടവിലിടുകയും ചെയ്തു. പത്മിനി രാജകുമാരി തന്നിയ്ക്കു കീഴടങ്ങിയാൽ റാണനേ തൽക്ഷണം മോചിപ്പിക്കാമെന്നുള്ള അല്ലാവുദ്ദീൻെറ ഒരു സന്ദേശമാണു് പിന്നീടു പത്മിനിയ്ക്കു ലഭിച്ചതു്.

തങ്ങളുടെ നേതാവിൻെറ ബന്ധനം, വംശാഭിമാനത്തിൻെറ മുഖത്തു് ചളി പൂശുകയാണെന്നു് ഓരോ രാജപുത്രനും വിചാരിച്ചു. അല്ലാവുദ്ദീൻ ആവശ്യപ്പെട്ട വ്യവസ്ഥകളനുസരിച്ചു്, തങ്ങളുടെ അതി ശ്രേഷ്ഠയായ രാജകുമാരിയെ വിട്ടുകൊടുക്കുകയോ എന്നതിനെപ്പററി രാജപുത്രരുടെയിടയിൽ തീവ്രമായ വാദം നടന്നു. പത്മിനി ഈ തക്കം അവസാനിപ്പിച്ചു. തൻെറ വംശത്തിനു നേരിട്ടിരിക്കുന്ന അപമാനമാലോചിച്ചാൽ തൻെറ ഒരുവളുടെ നഷ്ടം അത്ര സാരമുള്ളതല്ലെന്നാണു് രാജകുമാരി നിശ്ചയിച്ചതു്. ഈ തീരുമാനത്തെ അവരം അല്ലാവുദ്ദീനെ അറിയിക്കുകയും ചെയ്തു. പക്ഷെ അതേസമയം തന്നെ, പുരുഷൻെറ വഞ്ചനയെപ്പററി അവരം ബോധവതിയുമായിരുന്നു. തൻെറ മാനം സംരക്ഷിച്ചുകൊള്ളുന്നതിനു് പത്മിനി സ്വപിതാമഹനായ ഗൌരനോടും അദ്ദേഹത്തിൻെറ മരുമകൻ ബാദലനോടും ഏപ്പാടുചെയ്തു.

അല്ലാവുദ്ദീൻ ചക്രവത്തി, രാജകുമാരിയുടെ സ്ഥാനത്തിനും സ്ഥിതിയ്ക്കും അനുയോജ്യമായവിധം ആഡംബര

ങ്ങളോടും അകമ്പടിയോടും കൂടി കൂടാരത്തിൽ പ്രവേശിച്ചുകൊള്ളുന്നതിന് അനുമതിനൽകി. അടച്ചുമൂടിയ പല്ലക്കുകളിൽ എഴുന്നൂറോളം പരിവാരങ്ങളുമായി പത്മിനി ചക്രവർത്തിയുടെ കൂടാരത്തിൽ പ്രവേശിച്ചു. കുമാരിയിൽ നിന്നും ഒരാജ്ഞ പുറപ്പെട്ട ഉടൻ ഓരോ പല്ലക്കിൽ നിന്നും ആയുധധാരികളായ രാജപുത്രയോധാക്കന്മാർ ചാടിയിറങ്ങിത്തുടങ്ങി. പല്ലക്കു ചുമന്നിരുന്നവരും യോധാക്കളായി രൂപാന്തരപ്പെട്ടു. ഈ സംഭവം എല്ലാവരേയും അമ്പരപ്പിച്ചു എന്നു പറയേണ്ടതില്ലല്ലോ. അല്ലാവുദ്ദീൻെറ അനുയായികൾ ഇതികർത്തവ്യതാമൂഢരായി നോക്കിനിൽക്കെത്തന്നെ, റാണനെ കൂടാരത്തിൽ നിന്നും മോചിപ്പിച്ച്, എല്ലവരുമായി ചിതോർകോട്ടയിലേക്ക് ഓടിപ്പോയി.

അല്ലാവുദ്ദീന്റെ സൈന്യത്താൽ പിന്തുടരപ്പെട്ട രാജപുത്രയോധാക്കന്മാർ, പുറംകോട്ടയുടെ വെളിയിൽ വച്ച് ശത്രുക്കളോടെതിരിട്ടു. മീവാറുസേനയിൽ നിന്നും പ്രത്യേകം തിരഞ്ഞെടുക്കപ്പെട്ട വീരയോധാക്കളായിരുന്നു അവർ. ഗൌരൻ, ബാദലൻ എന്നീ രണശൂരന്മാരുടെ നേതൃത്വത്തിൽ അവർ വമ്പിച്ച താർത്തരസേനയോട് അതിഭയങ്കരമായി പോർചെയ്തു. തങ്ങളുടെ റാണൻെറ സ്വാതന്ത്ര്യവും, അദ്ദേഹത്തിൻെറ പത്നിയുടെ മാനവും സംരക്ഷിക്കണമെന്ന ആവേശം അവരെ അന്ധരാക്കിത്തീർത്തിരുന്നു. അതിഭയങ്കരമായ ഈ പോരു് ദീർഘനേരത്തേയ്ക്കു നിലനിന്നു. ഒടുവിൽ അല്ലാവുദ്ദീൻെറ അതി

വിപുലമായ സേനാബലത്തിനു മുമ്പിൽ രാജപുത്രന്മാൎക്ക് പരാജയമല്ലാതെ ഗത്യന്തരമില്ലെന്ന സ്ഥിതിവന്നു. രക്ഷയ്ക്കുമാൎഗ്ഗമില്ലെന്നു കണ്ട രാജപുത്രവീരന്മാർ, പൌരുഷത്തോടുകൂടി പടവെട്ടി മരിയ്ക്കുന്നതിനുതന്നേ തീരുമാനിച്ചു. കുലാചാരമനുസരിച്ച്, രാജപുത്രസ്ത്രീകളെക്കൊണ്ടു് ജഹരവ്രതം അനുഷ്ഠിപ്പിച്ചശേഷം ശത്രുക്കളോട്ട് അവസാനമെക്കനോക്കുന്നതിനാണ് അവർ നിശ്ചയിച്ചതു്. കോട്ടയുടെ അന്തർഭാഗത്തുള്ള ഒരു വലിയ ഗുഹയിൽ അഗ്നിജ്വലിപ്പിച്ചുകൊണ്ടു്, ചിതോരിന്റെ രക്ഷകന്മാർ, രാജ്ഞിമാരും തങ്ങളുടെ പത്നിമാർ പുത്രിമാർ തുടങ്ങിയുള്ള മററു സ്ത്രീജനങ്ങളും ചിതയേ ലക്ഷ്യമാക്കി.അണിനിരന്നു യാത്രചെയ്യുന്നകാഴ്ച, നോക്കിക്കണ്ടു. പത്മിനിയുടെ നേതൃത്വത്തിൽ ചിതോരിലുണ്ടായിരുന്ന സകല സ്ത്രീകളും ഗുഹയ്ക്കകത്തായപ്പോൾ, ഗുഹാമുഖം അടച്ചു. ഇങ്ങനെ, താൎത്തരന്മാരിൽ നിന്നു് ദേഹപീഡയും പാതിവ്രത്യഭംഗവും ഉണ്ടാകാതെ അനലൻ രാജപുത്രസ്ത്രീകളുടെ മാനം രക്ഷിച്ചു എന്നു ബോദ്ധ്യമായപ്പോൾ, നിരാശകൊണ്ടുള്ള ഭ്രാന്തബുദ്ധിയോടുകൂടി രാജപുത്രർ താൎത്തരന്മാരുടെ നേൎക്കുതിരിഞ്ഞു. കഴിവുള്ളിടത്തോളം ശത്രുക്കളേ നശിപ്പിച്ച് തങ്ങൾക്കും മരിയ്ക്കണമെന്ന ചിന്തയല്ലാതെ മററൊന്നും അവരിൽ അവശേഷിച്ചിരുന്നില്ല. അവരുടെ ആഗ്രഹം സാധിക്കുകയും ചെയ്തു. സമരത്തിലേർപ്പെടുവാൻ കഴിവുള്ള സകല രാജപുത്രരും യുദ്ധംചെയ്തു് വീരസ്വൎഗ്ഗം പ്രാപിച്ചു. ഖിൽജ

യുടെ സൈന്യം ചിത്തോർ ആക്രമിച്ചു് കൊള്ളയിട്ടതിൽ ഒട്ടാകെ മുപ്പതിനായിരം രാജപുത്രരാണു് മൃതിയടഞ്ഞതെന്നു പ്രസ്താവിക്കപ്പെട്ടിരിക്കുന്നു അനേകം ക്ഷേത്രങ്ങൾ അവർ ഇടിച്ചുനിരത്തി. കലാപരമായി വളരെ പ്രാധാന്യമുള്ള പലേ സ്മാരകങ്ങളും നശിപ്പിച്ചു. ചിത്തോരിന്റെ പേരുതന്നെ ഖിസിരബാദ് എന്നാക്കി മാററുകയും, താൻ കീഴടക്കിയ ഝാലോരിലെ മല്ലദേവൻ എന്നൊരു രാജപുത്രസാമന്തപ്രഭുവിനെ അല്ലാവുദ്ദീൻ അതിൻെറ ഭരണം ഏല്പിക്കുകയും ചെയ്തു വംശം നിലനിർത്തുന്നതിനു വേണ്ടി ദ്വിതീയപുത്രനായ അജയസിംഹനെ നിർബ്ബന്ധിച്ചു രക്ഷപ്പെടുവാനയച്ചുകൊണ്ടാണു ചിത്തോർ യുദ്ധത്തിൽ, റാണനും അദ്ദേഹത്തിൻെറ മററു പുത്രന്മാരും പടവെട്ടി മരിച്ചതു്. അജയസിംഹൻ ആരവല്ലി മദ്ധ്യത്തുള്ള കെൽവാരാ എന്ന നഗരത്തിൽ എത്തി രക്ഷപ്പെടുകയും ചെയ്തു.

# ഹാംബീരസിംഹൻ

വിശ്വസ്തന്മാരായ പരിജനങ്ങളോടുകൂടി അജയസിംഹൻ ഏറെനാൾ ആരവല്ലീപ്രദേശങ്ങൾ രാജധാനിയാക്കിവാണു. രത്നസിംഹൻെറ സീമന്തപുത്രനും, അജയൻെറ മററു സഹോദരന്മാരും പടക്കളത്തിൽവച്ച് ദേഹത്യാഗം ചെയ്കയാണല്ലോ ചെയ്തതു്. അജയസിംഹൻെറ പിൻവാഴ്ചക്കാരൻ, രാജ്യാവകാശിയായിരുന്ന കുമാരൻെറ പുത്രനായിരിക്കണമെന്നാണു് തൻെറ ആഗ്രഹമെന്നു് മഹാറാണൻ മുൻകൂട്ടിത്തന്നേ ദ്വിതീയപുത്രനോടു പറഞ്ഞിട്ടുണ്ടായിരുന്നു. അച്ഛന്റെ ഈ ആഗ്രഹം സാധിപ്പിക്കുന്നതിൽ അജയസിംഹനു് യാതൊരു മനക്ലേശത്തിനും ഇടവന്നില്ല. കാരണം, സ്വന്തം പുത്രന്മാരിൽ പ്രത്യക്ഷപ്പെട്ട സൽഗുണരാഹിത്യവും അപ്രാപ്തിയും തന്നെ.

ചിത്തോരിനെ ശത്രുക്കളിൽ നിന്നും വീണ്ടെടുക്കാനും സ്വവംശത്തിൻെറ നഷ്ടപ്പെട്ട മാനം സംരക്ഷിക്കാനും ഭാഗ്യമുണ്ടായതു് അജയസിംഹൻെറ സഹോദരപുത്രനായ ഹാംബീരനായിരുന്നു. രത്നസിംഹൻെറ സീമന്തപുത്രനു് ചന്ദനോവംശത്തിൽപ്പെട്ട ഒരു രാജപുത്രവനിതയിലുണ്ടായ മകനായിരുന്നു ഹാംബീരൻ. ഈ ബാലൻ, ആദ്യകാലമത്രയും മാതൃഗൃഹത്തിൽ താമസിക്കയായിരുന്നു.

ആരവല്ലീ പ്രദേശങ്ങളിൽ ആസ്ഥാനമുറപ്പിച്ചിരുന്ന അജയസിംഹനു്, ചുററുമുള്ള ഇടപ്രഭുക്കന്മാരിൽ നി

ന്ന് ക്രൂരക്രൂരമായ ഉപദ്രവങ്ങളുണ്ടായിക്കൊണ്ടിരുന്നു. ഇവരിൽ പ്രമാണിയായിരുന്ന മുഞ്ജാ ബലൈഷാ എന്നൊരുവൻ, കെൽവാരാ പ്രദേശങ്ങൾ ആക്രമിക്കുകയും ഒരു ദ്വന്ദയുദ്ധത്തിൽ റാണന്റെ ശിരസ്സിൽ കുന്തംകൊണ്ടു് മുറിവേല്പിക്കയുമുണ്ടായി. അജയസിംഹന്റെ പുത്രന്മാരെക്കൊണ്ടു് ഈ ഘട്ടത്തിൽ യാതൊരുപയോഗവുമുണ്ടായില്ല. തനിയ്ക്കു നേരിട്ട അപമാനത്തിനു പകരം വീട്ടാൻ സ്വന്തം പുത്രന്മാർ അപ്രാപ്തരെന്നു കാൺകയാൽ, അജയസിംഹൻ, ഹാംബീരസിംഹനെ ആളയച്ചുവരുത്തി. മുഞ്ജായോടു പകരം ചോദിക്കുന്ന ഭാരം താൻ കയ്യേററിരിക്കുന്നുവെന്നും, തന്നെക്കൊണ്ടു് ഇതു സാദ്ധ്യമായില്ലെങ്കിൽ താൻ തിരിച്ചു വരികയേ ഇല്ലെന്നുമായിരുന്നു ഹാംബീരന്റെ മറുപടി. അല്പദിവസങ്ങൾക്കുശേഷം മുഞ്ജായുടെ തലയുമായി. ഹാംബീരൻ കെൽവാരായിൽ മടങ്ങിയെത്തുകയും, ശത്രുവിന്റെ ശിരസ്സിനെ റാണന്റെ പാദങ്ങളിൽ സമർപ്പിച്ചുകൊണ്ടു് വണങ്ങുകയുംചെയ്തു. അത്ഭുത സന്തോഷങ്ങൾ കൊണ്ടു് മതിമറന്ന റാണൻ, കുമാരനെ ആലിംഗനം ചെയ്യുകയും ഹാംബീരന്റെ നെററിമേലാണു് വിധി സാമ്രാജ്യമുദ്രപതിച്ചിരിക്കുന്നതെന്നു് പ്രസ്താവിക്കുകയും ചെയ്തു. ശത്രുശിരസ്സിൽ നിന്നും എടുത്ത രക്തംകൊണ്ടു് അജയസിംഹൻ ഭാവിറാണന്റെ നെററിയിൽ തിലകവും തൊടുവിച്ചു. അജയസിംഹന്റെ പുത്രന്മാരുടെ ഭാവി ഇതുകൊണ്ടു് സുനിശ്ചിതമായി; അവർ അചിരേണ രാജ്യത്തിൽനിന്നും ബഹിഷ്കരിക്കപ്പെട്ടു.

H162

ഹാംബീരസിംഹൻ എ. ഡി. 1301-ൽ രാജ്യഭാരം കൈയ്യേററു. നാശഗർത്തത്തിൽ നിപതിച്ചുപോയ മാതൃഭൂമിയെ ഉദ്ധരിക്കുന്നതിന്നായി 64 വർഷകാലം രാജ്യം ഭരിക്കുന്നതിനു് അദ്ദേഹത്തിനു സംഗതി ചരികയും ചെയ്തു. അല്ലാവുദ്ദീൻ നിയമിച്ച ഗവർണ്ണരായ മല്ലദേവൻ, ചക്രവർത്തിയുടെ സൈന്യങ്ങളോടൊന്നിച്ചു് ചിതോരിൽത്തന്നേ താമസമായിരുന്നു. പക്ഷെ, ഹാംബീരസിംഹൻ ചിത്തോരിന്ന് ചുററുമുള്ള പ്രദേശങ്ങളെല്ലാം നിർജ്ജനമാക്കിത്തീർത്തു. തന്നെ രാജാവായി ഗണിക്കുന്നവരെല്ലാം ചിതോർ വിട്ടുകയും സകുടുംബം പർവ്വതപ്രദേശങ്ങളിൽ വന്നു താമസിക്കുകയും ചെയ്യണമെന്നു് റാണൻ ആജ്ഞാപിച്ചു. അപ്രകാരം ചെയ്യാത്തവരെ അദ്ദേഹം ശത്രുക്കളായും ഗണിച്ചുപോന്നു. ചിതോർ കോട്ടയിലേക്കുള്ള വഴികൾപോലും വിജനമാക്കിത്തീർത്തുവെന്നുമാത്രമല്ലാ, അവയിൽക്കൂടി ഗതാഗതംചെയ്യുന്നവർക്കു് രക്ഷയില്ലെന്നുമുള്ള സ്ഥിതിവരുത്തിവച്ചു. മീവാരത്തിന്റെ തലസ്ഥാനം അക്കാലത്തു് കെൽവാരാ ആയിത്തീർന്നു എന്നു ചുരുക്കത്തിൽ പറയാം. മീവാരരാജ്യത്തിന്റെ ഹൃദയമായ ചിതോർ ശത്രുക്കളുടെ അധീനത്തിലിരിക്കയും, ഇരുകൂട്ടരും ബദ്ധശത്രുത്തതേടുന വർത്തിക്കയും ചെയ്തുപോന്ന ഇക്കാലത്താണു്, ഹാംബീരസിംഹന്റെ അടുക്കൽ ചിതോരിലെ ഹിന്ദുഗവർണരിൽനിന്നും ഒരു വിവാഹാഭ്യർത്ഥന വന്നുചേർന്നു്. ഇതു് റാണനെ അപകടത്തിൽ കുടുക്കാനോ അപമാനിക്കാനോ ആയിരിക്കണമെന്നു് അദ്ദേഹത്തിന്റെ

ഉപദേഷ്ടാക്കൾ അഭിപ്രായപ്പെട്ടുവെങ്കിലും, ഹാംബീരൻ അതൊന്നും വകവയ്ക്കാതെ വിവാഹ നാളികേരം സ്വീകരിക്കതന്നേ ചെയ്തു * ഉപദേഷ്ടാക്കളുടെ എതിർപ്പിന്നു് അദ്ദേഹം പറഞ്ഞ മറുപടി ഇതാണു്. ആവട്ടെ, ആപത്തോ അപമാനമോ വരട്ടെ. പൂർവ്വികന്മാരുടെ പാദസ്പർശമേററിട്ടുള്ള ചിത്തോരിലെ കല്പടികളിൽ ഒന്നു ചവിട്ടാനെങ്കിലും എനിയ്ക്കു സാധിക്കുമല്ലോ; അതുമതി. അപജയങ്ങളും ആപത്തും വരിയ്ക്കാൻ എപ്പോഴും സന്നദ്ധനായിരിക്കതന്നേ വേണം ഒരു രാജപുത്രൻ. വാൾമുനയേററു് വ്രണിതശരീരനായി, തന്റെ നിവാസസ്ഥാനം ഉപേക്ഷിക്കാനും, അടുത്ത നിമിഷത്തിൽ ശിരസ്സിൽ കിരീടവുമായി വീണ്ടും അവിടം പ്രാപിപ്പാനും സന്നദ്ധനായിരിക്കണം അവൻ."

ഹാംബീരൻ ചിത്തോരിലെത്തിയപ്പോൾ അവിടെ വിവാഹത്തിന്റെ യാതൊരു സന്നാഹങ്ങളും കണ്ടില്ല. ഇതു് വഞ്ചനയുടെ ഒരു ലക്ഷ്യമാണെന്നുള്ള തന്റെ സൂചനയ്ക്കു് അതൃപ്തികരമായ മറുപടിയാണു് ലഭിച്ചതെങ്കിലും, അതു സ്വീകരിച്ചുകൊണ്ടു്, ഇദംപ്രഥമമായി ചിത്തോരിലേ കല്പടികൾ അദ്ദേഹം കയറി. പൂർവ്വികന്മാരുടെ പുരാതനമായ ഈ കൊട്ടാരത്തിൽവച്ചു്, റാവു മല്ലദേവനും, അദ്ദേഹത്തിന്റെ പുത്രൻ ഖനവീരനും മറവു

* രാജപുത്രന്മാരുടെയിടയിൽ, വിവാഹനിർണ്ണയത്തിന്റെ അടയാളമാണിതു്. വധൂഗൃഹത്തിൽനിന്നും വരഗൃഹത്തിലേക്കു് അയക്കുന്ന വിവാഹനാളികേരം വരൻ സ്വീകരിച്ചാൽ വിവാഹനിശ്ചയം കഴിഞ്ഞു എന്നു് ഗണിക്കപ്പെടും.

പ്രധാനികളും കൂപ്പുകൈകളോടുകൂടി റാണനെ സ്വീക
രിച്ചു. അധികം താമസിയാതെ വധുവിനെ അവ
യ്ക്കാനയിക്കുകയും, മററു വിവാഹച്ചടങ്ങുകളൊന്നും കൂടാതെ
വധുവിൻെറ കൈകളെ വരഹസ്തങ്ങളിൽ സമർപ്പിച്ചിട്ട്
മല്ലദേവനും കൂട്ടരും അപ്രത്യക്ഷരാവുകയും ചെയ്തു. വധു
വിനോടുകൂടി അന്തഃപുരത്തിൽ പ്രവേശിച്ചുകഴിഞ്ഞ
പ്പോൾ തനിക്കു പററിയ ചതി ഹാംബീരനു മനസ്സി
ലായി. താൻ ഒരു വിധവയാണെന്നും, ഭർത്താവിനോ
കണ്ട ഓർമ്മ തനിയ്ക്കില്ലെന്നും അവൾ റാണനോട് തുറന്നു
പറഞ്ഞു. അവളുടെ ഭക്തിയും ശുശ്രൂഷാസാമർത്ഥ്യവും
ഒടുവിൽ റാണൻെറ മനക്ലേശത്തെ ജയിച്ചു. ഈ വഞ്ച
നയ്ക്കു പ്രതീകാരം ചെയ്യാനുള്ള മാർഗ്ഗംകൂടി അവൾ
ഭർത്താവിനെ അറിയിച്ചപ്പോൾ, ഹാംബീരൻെറ വിഷാ
ദമെല്ലാം അസ്തമിക്കതന്നേ ചെയ്തു. റാണാ പത്നീസമേ
തനായി കെൽവാരായിലേക്കു മടങ്ങിയെങ്കിലും, അടുത്ത
വർഷത്തിൽ അദ്ദേഹം മല്ലദേവനോടു പകരം ചോദി
ക്കാതിരുന്നില്ല. പത്നിയുടെ കൌശലത്താൽ ഹാംബീ
രനു് അനുചരന്മാരോടുകൂടി ചിത്തോരിൽ പ്രവേശിക്കാൻ
സാധിച്ചു. കോട്ടയിലുണ്ടായിരുന്ന താത്തരസൈന്യ
ത്തേയും, റാവു മല്ലദേവനേയും റാണൻ പരാജിതരാക്കു
കയും ചെയ്തു. ഹാംബീരസിംഹൻെറ ഈ വിജയം മററു
രാജപുത്ര പ്രഭുക്കന്മാരെ ആഹ്ലാദചിത്തരാക്കി. അവർ
ചിത്തോരിനേയും റാണനേയും രക്ഷിക്കാൻ ത്യാഗ
ങ്ങളും സഹിക്കുന്നതിനു സന്നദ്ധരുമായി.

അല്ലാവുദ്ദീൻെറ പിൻഗാമിയായ മഹമ്മദ്തുഗ്ലക്ക്, നഷ്ടപ്പെട്ട ചിത്തോറിനെ വീണ്ടെടുക്കാൻ വമ്പിച്ച ഒരു സേനയുമായിവന്നു് ഘോരസമരം നടത്തിയെങ്കിലും, ഹാംബീരസിംഹൻ ശത്രുക്കളെ നിശ്ശേഷംതോല്പിച്ചുവെന്നു മാത്രമല്ലാ, മഹമ്മദീയചക്രവത്തിയേ ബന്ധനസ്ഥനാക്കുകയും ചെയ്തു. അജമീരം, രത്താംബരം, നഗ്രൂർ തുടങ്ങിയുള്ള ഏതാനും പ്രദേശങ്ങളും, 50 ലക്ഷം രൂപായും 100 ആനകളും നഷ്ടപരിഹാരമായി വാങ്ങിയശേഷമേ ചക്രവത്തിയെ റാണൻ തടവിൽനിന്നും മോചിപ്പിക്കയുണ്ടായുള്ളു.

ഹാംബീരസിംഹൻെറ പ്രതാപവും പ്രാബല്യവും പെട്ടെന്നുവർദ്ധിച്ചു. പുരാതനമായ രാജവംശങ്ങളെല്ലാം അപ്പൊഴേയ്ക്കും ശക്തിക്ഷയിച്ച് നിർജ്ജീവങ്ങളായിത്തീന്നിരുന്നു. ഹാംബീരൻെറ ഈ ഉയർച്ചയോടുകൂടി ഹൈന്ദവരാജശക്തിക്ക് വീണ്ടും ജീവൻവീണു എന്നു കണ്ടപ്പോറം, രാജപുത്താനയിലെ മററുരാജാക്കന്മാരെല്ലാം അദ്ദേഹത്തിൻെറ കൊടിക്കീഴിൽ ഒന്നിച്ചുകൂടിത്തുടങ്ങി. യോധപുരം, ജയപുരം മുതലായ രാജ്യങ്ങളിലെ രാജാക്കന്മാരും, ബുന്ദി, ഗ്വാളിയോർ, ചാന്ദരി, സിക്രി, കല്പി, ആബു തുടങ്ങിയ ദേശങ്ങളിലെ പ്രഭുക്കന്മാരും ഹാംബീരസിംഹനു കപ്പം കൊടുത്തു് അദ്ദേഹത്തെ തങ്ങളുടെ അധിരാജനായി അംഗീകരിച്ചു. അതിൽപിന്നീടു് ഏകദേശം രണ്ടു നൂററാണ്ടു കാലത്തേക്ക്, മീവാരരാജ്യത്തിൻെറ ശക്തിയും പ്രാബല്യവും അതേനിലയിൽത്തന്നെ

[stamp]

നീണ്ടുനില്ക്കുകയുംചെയ്തു. ഖിൽജി, ലോഡി തുടങ്ങിയുള്ള ശത്രുരാജവംശങ്ങളെല്ലാം ഇക്കാലമത്രയും ദൽഹിസിംഹാസനത്തിനുവേണ്ടി പരസ്പരം മത്സരിച്ചും കലഹിച്ചും വന്നിരുന്നതുകൊണ്ട്, മീവാരറാണന്മാൎക്ക് കടുത്ത ശത്രുപീഡകളൊന്നുമുണ്ടായില്ലെന്നു മാത്രമല്ല, സ്വന്തം ശക്തി വൎദ്ധിപ്പിക്കാനും രാജ്യവിസ്തൃതിയ്ക്കുമായി പലതും ചെയ്യാനും സാധിച്ചു. മീവാരരാജ്യനിവാസികൾക്ക് ഇത്ര നീണ്ട കാലത്തോളം വിശ്രമസുഖമനുഭവിയ്ക്കാൻ അതിൽ പിന്നീടു സാധിച്ചിട്ടുണ്ടോ എന്നു സംശയമാണ്. ഈ കാലഘട്ടത്തിൽ മീവാരത്തിൻെറ ഐശ്വൎയ്യം പതിന്മടങ്ങു വൎദ്ധിച്ചു.

സ്വന്തം കരബലംകൊണ്ടു നേടിയ സുശക്തവും സുവിസ്തൃതവുമായ രാജ്യത്തെ തൻെറ അനന്തരഗാമികൾക്കായി വിട്ടുകൊണ്ട്, ഹാംബീരസിംഹൻ, വളരെ പ്രായം ചെന്നതിനുശേഷം ഇഹലോകവാസം വെടിഞ്ഞു. മീവാരറാണന്മാരുടെ ഗണനയിൽ, അതിധീരനും അത്യന്തം വിവേകശാലിയുമായ ഒരു രാജാവായിട്ടത്രെ അദ്ദേഹം ഇപ്പോഴും അറിയപ്പെടുന്നതു്.

# കുംഭറാണൻ

രാജപുത്താനയുടെ ചരിത്രത്തിൽ, മഹാറാണ കുംഭന്റെ ഭരണകാലം അതിപ്രധാനവും അത്യന്തം ശ്രദ്ധേയവുമായ ഒന്നത്രെ. ഏ. ഡി. 1433-ൽ സിംഹാസനാരോഹണം ചെയ്ത കുംഭറാണൻ, മുപ്പത്തഞ്ചുവർഷകാലം രാജ്യം ഭരിയ്ക്കുകയും, മീവാരരാജ്യത്തിന്റെ പ്രശസ്തിയും പ്രാധാന്യവും ഗണ്യമാംവണ്ണം വർദ്ധിക്കുന്നതിന്നു് ഹേതുഭൂതനായിത്തീരുകയും ചെയ്തു.

ഹാംബീരസിംഹന്റെ സന്തതിപരമ്പരയിൽപെട്ട മുകളറാണന്റെ സീമന്തപുത്രനായിരുന്നു കുംഭൻ. തന്റെ പിതാമഹനായ റാണാ ക്ഷേത്രസിംഹന്റെ രണ്ടു പുത്രന്മാർ, മുകുളജിയെ, സ്വകാര്യവൈരം പ്രമാണിച്ചു വധിച്ചു. കുംഭറാണൻ സിംഹാസനാരൂഢനായപ്പോൾ, അച്ഛനെ വധിച്ചവരോടു് പകരം ചോദിയ്ക്കുകയുംചെയ്തു.

പതിനഞ്ചാംനൂററാണ്ടിന്റെ പ്രാരംഭഘട്ടം മുതൽ, മാളവം, ഗുർജ്ജരം തുടങ്ങിയുള്ള ചെറുരാജ്യങ്ങൾ ഡൽഹിയിലെ മഹമ്മദീയസാമ്രാജ്യത്തിൽ നിന്നും വേർതിരിഞ്ഞു് സ്വതന്ത്രസംസ്ഥാനങ്ങളെന്ന നിലയിൽ വർത്തിയ്ക്കുകയായിരുന്നു. ഈ രാജ്യങ്ങളുമായാണു് ആദ്യം മഹാറാണാ കുംഭൻ, ഏററുമുട്ടുകയുണ്ടായതു്. മുകളറാണന്റെ ഘാതകന്മാരിലൊരുവൻ, മാളവസുൽത്താനായിരുന്ന മഹമ്മദ്ഖിൽജിയെ അഭയം പ്രാപിച്ചിരുന്നു. അയാളെ വിട്ടുകിട്ടണമെന്നു് കുംഭറാണൻ ഒന്നിലധികം

തവണ ആവശ്യപ്പെട്ടിട്ടും, സുൽത്താൻ അതിനു വഴിപ്പെട്ടില്ല. തന്മൂലം, ഒരു ലക്ഷം കുതിരപ്പടയാളികളും 1900 ഗജവീരന്മാരുമായി മഹാറാണൻ സുൽത്താനെ എതിരിട്ടു. ഏ. ഡി. 1440-ൽ നടന്ന ഈ ഭയങ്കരയുദ്ധത്തിൽ റാണൻ വിജയിയായി. അദ്ദേഹം മാന്ദുദുർഗ്ഗം തകൎക്കുകയും, സുൽത്താനെ തടവുകാരനാക്കി ചിതോരിലേക്കു കൊണ്ടുപോവുകയും ചെയ്തു. ഈ വിജയത്തിൻെറ സ്മരണയെ നിലനിൎത്തുന്നതിനായിട്ടാണു്, ചിതോരിൽ, അതിമഹത്തായ "ജയസ്തംഭം" അദ്ദേഹം പണികഴിപ്പിച്ചതു്. ആറുമാസം തടവിൽ വച്ചിരുന്നതിനുശേഷം, സുൽത്താനെ വെറുതേ വിട്ടയച്ചു. മഹമ്മദ് ഖിൽജി, മഹാനായ ഈ എതിരാളിയോടു പകവീട്ടുവാൻ ആയുഷ്ക്കാലമത്രയും പരിശ്രമിച്ചുവെങ്കിലും, എല്ലാം വിഫലമായതേയുള്ളു.

ഏതാണ്ടിക്കാലത്തിനോടടുപ്പിച്ചു്, ശിശോദീയരാജാക്കന്മാരുടെ മീവാരാധിപത്യത്തെത്തന്നെ വെല്ലുവിളിക്കുന്നതിനു് പ്രബലന്മാരായ മറെറാരു രാജപുത്രവംശക്കാർ സന്നദ്ധരാവുകയുണ്ടായി. ശിശോദീയവംശത്തിന്റെ ശത്രുക്കളായിരുന്ന രാഥോരന്മാർ ഇക്കാലത്തു് ശക്തിയും ജനസ്വാധീനവുമുള്ളവരായിത്തീൎന്നിരുന്നു. മുകുളറാണന്റെ മാതുലനായ രണമല്ലനായിരുന്നു ഇവരുടെ നേതാവു്. ശിശോദീയർ ശത്രുക്കളെ നിശ്ശേഷം തോല്പിക്കുകയും' മാർവാറിൽ അഭയം പ്രാപിച്ച രണമല്ലൻെറ പുത്രനെ പിന്തുടൎന്നു് പിടികൂടുകയും ചെയ്തു. 1442 ആയപ്പോ

ഴെയ്യും, കുംഭറാണൻ, രാഥോരന്മാരുടെ ശക്തിയും പ്രാബല്യവും ശിഥിലീകരിക്കയും മാർവാർ പിടിച്ചടക്കുകയുമുണ്ടായി. പിന്നീട്ട് അദ്ദേഹത്തിൻെറ ശ്രദ്ധ മാളവത്തിലേക്കും ഗൂർജ്ജരത്തിലേക്കും തിരിയ്ക്കുകയുംചെയ്തു.

ഇതിന്നു തലേവഷത്തിൽ, കുംഭറാണൻ ചിത്തോരിലില്ലാതിരുന്ന തക്കംനോക്കി, മാളവസുൽത്താനായ മഹമ്മദ് ഖിൽജി മീവാരരാജ്യം പിടിച്ചടക്കാൻ ശ്രമിക്കുകയുണ്ടായി. സുൽത്താനും സൈന്യവും, കെൽവാരയിലുള്ള വനമാതൃക്ഷേത്രം നശിപ്പിക്കാൻ തുടങ്ങിയപ്പോഴെയ്ക്കും, വിവരമറിവാനിടയായ റാണൻ പെട്ടെന്നു് സൈന്യവുമായി അവിടെ ആവിർഭവിക്കയും മന്ദാൽഗരിന്നടുത്തുവച്ചു് ശത്രുക്കളുടെ മേൽ ചാടിവീഴുകയും ചെയ്തു. ഇരുകൂട്ടരും അതിഘോരമായി പൊരുതിയെങ്കിലും, ജയാപജയത്തിൻെറ കാര്യം സന്ദിഗ്ദ്ധാവസ്ഥയിലായിരുന്നു. എന്നാൽ, മഹാറാണൻ രാത്രിയുദ്ധത്തിൽ ശത്രുക്കളെ നിശ്ശേഷം തോല്പിക്കുകയും, സുൽത്താൻ മാണ്ഡുദുർഗ്ഗത്തിലേക്കു് പലായനം ചെയ്യുകയും ചെയ്തു. നാലുവഷം കഴിഞ്ഞു 1446 ഒക്ടോബറിൽ, ഇതൊരിയ്ക്കൽകൂടി ആവത്തിക്കപ്പെടുകയുണ്ടായി. അന്നും സുൽത്താൻെറ സുശക്തമായ സൈന്യം, ഭീമമായ പരാജയത്തോടെ പിൻവാങ്ങുകയാണുണ്ടായതു്.

1445-ൽ കുംകറാണൻ നഗ്രർ സംസ്ഥാനം കീഴടക്കുകയും, അവിടത്തെ ഭരണാധികാരിയായിരുന്ന ഷംസ് ഖാനെത്തോല്പിച്ചോടിച്ചു് രാജധാനിയിലുണ്ടായിരുന്നഅ

ഹറാധനം കരസ്ഥമാക്കുകയും ചെയ്തു. റാണയുടെ പഴയ ശത്രുവായ മഹമ്മദ്ഖിൽജി, ഗൂർജ്ജര രാജ്യത്തിലെ സുൽത്താനുമായി ഉടമ്പടിചെയ്തു, രണ്ടുപേരുമായി 1447-ൽ വീണ്ടും കുംഭറാണനോടെതിരിട്ടു. ഇത്തവണയും അവർക്ക് കുംഭറാണനെ തോല്പിക്കാൻ സാധിച്ചില്ല. അതോടുകൂടി, മീവാര രാജ്യം കീഴടക്കുന്നതിനുള്ള സുൽത്താന്റെ ശ്രമങ്ങളും തല്ക്കാലത്തേയ്ക്ക്, അവസാനിപ്പിച്ചു. പിന്നീട് പത്തുവർഷകാലത്തേക്ക് മാളവസുൽത്താൻ മീവാരത്തിലേയ്ക്ക് തിരിഞ്ഞുനോക്കുകപോലുമുണ്ടായില്ല. ഈ കാലഘട്ടത്തിലാണ് കുംഭറാണൻ ബുഢി, ശിരോഹി മുതലായ ചെറുരാജ്യങ്ങൾ കീഴടക്കിയതും മീവാര രാജ്യത്തിന്റെ വിസ്തൃതി ഗണ്യമാം വണ്ണം വർദ്ധിപ്പിച്ചതും.

1468-ൽ കുംഭറാണനെ, അദ്ദേഹത്തിന്റെ സീമന്തപുത്രനായ ഉദയകരൻ കുത്തിക്കൊന്നു. മീവാരത്തിലെ രാജപുത്രപ്രമാണികളെ ഈ സംഭവം എത്രമാത്രം പരിഭ്രാന്തരാക്കിയെന്നു പറയേണ്ടതില്ലല്ലോ. അവർ, ഉദയകരന്റെ അനുജനായ രാജമല്ലനെ സിംഹാസനാരൂഢനാക്കുകയും ചെയ്തു.

രാജപുത്രചരിത്രത്തിൽ മാത്രമല്ലാ, ഹിന്ദുസ്ഥാന ചരിത്രം ഒന്നാകെ നോക്കിയാലും, മഹാറാണാകുംഭൻ അതിധീരനും അത്യുൽകൃഷ്ടനുമായ ഒരു രാജാവായിരുന്നു എന്നു കാണാവുന്നതാണ്. ഉൽകൃഷ്ടചിന്തകളും മഹത്വവും നിറഞ്ഞതായിരുന്നു അദ്ദേഹത്തിന്റെ ഹൃദയം. ആവശ്യമെന്നു തോന്നുന്ന സന്ദർഭങ്ങളിൽ മാത്രമേ അദ്ദേ

ഹം സമരത്തിനു് മുന്നിട്ടിറങ്ങുകയും പതിവുള്ളു. തൈമൂറിനെയോ അല്ലാവുദ്ദീനെയോ പോലെ, കുംഭറാണൻ, രാജ്യത്തിൻെറ ഒററംമുതൽ മറേറ അററംവരെ തീയും വാളും നടത്തിയിട്ടില്ലെങ്കിൽത്തന്നെയും, അദ്ദേഹത്തിൻെറ സമരപരമായ നേട്ടങ്ങൾ അതിപ്രധാനങ്ങളായിരുന്നു. ചിത്താരിൽനിന്നും കണ്ടെടുക്കപ്പെട്ടിട്ടുള്ള നിരവധി ശിലാലേഖനങ്ങളിലും മററും നിന്നു്, കുംഭറാണൻ എപ്പോഴും ശത്രുക്കളെ ജയിക്കുകയും അവരെ സാമന്തന്മാരാക്കുകയുമേ ഉണ്ടായിട്ടുള്ളുവെന്നും, മുൻഗാമികൾക്കോ പിൻഗാമികൾക്കോ സാധിക്കാത്ത വിധത്തിൽ രാജ്യവിസ്തൃതി വർദ്ധിപ്പിക്കുവാൻ അദ്ദേഹത്തിനു കഴിവുണ്ടായിട്ടുണ്ടെന്നും കാണാവുന്നതാണു്. രാജഗുരു, ദാനഗുരു, ചാപഗുരു, ശൈലഗുരു, പരമഗുരു എന്നിത്യാദി പല പേരുകളാലും അദ്ദേഹം അറിയപ്പെടുകയും ചെയ്യുന്നു.

നിർമ്മാണവൈദഗ്ദ്ധ്യവും കലാരസികത്വവും തികഞ്ഞ ഒരാളായിരുന്നു കുംഭറാണൻ. നിസ്തുല്യനായ ഒരു സേനാനായകൻെറ പ്രഗത്ഭതയോടും കൌശലത്തോടും കൂടി അദ്ദേഹം കെട്ടിച്ചിട്ടുള്ള കോട്ടകളെല്ലാം, ഇന്നും, സമരതന്ത്രവിദഗ്ദ്ധന്മാരുടെ പ്രശംസയെ ആൎജ്ജിക്കുന്നവയാണു്. മീവാരത്തിലെ പ്രസിദ്ധപ്പെട്ട സ്മാരകസ്തംഭങ്ങളുടേയും ഉന്നതഹൎമ്മ്യങ്ങളുടേയും നിർമ്മാണചാതുരി, അദ്ദേഹത്തിൻെറ കലാരസികത്വത്തേയും വെളിപ്പെടുത്തുന്നു. മീവാരരാജ്യത്തിൻെറ ചുററുമായി സ്ഥിതിചെയ്യുന്ന എൺപത്തിനാലു മഹാ പ്രാകാരങ്ങളിൽ മുപ്പ

ത്തിരണ്ടെണ്ണവും കുംഭറാണനൻ നിമ്മിച്ചിട്ടുള്ളതാണ്. 1452-ൽ, ആബുപവ്വതശിഖരങ്ങളിലൊന്നിൽ അദ്ദേഹം വിഖ്യാതമായ അചലാഗരദുർഗ്ഗം നിമ്മിച്ചു. പക്ഷെ, അദ്ദേഹത്തിൻെറ സമരതന്ത്രവൈദഗ്ദ്ധ്യത്തിനും നിമ്മാണകൌശല്യത്തിനും പ്രത്യക്ഷലക്ഷ്യമായിട്ടുള്ളത്, 'കുംഭാൽഗറ' അല്ലെങ്കിൽ 'കുംഭാൽമർ' എന്ന മഹാപ്രാകാരമാണ്. ചരിത്രപ്രഖ്യാതമായ ഈ ഗിരിദുർഗ്ഗം, ഉദയപുരത്തുനിന്നും അറുപതു മൈലോളം നീളത്തിൽ വ്യാപിച്ചുകിടക്കുന്നു. കോട്ടയുടെ അടിയിലുള്ള താഴ്വരയിലാണ് വിശ്രുതവിഖ്യാതമായ 'മമദേവ'ക്ഷേത്രം. ഉന്നതവും ഭീമാകാരവുമായ ക്ഷേത്രമതിൽക്കെട്ടിനുള്ളിലുള്ള വമ്പിച്ച മണ്ഡപം, അതിഗംഭീരമായ കൃഷ്ണശിലകൾ പാകിയിട്ടുള്ള ഒന്നാണ്. ശിശോദീയവംശസ്ഥാപകനായ ഗുഹിലൻെറ കാലം മുതൽ കുംഭമഹാറാണൻെറ കാലം വരെയുള്ള മീവാരരാജ്യചരിത്രം ഈ ശിലകളിൽ ലേഖനം ചെയ്യപ്പെട്ടിരിക്കുന്നു. പ്രസ്തുത ശിലകളിൽ മൂന്നെണ്ണം ഇന്നു് ഉദയപുരത്തെ വിക്ടോറിയാഹാളിൽ കണ്മാനുണ്ടു്. മമദേവക്ഷേത്രത്തിനടുത്തായി, അതിവിസ്തൃതമായ ഒരു ജലാശയവും നിമ്മിക്കപ്പെട്ടിരുന്നു. കുംഭമഹാറാണൻെറ 'ജയസ്തംഭം' അല്ലെങ്കിൽ 'കീത്തിസ്തംഭം', മഹമ്മദ്ഖിൽജിയെ ജയിച്ചതിൻെറ സ്മാരകമായി 1448-നും 1458-നും മദ്ധ്യെ സ്ഥാപിച്ചിട്ടുള്ളതാണ്. ഇത്ര കലാരസികതയും ശില്പഭംഗിയും തികഞ്ഞ ഒരു സ്തംഭം ലോകത്തിൽ മറെറാരിടത്തുമില്ലെന്നു പറയപ്പെടുന്നു. ഇന്ത്യ

യിൽ ഇതിനോടു താരതമ്യപ്പെടുത്താവുന്ന മറെറാരു സ്മാരകസ്തംഭം "കുട്ടബ്ബ് മിനാർ" മാത്രമാണ്. കുട്ടബ്ബ്മിനാറിന്ന് ഉയരം കൂടുമെങ്കിലും ശില്പവൈദഗ്ദ്ധ്യത്തിൽ അതു ജയസ്തംഭത്തെക്കാൾ വളരെ താഴെയാണെന്ന് കേണൽ ടോഡ് എഴുതിയിരിക്കുന്നു. 125 അടിപൊക്കമുള്ള ഈ സ്തംഭത്തിന്ന് ഒമ്പതു നിലകളും, ഓരോന്നിന്നും അതിമനോഹരമായ ഓരോ ഗോപുരദ്വാരവുമുണ്ട്. ചിത്തോരിൽ അദ്ദേഹം നിമ്മിച്ചിട്ടുള്ള മഹാക്ഷേത്രങ്ങളിൽ രണ്ടെണ്ണം അതിപ്രശസ്തങ്ങളാണ്. കുംഭസ്വാമി ക്ഷേത്രവും, ആദിവരാഹക്ഷേത്രവും. എന്നാൽ കുംഭമഹാറാണൻെറ മതസ്ഥാപനങ്ങളിൽ സവ്വോത്തമമെന്നു കണക്കാക്കപ്പെട്ടിരിക്കുന്നതു്, രണാപുരക്ഷേത്രമത്രെ. ഒന്നാമത്തെ ജൈനതീത്ഥങ്കരനായ ഋഷഭദേവന്ന് സമപ്പിക്കപ്പെട്ടതാണ് ഈ ക്ഷേത്രം. രാജപുത്രശില്പവൈദഗ്ദ്ധ്യത്തിൻെറ തികഞ്ഞ മാതൃകയെന്നു ഗണിക്കപ്പെട്ടിരിക്കുന്ന പ്രസ്തുതക്ഷേത്രം പത്തുലക്ഷത്തിലധികം പവൻ ചെലവു ചെയ്തുണ്ടാക്കിയിട്ടുള്ളതാണ്. മഹാറാണൻ മാത്രം, ഇതിന്നുവേണ്ടി എൺപതിനായിരം പവൻ ദാനം ചെയ്തു. ഉദയപുരത്തുനിന്നും പതിനാലുമൈൽ വടക്കുമാറി, മലയിടുക്കുകളിൽ സ്ഥിതിചെയ്യുന്ന വിശ്രുതമായ ഏകലിംഗസ്വാമിക്ഷേത്രം അദ്ദേഹം പുതുക്കുകയും, അതിൻെറ പുരോഭാഗത്തു്, അതിമഹത്തായ "കുംഭമണ്ഡപം" പണികഴിപ്പിക്കുകയും ചെയ്തു.

കുംഭാറാണൻ ഒരു തികഞ്ഞ പണ്ഡിതനും, കവിയും, ഗായകനുമായിരുന്നു: സംഗീതത്തിൽ അദ്ദേഹം ഒരു

പ്രാമാണികനായിട്ടാണ് ഗണിക്കപ്പെട്ടുവന്നിരുന്നതു്. അനവധി ശാസ്ത്രീയഗ്രന്ഥങ്ങളും അദ്ദേഹത്തിന്റെ വകയായിട്ടുണ്ടു്. സംഗീതരാജ, സംഗീതമീമാംസ, ഗീതഗോവിന്ദത്തിന്റെ പ്രശസ്തവ്യാഖ്യാനമായ രസികപ്രിയ തുടങ്ങിയുള്ള ഉൽകൃഷ്ടഗ്രന്ഥങ്ങൾ, സംഗീതശാസ്ത്രത്തിലെ പ്രമാണഗ്രന്ഥങ്ങളത്രെ. സംഗീതരത്നാകരത്തിനു് അദ്ദേഹത്തിന്റെ വകയായി ഒന്നാന്തരമൊരു വ്യാഖ്യാനം വേറേയുമുണ്ടു്. നാലുനാടകങ്ങളും, ചണ്ഡിശതകത്തിനു് ഒരു വ്യാഖ്യാനവും മഹാറാണാ കുംഭന്റെ പ്രസിദ്ധപ്പെട്ട സാഹിത്യകൃതികളാണു്. വേദങ്ങൾ, ഉപനിഷത്തുകൾ, തക്കം, വ്യാകരണം, നിയമശാസ്ത്രം, ഗണിതശാസ്ത്രം മുതലായവയിൽ അദ്ദേഹത്തിനു് അപാരമായ പാണ്ഡിത്യമുണ്ടായിരുന്നുവെന്നു്, ഒരുൽകൃഷ്ടഗ്രന്ഥമെന്നു ഗണിക്കപ്പെട്ടുപോരുന്ന ഏകലിംഗമാഹാത്മ്യം സാക്ഷ്യംവഹിക്കുന്നു.

കുംഭറാണന്റെ പത്നി മീരാബായിയും, വിശ്രുതവിശ്രുതയായ ഒരു സ്ത്രീരത്നമായിരുന്നു. പരമഭാഗവതയായിരുന്ന ആ സ്ത്രീരത്നത്തിന്റെ പാണ്ഡിത്യവും സൌന്ദര്യവും ലോകപ്രസിദ്ധമാണല്ലൊ. മീരാംദേവിയാൽ വിരചിതമായിട്ടുള്ള ഗാനങ്ങൾ ഇന്നും ഭാരതത്തിലാകമാനം ഗാനം ചെയ്യപ്പെട്ടുപോരുന്നതവയാണു്.

2722
H162

# സംഗ്രാമസിംഹൻ

രാജപുത്ര ചരിത്രത്തിൽ സാംഗറാണൻ എന്ന പേരിലറിയപ്പെട്ടപോരുന്ന സംഗ്രാമസിംഹൻ, അതിപ്രശസ്തരായ മീവാര രാജാക്കന്മാരിൽ പ്രധാനിയായ മറെറാരു രാജപുത്രസിംഹമാണു്. മഹാനായ കുംഭറാണയൻെറ പൌത്രന്മാരിലൊരാളായിരുന്ന സംഗ്രാമസിംഹൻ. 1482-ൽ ജനിച്ച ഇദ്ദേഹം, സ്വപിതാവായ മഹാറാണാ രയമല്ലൻെറയും ജ്യേഷ്ഠസഹോദരനായ പൃഥ്വിരാജൻേറയും കാലശേഷം തൻെറ 27-ാമത്തെ വയസ്സിൽ മീവാര സിംഹാസനത്തെ അലങ്കരിച്ചു. സാംഗറാണൻെറഭരണത്തിൽ മീവാര രാജ്യം സമൃദ്ധിയുടേയും സൈവ്വശ്വര്യങ്ങളുടേയും അത്യുന്നതപദത്തിൽ എത്തി എന്നുതന്നെ പറയാം. ഇന്ത്യ ജയിച്ചു കീഴടക്കുവാൻ താൻ ആലോചിച്ചുകൊണ്ടിരുന്ന ഘട്ടത്തിൽ, അവിടത്തെ രാജാക്കന്മാരിൽ ഏററവും പ്രബലനായിരുന്നതു് സാംഗമഹാറാണനായിരുന്നുവെന്നും, അദ്ദേഹത്തിൻെറ ഈ പ്രശസ്തിയ്ക്കും പ്രാമാണ്യത്തിനും നിദാനം സ്വന്തം കരബലവും വീര്യശൌര്യങ്ങളും മാത്രമായിരുന്നുവെന്നും ബേബർ ചക്രവത്തി തൻെറ 'സ്മരണ'കളിൽ രേഖപ്പെടുത്തിയിരിക്കുന്നു. വീരാധിവീരന്മാരായ ഏഴു മഹാരാജാക്കന്മാരും, 'റാവു' സ്ഥാനികരായ ഒമ്പതു് ഇടത്തരം രാജാക്കന്മാരും, 104-ഇടപ്രഭുക്കന്മാരും, 500-ഗജവീരന്മാരും, 80,000 അശ്വസൈ

നികരും രണഭൂമിയിലേക്കു് എപ്പോഴും അദ്ദേഹത്തെ അനുഗമിക്കുവാൻ സന്നദ്ധരായുണ്ടായിരുന്നുവെന്നാണു് പ്രസ്താവിക്കപ്പെട്ടിരിക്കുന്നതു്. യോധപുരത്തിലേയും ജയപുരത്തിലേയും രാജാക്കന്മാർ സാംഗറാണന്നു് കപ്പം കൊടുത്തുകൊണ്ടിരുന്നു. ഒട്ടനവധി ഇടപ്രഭുക്കന്മാർ അദ്ദേഹത്തിന്നു് സാമന്തന്മാരായുമുണ്ടായിരുന്നു.

പ്രശസ്തിയാർജ്ജിച്ച മററു പല രാജാക്കന്മാരുടേയുമെന്നപോലെ, സാംഗറാണന്റേയും ചെറുപ്പകാലം അത്യന്തം ക്ലേശകരമായ ഒന്നായിരുന്നു. ഏതാനും കാലത്തേയ്ക്കു് അദ്ദേഹത്തിന്നു് പിതൃസ്വത്തിൽനിന്നൊരംശം പോലും ചെലവിന്നു കിട്ടാതെ കഷ്ടപ്പെട്ടേണ്ടതായും വന്നിട്ടുണ്ടു്. ശക്തിയും പ്രാബല്യവും കൈവന്നപ്പോൾ, ദുഷ്കാലഘട്ടത്തിൽ തന്നെ സഹായിച്ചിട്ടുള്ളവരെ ആരെയും അദ്ദേഹം വിസ്മരിച്ചില്ല. ശ്രീനഗരത്തിലെ റാവു കമ്മചന്ദന്നു് അദ്ദേഹം അജ്മീർ നഗരം ദാനംചെയ്തു. കമ്മചന്ദന്റെ പുത്രൻ ജഗമല്ലന്നു്, ആ രാജകുമാരൻ ചെയ്തിട്ടുള്ള സേവനങ്ങളെ അനുസ്മരിച്ചു്, റാവുസ്ഥാനവും നൽകി.

സിംഹാസനാരൂഢനായശേഷം സാംഗറാണന്റെ ശ്രദ്ധ ആദ്യമായി പതിഞ്ഞതു്, രാജ്യവിസ്തൃതി വർദ്ധിപ്പിക്കുന്ന വിഷയത്തിലാണു്. മുൻകാലങ്ങളിൽ മീവാരരാജ്യത്തിന്റെ ഭാഗങ്ങളായിരുന്നതും, പിന്നീടു് മററുള്ളവരുടെ കൈവശത്തിലെത്തിച്ചേർന്നതുമായ ഭൂവിഭാഗങ്ങൾ തിരിച്ചെടുക്കുവാൻ അദ്ദേഹം ശ്രമമാരംഭിച്ചു. മീവാരത്തേ

മയപ്പെട്ടത്തിക്കൊണ്ടിരുന്ന ദില്ലി, മാളവം, ഗുർജ്ജരം എന്നീ മുസ്ലീം സംസ്ഥാനങ്ങളോടും, അതിവേഗത്തിൽ പ്രാബല്യം നേടിക്കൊണ്ടിരുന്ന രാതോർ രാജാക്കന്മാരോടും പടവെട്ടുവാൻ സാംഗറാണൻ നിർബദ്ധനായി. സംഘടനാവൈഭവവും സമരവൈദഗ്ദ്ധ്യവും തികഞ്ഞിരുന്ന മഹാറാണനാകട്ടെ, ഓരോ യുദ്ധത്തിലും വിജയം നേടുകയും ചെയ്തു.

ഏ. ഡി. 1517-ൽ, ദില്ലി സുൽത്താനായിരുന്ന ഇബ്രാഹിം ലോഡിയും സാംഗറാണനുമായി ഒരു വമ്പിച്ച യുദ്ധത്തിനിടയായി. മഹാറാണൻ, സുൽത്താൻെറ രാജ്യാതിത്തിയിൽ പ്രവേശിച്ചതാണ് സമരത്തിനു കാരണം. ഹരാവതീപ്രാന്തങ്ങളിൽ വെച്ചുണ്ടായ ഈ യുദ്ധത്തിൽ സുൽത്താനും സൈന്യവും തോറേറാടുകയും, ലോഡിരാജകുമാരന്മാരിൽ ഒരാളെ റാണൻ ബന്ധനസ്ഥനാക്കുകയും ചെയ്തു. ഈ യുദ്ധത്തിൽ സാംഗറാണൻെറ ഇടതുകരം എന്നെന്നേയ്ക്കുമായി നഷ്ടപ്പെട്ടു. ശത്രുക്കളുടെ ഒരു ശരം അദ്ദേഹത്തെ ആജീവനാന്തം മുടന്തനാക്കിത്തീർക്കുകയുമുണ്ടായി.

ഈവിധത്തിലുള്ള അംഗവൈകല്യങ്ങളെല്ലാം സംഭവിച്ചിട്ടും, യുദ്ധങ്ങളിൽനിന്ന് പിന്തിരിയാൻ അദ്ദേഹം സന്നദ്ധനായില്ല. അടുത്ത വർഷത്തിൽ അദ്ദേഹം ചാന്ദേരി പിടിച്ചടക്കുകയും, അവിടം, മേദിനിറായ് എന്നൊരു സാമന്തപ്രഭുവിന് ദാനംചെയ്യുകയും ചെയ്തു. 1519-ൽ, ഈ നാടുവാഴിയെ സഹായിക്കുന്നതിനായി അദ്ദേഹം

സുൽത്താൻ മഹമ്മദ് ഖിൽജിയോട്ട് യുദ്ധത്തിലേപ്പെട്ടു. യുദ്ധത്തിൽ പരാജിതനാക്കിയശേഷം, സുൽത്താനെ, മഹാറാണൻ മൂന്നുമാസക്കാലം ചിതോരിൽ തടവുകാരനായി വയ്ക്കുകയുമുണ്ടായി. ഈ സുൽത്താനോട്ടുണ്ടായ പെരുമാററം സാംഗറാണൻെറ മഹാമനസ്കതയ്ക്ക് ഒരു തികഞ്ഞ ഉദാഹരണമാണ്. സുൽത്താനെ മോചിപ്പിച്ചപ്പോൾ അദ്ദേഹത്തിൻെറ രാജ്യങ്ങൾ തിരിച്ചുകൊടുത്തു എന്നുതന്നെയല്ലാ, മാന്ദുദർഗ്ഗംവരെ രാജപുത്രസൈന്യങ്ങളുടെ അകമ്പടിയോടുകൂടി മഹാറാണൻ സുൽത്താനെ അനുയാത്രചെയ്യുകയും ചെയ്തു. അതിർ കടന്ന മഹാമനസ്കത, രാജപുത്രരാജാക്കന്മാരുടെ കൂടപ്പിറവിയാണ്. ഇത്തരം മഹാമനസ്കതയുടെ ദൃഷ്ടാന്തങ്ങൾ രാജപുത്രചരിത്രത്തിൽ അതിധാരാളവുമാണ്. പന്ത്രണ്ടാംശതകത്തിൻെറ അവസാനഘട്ടത്തിൽ സഹാബുദിൻ മഹമ്മദ് ഗോറിയുടെ മോചനം, കുംഭറാണൻ, മഹമ്മദ്ഖിൽജി ഒന്നാമനെ മോചിപ്പിച്ചതു്, ആജന്മവൈരിയായിരുന്ന ഔരംഗസീബ് ചക്രവത്തിയോട്ട് റാണാരാജസിംഹൻ കാണിച്ച അലോകസാധാരണമായ കാരുണ്യം—ഇവയെല്ലാം, പരാജിതനായ ശത്രുവിനോട്ട് രാജപുത്രൻ പ്രകടിപ്പിക്കാറുള്ള ഉദാരമനോഭാവത്തിനും മഹാമനസ്കതയ്ക്കും തികഞ്ഞ ദൃഷ്ടാന്തങ്ങളത്രെ. അകാലത്തിലും അസ്ഥാനത്തുമുള്ള ഈ കാരുണ്യപ്രകടനം ഇത്രയധികം തവണ ആവത്തിക്കപ്പെട്ടിരുന്നില്ലെങ്കിൽ, മുഗൾരാജാക്കന്മാരുടെ സിംഹാസനം ഒന്നോടെ തകിടംമറിഞ്ഞുപോവുമായിരു

ന്നവെന്നുള്ളതു് നിരാക്ഷേപമായ സംഗതിയാണ് എ
ന്നത്രെ രാജപുത്രചരിത്രകാരനായ കേണൽ ടോഡ് പ്രസ്താ
വിച്ചിരിക്കുന്നതു്.

മഹാറാണസാംഗന്റെ അടുത്ത പ്രവൃത്തി, ഇഡാ
റിൽ ഗവൎണ്ണരും ഗൎവ്വിഷ്ഠനുമായിരുന്ന മബാരീസ്-ഉൽ
മൽക്കിനെ കീഴടക്കലായിരുന്നു. ആയാളിൽനിന്നും ഇ
ഡാർ വീണ്ടെടുത്തു് ഏറ്റു്, ആ പ്രദേശം യഥാൎത്ഥാവകാ
ശിയായ രയമല്ലനെ ഏല്പിച്ചു.) അനന്തരം അദ്ദേഹം അ
ഹമ്മദ്നഗരം വളയുകയും, അവിടെയുണ്ടായിരുന്ന മുസ
ൽമാന്മാരെയെല്ലാം തടവുകാരായി പിടിയ്ക്കുകയുംചെയ്തു.
ചിത്തോരിലേക്കു മടങ്ങുന്നതിന്നുമുമ്പായി, റാണൻ, ഗുൎജ്ജ
രവും വിശാലനഗരവും കൊള്ളയിടുകയുമുണ്ടായി. ഇതിനു
പകരംവീട്ടാൻ ഗുജ്ജരത്തിലെ രാജാവു് ഒരു വലിയ സൈ
ന്യവുമായിവന്നു് 1520-ൽ മീവാരരാജ്യം ആക്രമിച്ചു.
പക്ഷെ മഹാറാണന്റെ സൈന്യങ്ങൾ നിഷ്പ്രയാസം
ശത്രുക്കളെ തോല്പിച്ചോടിക്കുകയുംചെയ്തു.

മീവാരരാജ്യം, ഐശ്വൎയ്യത്തിലും വിസ്തൃതിയിലും
അത്യുന്നതനിലയെ പ്രാപിച്ച ഒരുഘട്ടമായിരുന്നു അതു്.
മാളവത്തിന്റെ ഭൂരിഭാഗങ്ങളും കീഴടക്കി മീവാരത്തോടു
ചേൎത്തു കഴിഞ്ഞിരുന്നു. ദില്ലിസുൽത്താനെ, സ്വന്തം
രാജ്യാതിൎത്തിയ്ക്കുള്ളിലേക്കു് തിരിച്ചോടിച്ചു. ആഗ്രാ
യ്ക്കു സമീപമുള്ള പീലാഖാൽ ആയിരുന്നു അന്നു്
സാംഗറാണന്റെ സാമ്രാജ്യത്തിന്റെ വടക്കേ അതിൎത്തി.
ഗുൎജ്ജരം മുതലായ പ്രദേശങ്ങൾ മഹാറാണന്റെ അധീ

നത്തിലായിരുന്നതുകൊണ്ടു്, രാജ്യതിർത്തികളിൽ ശത്രുക്കളെക്കൊണ്ടുള്ള ഉപദ്രവമൊന്നും അദ്ദേഹത്തിന്നുണ്ടായിരുന്നില്ല. ഭാരതസാമ്രാജ്യത്തിന്റെ കിരീടം, ഒരിയ്ക്കൽക്കൂടി ഒരു ഹൈന്ദവചക്രവൎത്തിയുടെ ശിരസ്സിനെ അലങ്കരിച്ചേക്കുമെന്നും, അധീശത്വത്തിന്റെ അടയാളമായ സാമ്രാജ്യപതാക, ഇന്ദ്രപ്രസ്ഥത്തിൽ നിന്നും ചിത്തോരിലേക്കുമാററപ്പെട്ടേക്കുമെന്നും ജനങ്ങൾ വിശ്വസിച്ചുകൊണ്ടിരുന്ന ഒരു കാലമായിരുന്നു അതു്.

ഇന്ത്യയിൽ ഒരു ഹിന്ദുസാമ്രാജ്യം സ്ഥാപിക്കണമെന്നുള്ള സാംഗറാണന്റെ ആഗ്രഹം സഫലമാവുകയുണ്ടായില്ല. ഇന്ത്യയിൽ ഒരു മുഗൾസാമ്രാജ്യം സ്ഥാപിക്കണമെന്നുള്ള ബേബറുടെ മററൊരു മഹാമോഹവുമായി ഇതിന്നു് സംഘട്ടനത്തിനിടയാവുകയും, ഇരുകൂട്ടരും തമ്മിലുള്ള മത്സരത്തിന്നിടയിൽ സാംഗറാണന്റെ അഭിലാഷം ശിഥിലീകൃതമാവുകയും ചെയ്തു. 1526-ൽ ബേബർ പാനിപത്തിൽവച്ചു് ഇബ്രാഹിം ലോഡിയേ പരാജിതനാക്കിയപ്പോൾ, ഇന്ത്യയിൽ തന്നിയ്ക്കുള്ള പ്രബലനായ ശത്രു, സാംഗറാണൻ മാത്രമാണെന്നു് ബേബൎക്കു് ബോദ്ധ്യപ്പെടുകയുണ്ടായി. രണ്ടു രാജാക്കന്മാരും ഭയങ്കരമായ ഒരു സമരത്തിന്നുള്ള ഒരുക്കങ്ങൾ കാലേക്കൂട്ടിത്തന്നെ ചെയ്തു. സാംഗറാണന്റെ കീഴിൽ 120 രാജാക്കന്മാരും, 80,000 കുതിരപ്പടയാളികളും, യുദ്ധപരിശീലനം സിദ്ധിച്ചിട്ടുള്ള 500 ഗജവീരന്മാരുമുണ്ടായിരുന്നു. ഇബ്രാഹിം ലോഡിയുടെ സഹോദരനായ മഹമ്മ

ദിൻെറ നേതൃത്വത്തിലുള്ള ഒരു വമ്പിച്ച അഫ്ഗാൻ സൈന്യവും മഹാറാണൻെറ ഭാഗത്തു ചേൎന്നു.

ബേബറുടേയും മഹാറാണൻേറയും സൈന്യങ്ങൾ ഖാനവാ എന്ന സമരഭൂമിയിൽവച്ച് പരസ്പരം ഏററുമുട്ടി. സമരോത്സുകരും മഹാധീരന്മാരും ദേശഭക്തന്മാരുമായ രാജപുത്രർ, രാജ്യത്തിനും മഹാറാണനും വേണ്ടി പ്രാണനേ ബലികഴിക്കാൻ എതവസരത്തിലും സന്നദ്ധരായിരുന്നു. അതിഭയങ്കരമായ ഒരു സമരം അന്നവിടെ നടന്നു. തുൎക്കികൾ പരാജയശങ്കയാൽ ചകിതമാനസരായിത്തീൎന്ന ഘട്ടത്തിൽ, അവിടെ നടന്ന മഹാ ഭയങ്കരമായ ഒരു വഞ്ചന രാജപുത്രരെ ഇതികൎത്തവ്യതാമൂഢരാക്കിത്തീൎത്തു. സേനയുടെ മുന്നണിയെ നയിച്ചിരുന്ന ഒരു സാമന്തപ്രഭു, മുപ്പത്തയ്യായിരം കുതിരപ്പടയാളികളോടു കൂടി ബേബറുടെ പക്ഷം ചേൎന്നു. ക്രൂരതരമായ ഈ വിശ്വാസവഞ്ചനയോടൊപ്പം, മറെറാരു വിപത്തും രാജപുത്രരെ അഭിമുഖീകരിച്ചു. മഹാറാണൻെറ നെററിയിൽ ഒരസ്ത്രം തറയ്ക്കുകയും, അദ്ദേഹം മോഹാലസ്യപ്പെട്ടു വീഴുകയുമുണ്ടായി. അനുയായികളിൽ ചിലർ ഉടൻ തന്നെ അദ്ദേഹത്തെ ഒരു പല്ലക്കിൽ എടുത്തുകൊണ്ടു് സുരക്ഷിതമായ മറെറാരു സ്ഥലത്തേയ്ക്കു പുറപ്പെട്ടു. പക്ഷെ, മഹാറാണൻ പടക്കളത്തിൽ വീണു എന്ന വൎത്തമാനം കാട്ടുതീപോലെ സൈന്യങ്ങളുടെയിടയിൽ പരന്നു. അനേകം സേനാവിഭാഗങ്ങൾ, രണഭൂമിയിൽ നിന്നും ഓടി. ഒട്ടനേകം രാജപുത്രപ്രമാണികൾ തങ്ങ

ളുടെ പാരമ്പര്യമനുസരിച്ച്, ശത്രുക്കളുമായി ഭയങ്കര യുദ്ധത്തിലേർപ്പെട്ടു് ജീവഹാനിവരുത്തി. ബേബർക്ക് രാജപുത്രസേനയെ ജയിക്കാൻ പിന്നീടു് വളരെ ക്ലേശമൊന്നും വേണ്ടിവന്നില്ലെന്നു് പറയേണ്ടതില്ലല്ലോ. ബേബറുടെ ഈ വിജയം, ഇന്ത്യയിൽ തുടർച്ചയായി നില നിന്നുവന്ന രാജപുത്രാധിപത്യത്തോടു് ഒരു വെല്ലുവിളിയായിരുന്നുവെന്നു മാത്രമല്ല, അതു്, മുഗളന്മാരുടെ പ്രാമാണ്യത്തിനു് സുഗമമായ ഒരു മാർഗ്ഗം വെട്ടിത്തെളിയ്ക്കുകയും ചെയ്തു.

രാജപുത്രർ മഹാറാണനേയും വഹിച്ചുകൊണ്ടു് വളരെ ദൂരം പോയിക്കഴിഞ്ഞതിനുശേഷമേ, അദ്ദേഹത്തിനു ബോധം വീണുള്ളു. രാജ്യത്തിനും തന്റെ പ്രജകൾക്കും നേരിട്ട ഈ ആപത്തിനെപ്പററി അറിഞ്ഞപ്പോൾ, സാംഗറാണൻ, താൻ വിജയലക്ഷ്മിയെ വരിച്ചതിനുമേലല്ലാതെ ചിതോരിൽ കാലുകുത്തുകയില്ലെന്നു് ഒരു ശപഥം ചെയ്തു. അന്നുതൊട്ടു്, പ്രബലനായ ശത്രുവിനോടു പകരം വീട്ടാനുള്ള ആലോചനയിൽ അദ്ദേഹം ദിവസങ്ങൾ പോക്കുകയും ചെയ്തു. വിജയശ്രീലാളിതനായ ബേബർ ഇതിനിടയ്ക്കു് ഓരോ പ്രദേശങ്ങളേയും ജയിച്ചു കീഴടക്കിക്കൊണ്ടു് മുന്നോട്ടു വരികയായിരുന്നു. ചാന്ദേരിയിലെ മേദിനീറായിയോടു് ഏററുമുട്ടാനെത്തിയപ്പോൾ, അവിടെവച്ചു് ബേബറെ വീണ്ടും എതിർക്കണമെന്നു് സാംഗറാണൻ തീരുമാനിച്ചു. പക്ഷെ, അദ്ദേഹത്തിന്റെ മന്ത്രിമാർക്കു് അതു സമ്മതമല്ലായിരുന്നു.

യുദ്ധത്തിൽ തൃപ്തിവരാത്ത തങ്ങളുടെ നായകന്ന് അവർ വിഷംകൊടുക്കുകയും, അങ്ങിനെ മഹാറാണ സാംഗൻ, 1528-ജനുവരി 30-ാംതീയതി ഇഹലോകവാസം വെടിയുകയും ചെയ്തു. മററുള്ളവരുടെ വഞ്ചനയും ക്രൂരതയും മൂലം, മഹാനായ ആ രാജപുത്രരത്നത്തിന്ന് ഈ വിധം ദുർമൃതിയുണ്ടായി. "ഹിന്ദുപതി" എന്ന പേരിലാണ് അദ്ദേഹം അറിയപ്പെട്ടുവന്നതു്. സാംഗറാണൻ മരണംവരെ വീരധർമ്മത്തെത്തന്നെ അവലംബിച്ച് വിശ്വവിശ്രുതിനേടി. പതിനെട്ടുതവണ അദ്ദേഹം മുസൽമാന്മാരെ ജയിക്കുകയുണ്ടായി. യുദ്ധത്തിൽ റാണൻെറ ഒരു കണ്ണും ഒരു കയ്യും ഒരു കാലും നശിച്ചു. മാറിടത്തിലും ദേഹത്തിൻെറ മററു ഭാഗങ്ങളിലുമായി അസ്ത്രം തറച്ചു എൺപതിൽപ്പരം മുറിവുകളുടെ കലകൾ അദ്ദേഹത്തിനുണ്ടായിരുന്നുവത്രെ.

മഹാറാണൻെറ നിര്യാണത്തിനുശേഷം മീവാരരാജ്യം അരാജകത്വത്തിന്ന് വിധേയമായി. അദ്ദേഹത്തിൻെറ പിൻഗാമികളായിരുന്ന രത്നസിംഹൻ, വിക്രമജിത്ത്, വനവീരൻ എന്നിവരിലാക്കുംതന്നെ മീവാരസിംഹാസനത്തിൽ പിന്നീട് ഉറച്ചിരിക്കാനും സാധിച്ചിട്ടില്ല.

# ചിത്തോരിന്റെ പരിത്രാണകന്മാർ

ചിത്തോർ! ഈ നാമധേയം ഏതൊരുവനിലാണു് രോമാഞ്ചമുണ്ടാക്കാത്തതു്! രാജപുത്രന്മാർ തങ്ങളുടെ പ്രാണനെക്കാൾ പ്രിയതരമായി ഗണിച്ചിരുന്ന ഈ പുരാതന നഗരി, സംഖ്യയില്ലാത്തവണ്ണമുള്ള വീരാപദാനങ്ങളുടെ ആവാസഭൂമിയാണു്. ലോകത്തിൽ മറെറാരുസ്ഥലത്തും, ഒരു നഗരരക്ഷയ്ക്കുവേണ്ടി, ചിത്തോരിനെ രക്ഷിക്കാനുണ്ടായതുപോലുള്ള അതിമഹത്തായ ആത്മത്യാഗവും ഭയങ്കര സമരങ്ങളും രോമാഞ്ചമുണ്ടാക്കുന്ന ജീവനാശവും ഉണ്ടായിട്ടില്ലെന്നു് തീർത്തുപറയാവുന്നതാണു്. സ്വരാജ്യത്തിനുവേണ്ടി പ്രാണനെ ബലികൊടുക്കാത്ത ഒരാളോടുകൂടിയ ഒററ ഗൃഹമോ, സ്വദേശരക്ഷയ്ക്കുവേണ്ടി പോർക്കളമായിഭവിക്കാത്ത ഒററ ഇടുക്കുവഴിയോ, ദേശഭക്തന്മാരുടെ ജീവരക്തം ഒഴുകി പവിത്രീകൃതമാവാത്ത ഒററയൊരിഞ്ചുസ്ഥലമോ ആ പർവ്വതപ്രദേശത്തു് കാണ്മാൻ കഴിയുന്നതല്ല. രാജപുത്രന്മാക്കു് ചിത്തോരിനെക്കാൾ വലിയ പുണ്യഭൂമിയുണ്ടായിരുന്നില്ല. ശത്രുക്കളുടെ പാദസ്പർശം ഈ സ്ഥലത്തുണ്ടായിക്കൂടെന്നുള്ള നിർബ്ബന്ധത്താൽ, രാജപുത്രർ, ആയിരക്കണക്കിനു് തങ്ങളുടെ ജീവൻ ഇവിടെ ബലികൊടുക്കുകയും ചെയ്തു.

ചിത്തോർ ആക്രമണം ഒന്നിലധികം പ്രാവശ്യം നടന്നിട്ടുണ്ടു്. പത്മിനീരാജകുമാരിയെ ലഭിക്കാൻവേണ്ടി

അല്ലാവുദ്ദീൻ ഖിൽജി ആദ്യമായി ചിതോരിനെ ആക്രമിച്ചു കീഴടക്കിയതും, വീരാധിവീരനായ ഹാംബീരസിംഹൻ പിന്നീട് അതു വീണ്ടെടുത്തതും മൂന്നൊരദ്ധ്യായത്തിൽ വിവരിച്ചിട്ടുണ്ടല്ലോ. അനന്തരം സാംഗറാണൻെറ പുത്രനായ വിക്രമജിത്തിൻ്റെ കാലത്തു്, മാളവസുൽത്താൻ ചിതോരിനെ ആക്രമിച്ചു് അൻവധി നാശങ്ങൾ വരുത്തി. അന്നത്തെ യുദ്ധത്തിൽ ചിതോരിലെ നഗരവീഥികളെല്ലാം രക്തപ്രളയത്തിൽ മുങ്ങി. 42,000 രാജപുത്രയോദ്ധാക്കന്മാർ പോർക്കളത്തിലും, 14,000 രാജപുത്രവനിതകൾ ചിതാഗ്നിയിലും ദേഹത്യാഗം ചെയ്തു. പിന്നീട്, റാണി കർണ്ണാവതിയുടെ സഹായാഭ്യർത്ഥനയെ ആദരിച്ചു് ബാബരുടെ പുത്രനായ ഹുമയൂൺ ചക്രവർത്തി ചിതോരിനെ വീണ്ടെടുത്തു് വിക്രമജിത്തിനെ ഏല്പിയ്ക്കുകയും ചെയ്തു.

ഹുമയൂൺ രക്ഷപ്പെടുത്തിയ ചിതോരിനെ, അദ്ദേഹത്തിൻെറ പുത്രൻ അക്ബർ ചക്രവർത്തി നശിപ്പിച്ചു. ബാബരുടെ ആക്രമണകാലത്തു് ഹിന്ദുസ്ഥാനത്തിൻെറ നേതൃത്വം കൈക്കൊണ്ടു് പരിലസിച്ചിരുന്ന മീവാരരാജ്യത്തിന്, അക്ബരുടെ സാമ്രാജ്യമോഹത്തെ ചെറുത്തുനില്ക്കാൻ ത്രാണിയില്ലാതെ വന്നു. രാജപുത്രന്മാർ ആദ്യം അക്ബരുടെ ആധിപത്യം വകവച്ചുകൊടുത്തിരുന്നില്ല. അക്ബരുടെ വിരോധിയായിരുന്ന മാളവരാജാവ് ബാസ്‌ബഹദൂറിന് മീവാരറാണനായ ഉദയസിംഹൻ അഭയം നൽകുകയും, ആ രാജാവിനെ അക്ബർക്ക്

വിട്ടുകൊടുക്കാതിരിക്കുകയും ചെയ്തു. ഈ സംഭവം ഒരു കാരണമാക്കിക്കൊണ്ടു് അക്ബർ മീവാരരാജ്യം ആക്രമിക്കാനൊരുങ്ങി. രാജപുത്രന്മാരെ കീഴടക്കണമെന്നുള്ള അക്ബരുടെ ആഗ്രഹം ലഘുസാദ്ധ്യമായിത്തീരുന്നതിനു് സാംഗറാണയുടെ നിര്യാണാനന്തരമുണ്ടായ അരാജകാവസ്ഥ ഏററവും സഹായകമായിഭവിക്കുകയും ചെയ്തു. എത്രയും പ്രബലനായിരുന്ന അക്ബർ മുഗൾസാമ്രാജ്യത്തിന്റെ അധിപതിയായിരുന്നപ്പോൾ, മീവാരം ഭരിച്ചിരുന്നതു് സാംഗറാണയുടെ പുത്രനും കൊള്ളരുതാത്തവനുമായ ഉദയസിംഹനായിരുന്നു. നിർഗ്ഗുണനും വിലാസപ്രിയനുമായ ഉദയസിംഹന്റെ കയ്യിൽ മീവാരരാജ്യാധികാരം ലഭിച്ചതാണു് ചിതോരിന്റെ ദുർദ്ദശാപരിണാമത്തിനെല്ലാം കാരണമായിത്തീൎന്നതെന്നു് ന്യായമായി പറയാവുന്നതാണു്. ഒരു രാജാവിനുവേണ്ട യാതൊരു ഗുണങ്ങളും ഉദയസിംഹനുണ്ടായിരുന്നില്ല. രാജപുത്രവംശത്തിന്റെ ഒരു കളങ്കമായിത്തീൎന്ന ഉദയസിംഹൻ, ആ മഹാവംശത്തിനു ഒരു ധൂമകേതുവായും ഭവിച്ചു.

1567 സെപ്തംബറിൽ, അക്ബർ തന്റെ മഹത്തായ സേനയെ ചിതോരിനു നേരെ നയിച്ചു. ഈ വൎത്തമാനമറിഞ്ഞ ഉടൻ ഉദയസിംഹൻ ചിതോരിൽനിന്നും ഒളിച്ചോടി രാജപിപ്പലിയ്ക്കടുത്തുള്ള ഒരു വനത്തിൽ താവളമുറപ്പിക്കുകയാണുണ്ടായതു്. ആ പ്രദേശത്തു് ഒരു ചെറിയ കൊട്ടാരം നിൎമ്മിക്കുകയും, പിന്നീടു് അവിടം, മീവാരത്തിന്റെ തലസ്ഥാനമായ ഉദയപുരമായി

ത്തീരുകയും ചെയ്തു. എല്ലാ രാജപുത്രന്മാരും, ഉദയൻെറ ഈ അപമാനകരമായ നടപടിയെ അനുകരിച്ചില്ല. മീവാരത്തിൽ അന്നും വീരന്മാക്ക് കുറവുണ്ടായിരുന്നില്ല. ഉദയസിംഹനെ രാജപുത്രർ വെറുത്തിരുന്നുവെങ്കിലും, ചിതോരിനെപ്പററി അവക്ക് അതിമഹത്തായ ഭക്തിയും സ്നേഹവുമുണ്ടായിരുന്നു. അകബർ അടുത്തെത്തിയ വിവരം കേട്ടപ്പോൾ രാജപുത്ര സാമന്തന്മാരും പ്രഭുക്കന്മാരും കൂട്ടംകൂട്ടമായി. ചിതോരിൻെറ രക്ഷയ്ക്കുവേണ്ടി ഒത്തുകൂടി. നഗരത്തിൻെറ നാലു പ്രധാന ഗോപുരങ്ങളിൽ ആദ്യത്തേതായ സൂര്യതോരണം രക്ഷിക്കാൻ സാലുമ്പ്രാപ്രഭുവായ സഹിദാസൻ സന്നദ്ധനായി. വേദനോർ രാജാവായ ജയമല്ലൻ സേനാധിപത്യം വഹിച്ചുകൊണ്ട് യുദ്ധവും തുടങ്ങി. മഹാധീരനായ സഹിദാസൻ ശത്രുക്കളെ ചെറുത്തുകൊണ്ട് പടവെട്ടി സൂര്യതോരണത്തിൽ തൻെറ പ്രാണനെ ബലികഴിച്ചു. അനന്തരം ആസ്ഥാനം കൈലബാരാധിപനായ പത്തൻ കയ്യേററു. പതിനാറു വയസ്സുമാത്രം പ്രായമായിരുന്ന പത്തൻേറയും, വേദനോർ രാജാവായ ജയമല്ലൻേറയും നാമങ്ങൾ ഇന്നും മീവാര രാജ്യത്തിൽ പരിപാവനങ്ങളായി ഗണിക്കപ്പെട്ടുവരുന്നു.

സ്വരാജ്യസ്നേഹികളായ രാജപുത്രരുടെ നിസ്തുല്യമായ വീര്യശൌര്യങ്ങൾ, അകബരുടെ ആക്രമണത്തെ നാലുമാസക്കാലത്തോളം ചെറുത്തുനിത്തി. ചക്രവത്തിയുടെ സൈന്യത്തിന് ഒരിഞ്ചുപോലും മുന്നോട്ടുനീങ്ങാൻ

സാദ്ധ്യമല്ലെന്ന പത്തനം വന്നു. അക്ബർതന്നെ, ഒന്നിലധികം തവണ ആപത്തിൽ കടുങ്ങുകയുണ്ടായി. സൂര്യതോരണം രക്ഷിക്കാൻ പത്തൻ നിയുക്തനായപ്പോൾ, അദ്ദേഹത്തിൻെറ അമ്മയും സോദരിയും പത്നിയും പടച്ചട്ടയണിഞ്ഞു് കതിരപ്പുറത്തുകയറി സമരരംഗത്തിലേയ്ക്കുചെന്നു. കൗമാരം വിട്ടിട്ടില്ലാത്ത പത്തനെ, അദ്ദേഹത്തിൻെറ മാതാവു് കവചം ധരിപ്പിച്ചു്, ചിത്തോരിനുവേണ്ടി ജീവത്യാഗം ചെയ്‌വാൻ ആജ്ഞനൽകി സൂര്യതോരണത്തിലേക്കയച്ചു. പത്തൻെറ പത്നിയായ ബാലികയേയും ആയുധം ധരിപ്പിച്ചു് ആ വീരമാതാവു് പോർക്കളത്തിലേക്കു കൂട്ടിക്കൊണ്ടുപോയി. അമ്മയുടെ അടുത്തുനിന്നു സമരം ചെയ്തുകൊണ്ടു് ആ ബാലിക മരിച്ചു വീഴുന്നതു് രാജപുത്രഭടന്മാർ നോക്കിക്കണ്ടു. ഇതിനെത്തുടന്നു് അനേകം രാജപുത്രസ്ത്രീകൾ അസ്ത്രശസ്ത്രങ്ങൾ ധരിച്ചു് യുദ്ധത്തിനു സന്നദ്ധരായി. ഒരു മലയിടുക്കിൽ വച്ചുണ്ടായ യുദ്ധത്തിൽ, രാജപുത്രസ്ത്രീകൾ അയച്ചിരുന്ന അമ്പുകളും കവിണകളുമേററു് മുഗൾസൈന്യം പരിഭ്രാന്തരായിത്തീർന്നുവെന്നും പ്രസ്താവിച്ചുകണ്ടിട്ടുണ്ടു്.

ഈ ഭയങ്കര യുദ്ധത്തിൽ ജയമല്ലൻെറ കീഴിൽ അതിധീരതയോടുകൂടി സമരംചെയ്തുകൊണ്ടിരുന്ന ഒരു യുവാവിൻെറ പേരുകൂടി ഇതോടൊന്നിച്ചു് സ്മരിയ്ക്കേണ്ടതുണ്ടു്. ഉദയസിംഹൻെറ സീമന്തപുത്രനായ പ്രതാപസിംഹൻ പ്രകടിപ്പിച്ച വീര്യശൌര്യങ്ങൾ രാജപുത്രപ്രഭുക്കന്മാരെ അത്ഭുതസ്തബ്ധരാക്കിത്തീർത്തു.

അക്ബറുടെ ഒരു വെടിയുണ്ടയേററ്, ജയമല്ലൻ പോർക്കളത്തിൽ വീണു. അധികം താമസിയാതെ സൂര്യതോരണത്തിൽ വച്ച് പത്തനും വീരസ്വർഗ്ഗം പ്രാപിച്ചു. സേനാനായകന്മാരുടെ നിര്യാണം രാജപുത്രസൈന്യങ്ങളുടെയിടയിൽ കുഴപ്പവും നിരാശയുമുണ്ടാക്കിത്തീർത്തു. 1568 ഫെബ്രുവരി 24-ാംതീയതി രാവിലെ, നഗരത്തിനുള്ളിൽ ജഫർവ്രതത്തിനുള്ള ഒരുക്കങ്ങളാരംഭിച്ചു. ശത്രുക്കളുടെ കയ്യിൽപ്പെട്ട് മാനഭംഗം വരുമെന്ന ഭീതിയാൽ, രാജപുത്രസ്ത്രീകൾ ഒന്നാകെ അഗ്നിയിൽ ചാടി ജീവത്യാഗം ചെയ്തു. അനന്തരം, മരണസമയത്തു ധരിയ്ക്കാറുള്ള മഞ്ഞവസ്ത്രം ധരിച്ച്, പ്രസന്നമുഖന്മാരായി എണ്ണായിരം രാജപുത്രവീരന്മാർ കോട്ടയ്ക്കു വെളിയിൽ ചെന്നു തങ്ങളുടെ ജീവനെ സമരാഗ്നിയിൽ ആഹൂതി ചെയ്തു. ഒററയൊരുവൻ പോലും അക്കൂട്ടത്തിൽനിന്നു തിരിച്ചു വരികയുണ്ടായില്ല. ഇതിനു മുമ്പായി, പ്രഭുക്കന്മാരുടെ നിരന്തരമായ അപേക്ഷയെ ആദരിച്ച്, പ്രതാപസിംഹൻ ഏതാനും അനുചരന്മാരോടുകൂടി പോർക്കളം വിടുകയും ഉദയപുരത്തിൽ ചെന്നു രക്ഷപ്പെടുകയും ചെയ്തിരുന്നു. ഗജാരൂഢനായ അക്ബർ വിജയോന്മാദത്തോടുകൂടി കോട്ടയ്ക്കകത്തു കടന്നപ്പോൾ, രാജപുത്രവനിതകളുടെ മാനം രക്ഷിച്ച ചിതാഗ്നിയിലെ ധൂമമാണ് അദ്ദേഹത്തെ എതിരേററത്. കോട്ടയ്ക്കുള്ളിൽ ജീവനോടേ ശേഷിച്ചിട്ടുള്ളവരെയെല്ലാം വധിക്കുന്നതിന് അക്ബർ ആജ്ഞ നൽകി. നഗരം കൊള്ളയിട്ടു നശിപ്പിച്ചു. അതുകൊണ്ടും ചക്ര

വർത്തിയുടെ കോപം ശമിയ്ക്കാതെ, രാജഭവനങ്ങളും പ്രാസാദങ്ങളും ദേവാലയങ്ങളുമെല്ലാം ഭടന്മാരെക്കൊണ്ടു് ഇടിച്ചു നിരത്തിച്ചു. ഭീമാകാരങ്ങളായ കോട്ടവാതിലുകളും, എട്ടുപത്തടി ചുററളവുള്ള നകരാകളും മററു രാജചിഹ്നങ്ങളുമെല്ലാം ആഗ്രായിലേക്കയയ്ക്കപ്പെട്ടു. പക്ഷേ ജയമല്ലൻേറയും, പത്താൻേറയും വീര്യശൌര്യങ്ങൾ ചക്രവർത്തിയെ മോഹാന്ധനാക്കിത്തീർക്കുകയുണ്ടായി. അദ്ദേഹം അവരുടെ രണ്ടു പ്രതിമകളുണ്ടാക്കിച്ചു്, ദില്ലി രാജധാനിയുടെ ഗോപുരദ്വാരത്തിൽ സ്ഥാപിച്ചു.

ചിത്തോരിൻേറ അധഃപതനം, രാജപുത്രഹൃദയങ്ങളിൽ ഒരിയ്ക്കലും ഉണങ്ങാത്ത ഒരു വ്രണമുണ്ടാക്കി. അവിടം, ശാപഗ്രസ്തമായ ഒരു പ്രദേശമായി കണക്കാക്കപ്പെടുകയും ചെയ്തു. ഒട്ടാകെ എത്ര രാജപുത്രന്മാർ മരിച്ചു എന്നു അക്ബർ കണക്കാക്കിയതു്, മരിച്ചു വീണവരുടെ യജ്ഞോപവീതം ഊരിയെടുത്തു് തൂക്കി നോക്കിയിട്ടായിരുന്നുവത്രെ. പൂണൂനൂൽ എല്ലാംകൂടി എഴുപത്തിനാലര മന്നു് തൂങ്ങുകയും ചെയ്തു!

2722
H 162

# റാണാ പ്രതാപസിംഹൻ

ഉദയസിംഹൻ, തന്റെ പുതിയ രാജധാനിയായ ഉദയപുരത്തിൽനിന്നും ഏതാണ്ടു് പത്തൊമ്പതു മൈൽ വടക്കുപടിഞ്ഞാറു മാറി സ്ഥിതിചെയ്യുന്ന ഗോഗുണ്ഡാ എന്ന സ്ഥലത്തുവെച്ചു 1572—ൽ നിര്യാതനായി. ഉദയന്റെ പിൻഗാമിയായി, മഹാപരാക്രമിയും നിസ്തുലതേജസ്വിയും അതിധീരനുമായ ഒരു നേതാവിനെ മീവാരരാജ്യത്തിനു ലഭിക്കുകയും ചെയ്തു. രാജപുത്രചരിത്രം മുഴുവൻ നോക്കിയാലും റാണാ പ്രതാപസിംഹനേക്കാൾ മഹാനായ ഒരു രാജപുത്രപ്രമാണിയെ നമുക്കു കണ്ടെത്താൻ സാധിക്കുന്നതല്ല. വീരന്മാരെക്കൊണ്ടു നിറഞ്ഞതാണു് രാജപുത്രവംശം. ആ വീരന്മാരിൽവെച്ചു് വീരനായിരുന്നു പ്രതാപസിംഹൻ.

ഉദയസിംഹനെ കിരീടധാരണം ചെയ്യിച്ച രാജഭക്തരായ സാമന്തരാജാക്കന്മാരിൽ ഝാലോരിലെ നാടുവാഴിയായ ശോണിഗുരു ഒരു പ്രധാനിയായിരുന്നു. ഉൽകൃഷ്ടകുലജാതനും വീരാഗ്രേസരനുമായിരുന്ന അദ്ദേഹം, തന്റെ പുത്രിയെ ഉദയസിംഹനു് വിവാഹം ചെയ്തുകൊടുത്തു. ഉദയസിംഹനു് ഈ പത്നിയിൽ ജനിച്ച ആദ്യസന്താനമാണു് പ്രതാപസിംഹൻ. ശക്തസിംഹൻ രണ്ടാമത്തെ പുത്രനും, ഉദയസിംഹറാണനു് എല്ലാ പത്നിമാരിലുംകൂടി ആകെ ഇരുപത്തിനാലു പുത്രന്മാരുണ്ടായിരുന്നു. ഏകോദരസഹോദരന്മാരായ പ്രതാപനും, ശക്തനും ബാല്യം

മുതൽക്കേ ചങ്ങാതിമാരായിരുന്നുവെങ്കിലും, അക്കാലം തൊട്ടുതന്നെ, അവർ തങ്ങളിൽ ഒരു വക വൈരവും മുളച്ചു തഴച്ചു തുടങ്ങി. എപ്പോഴും ഒരുമിച്ചു നടന്നിരുന്ന ഈ സഹോദരന്മാർ നിസ്സാരകാരണങ്ങൾക്കായി കൂടക്കൂടെ വഴക്കടിയ്ക്കുകയും വൈരം ഭാവിക്കുകയും ചെയ്തുവന്നതു്, ബന്ധുജനങ്ങളെ പരിഭ്രമിപ്പിച്ചുകൊണ്ടിരുന്നു. എന്നു പറയേണ്ടതില്ലല്ലൊ. രണ്ടുപേരും അതിധീരന്മാരും പരാക്രമശാലികളുമായിരുന്നുവെങ്കിലും, പ്രതാപനുണ്ടായിരുന്നത്ര മനോഗുണം ശക്തനിൽ കാണ്മാൻ കഴിഞ്ഞില്ല. ഔദാര്യം, മഹാമനസ്കത, സത്യനിഷ്ഠ, നിസ്തുലമായ സ്വദേശസ്നേഹം എന്നിവ പ്രതാപന്റെ വിശിഷ്ട ഗുണങ്ങളായി വിളങ്ങിയപ്പോൾ, ശക്തൻ, കഠിനഹൃദയനും സാഹസിയും ആരെയും വകവെയ്ക്കാത്ത പ്രകൃതക്കാരനുമായി ലോകദൃഷ്ടിക്കു് പ്രത്യക്ഷപ്പെട്ടു. മീവാരരാജ്യത്തിനു് ശക്തൻ ഒരു കളങ്കമായിത്തീരുമെന്നു അവന്റെ ജാതകത്തിൽ ഉണ്ടായിരുന്നതുകൊണ്ടു് ഉദയസിംഹനു ആ പുത്രനോടു് ആദ്യം മുതൽക്കേ വിരക്തി തോന്നിത്തുടങ്ങി. ശക്തൻ അഞ്ചു വയസ്സുമാത്രം പ്രായമുള്ള ഒരു ബാലനായിരുന്നപ്പോൾ ഉണ്ടായ ഒരു സംഭവം, ആ കുട്ടിയോടു് അച്ഛനു തോന്നിയിരുന്ന വെറുപ്പു് വർദ്ധിക്കുന്നതിനും കാരണമായി. ഒരു ദിവസം ഒരുത്തൻ ഒരു പുതിയ വാൾ രാജധാനിയിൽ കൊണ്ടുവന്നു കാഴ്ചവച്ചു. മനോഹരമായ ആ വാളിന്റെ മൂർച്ച പരിശോധിക്കുവാൻ ഒരു വലിയ വടത്തിൽ വെട്ടി നോക്കണമെന്നു അ

വിടെ കൂടിയിരുന്നവർ അഭിപ്രായപ്പെട്ടു. ശക്തസിംഹൻ ഉടൻ അതെടുത്തു്, "മാംസം മുറിച്ചല്ലേ വാളിൻെറ മൂർച്ച നോക്കേണ്ടതു്" എന്നു ചോദിച്ചുകൊണ്ടു്, യാതൊരു കൂസലും കൂടാതെ സ്വന്തം കൈവിരലിൽ ഒരു വെട്ടു കൊടുത്തു. രക്തം ധാരധാരയായി ഒഴുകി. കുട്ടിയുടെ മുഖത്തു് യാതൊരു ഭാവഭേദവും കണ്ടതുമില്ല. രാജധാനിയിലുണ്ടായിരുന്നവരെല്ലാം ഇതുകണ്ടു് സ്തംഭിച്ചു നിന്നപ്പോൾ മഹാറാണൻ, പുത്രൻെറ ജാതകത്തെപ്പററി ഓർമ്മിച്ചിട്ടോ എന്തോ, കുട്ടിയുടെ ശിരച്ഛേദം ചെയ്യാൻ കല്പന കൊടുക്കുകയും ചെയ്തു. പക്ഷേ; ഉദയസിംഹൻെറ മന്ത്രിമാർ വളരെ താഴ്മയായി അപേക്ഷിച്ചതുകൊണ്ടു ശക്തനു് അന്നു് ജീവഹാനിക്കിടയായില്ല.

കുമാരന്മാക്കു് കുറേക്കൂടി പ്രായംചെന്ന കാലത്തുണ്ടായ മറെറാരു സംഭവം, ശക്തസിംഹൻ മീവാരം വിട്ടുപോകുന്നതിനും കാരണമായിത്തീന്നു. സഹോദരന്മാർ രണ്ടുപേരും ഒരുദിവസം നായാട്ടുചെയ്തുകൊണ്ടിരുന്നപ്പോൾ, ആരാണു് ഒരു മൃഗത്തിനെ മുറിവേല്പിച്ചതെന്ന കാൎയ്യത്തെപ്പററി വലിയ ഒരു തക്കമുണ്ടായി. തക്കം വർദ്ധിച്ചു് രണ്ടുപേരിലും കുടികൊണ്ടിരുന്ന വൈരം പൂൎവ്വാധികം ജ്വലിച്ചു വശമാവുകയും ചെയ്തു. ഒടുവിൽ, ആരുടെ ലക്ഷ്യമാണു് കുറിയ്ക്കുകൊള്ളുന്നതെന്നകാൎയ്യം അവർ തങ്ങളിൽത്തന്നെ പരീക്ഷിച്ചറിയുക എന്ന ഘട്ടംവന്നു. സഹോദരന്മാർ, മൂർച്ചയേറിയ കുന്തം ഉയത്തിപ്പിടിച്ചുകൊണ്ടു സംഹാരരുദ്രന്മാരെപ്പോലെ നിലകൊണ്ടു. മീവാര

റാണന്മാരുടെ കുലഗുരു, ഈ ഭയങ്കരമായ കാഴ്ച കുറെ അകലത്തുവച്ച് കണ്ടു. കുമാരന്മാരുടെ പ്രകൃതം നല്ലപോലെ അറിയാമായിരുന്ന അദ്ദേഹം, രണ്ടുപേരിലൊരാളുടെ കഥ അപ്പോൾതന്നെ അവസാനിക്കുമെന്ന് മനസ്സിലാക്കി ഓടിച്ചെന്ന് അദ്ദേഹം രണ്ടുപേരുടേയും മദ്ധ്യത്തിൽ നില കൊള്ളുകയും, ദ്വന്ദ്വയുദ്ധത്തിൽ നിന്നും പിൻതിരിയണമെന്ന് നിർബ്ബന്ധപൂർവ്വം അപേക്ഷിക്കുകയും ചെയ്തു. പക്ഷെ, കോപാന്ധരായ അവർ അതു ചെവിക്കൊള്ളുകയുണ്ടായില്ല. കുലഗുരു ആ സ്ഥലത്തുനിന്നും ഇളകാതെ, സ്വന്തം ഖഡ്ഗമെടുത്ത് ഹൃദയം പിളന്ന് അവിടെ മരിച്ചുവീണു. * തങ്ങളുടെ ജീവരക്ഷയ്ക്കുവേണ്ടി അദ്ദേഹം പ്രാണനപേക്ഷിച്ചതുകണ്ട് ധർമ്മപരായണനായ പ്രതാപൻ ഭയപ്പെടുകയും ഇതികർത്തവ്യതാമൂഢനായിത്തീരുകയുംചെയ്തു. സ്വന്തം അവിവേകത്തെപ്പററി ഓർത്ത് അദ്ദേഹം കഠിനമായി പശ്ചാത്തപിച്ചു. ശക്തൻ ഇനി മീവാര രാജ്യത്ത് താമസിക്കരുതെന്നും, ഉടൻ രാജ്യംവിടണമെന്നും പ്രതാപൻ ആജ്ഞാപിച്ചതനുസരിച്ച്, ആയാൾ ജ്യേഷ്ഠനോടു യാത്രപറഞ്ഞു പിരിഞ്ഞു. പ്രതാപനോടു പകരം വീട്ടാൻ അയാൾ പിന്നീട് മുഗൾ ചക്രവർത്തിയെ ശരണം പ്രാപിക്കുകയാണുണ്ടായതു്.

റാണാ ഉദയസിംഹന്, തൻെറ സീമന്തപുത്രനായ പ്രതാപസിംഹനോടും തീരെ പ്രതിപത്തിയുണ്ടായിരു

---

* ശക്തസിംഹൻെറ കുന്തമുനയേററാണ് കുലഗുരു മരിച്ചതെന്നു ചില ചരിത്രഗ്രന്ഥങ്ങളിൽ കാണ്മാനുണ്ട്.

ന്നില്ല. റാണൻ, തന്റെ ഒരിഷ്ടകളത്രത്തിൽ ജനിച്ചവനും പ്രതാപന്റെ മററാരനുജനുമായ ജഗമല്ലനെ രാജ്യാവകാശിയാക്കിത്തീർത്തു.

ചിതോരിന്റെ അധഃപതനം രാജപുത്രപ്രമാണികളെ ഭയാക്രാന്തരാക്കിത്തീർത്തു. അവരിൽ പലരും അക്ബർ ചക്രവർത്തിയുടെ കീഴടങ്ങുകയും അദ്ദേഹത്തിന്റെ രാജധാനിയിൽ ഓരോ ഉദ്യോഗങ്ങൾ സ്വീകരിക്കുകയും ചെയ്തു. ബികാനീരം, ജശൽമീരം എന്നിവിടങ്ങളിലെ രാജാക്കന്മാർ അക്ബരുടെ സാമന്തന്മാരായി എന്നുതന്നെയല്ലാ, തങ്ങളുടെ ആത്മാർത്ഥത വെളിപ്പെടുത്തുന്നതിനായി പുത്രിമാരെ അക്ബർക്കു വിവാഹം ചെയ്തുകൊടുക്കുകയും ചെയ്തു. ഉദയസിംഹന്റെ പുത്രന്മാരിലൊരുവനായ സാഗരജിതന്നെ, ചിതോരിന്റെ അധഃപതനത്തിന്ന് കുറച്ചു മുമ്പായി ചക്രവർത്തിയുടെ പക്ഷം ചേരുകയും പല ഗൂഢവർത്തമാനങ്ങളും അദ്ദേഹത്തെ അറിയിക്കുകയുമുണ്ടായി. ശ്മശാനഭൂമിയുടെ തുല്യമായിത്തീർന്ന ചിതോരിന്റെ അധികാരം അക്ബർ സാഗരജിയെ ഏല്പിച്ചുകൊടുക്കുകയും ചെയ്തു.

രാജപുത്രന്മാർ പലരും മുഗൾ ചക്രവർത്തിയുടെ ആധിപത്യം സ്വീകരിച്ചുവെങ്കിലും, മീവാരം മാത്രം അതിന്നു വഴിപ്പെടാതെ തലയുയർത്തിക്കൊണ്ടു നിന്നു. ഉദയസിംഹൻ ഭീരുവായിരുന്നുവെങ്കിലും, തന്റെ സ്വാതന്ത്ര്യത്തെ വിററുതിന്നാൻ അയാൾ സന്നദ്ധനായില്ല. തന്റെ പൂർവ്വികന്മാരുടെ രാജധാനിയായ ചിതോർ

നഷ്ടപ്പെട്ടുകഴിഞ്ഞിട്ടും, ഉദയസിംഹൻ മുഗൾചക്രവൎത്തിയുടെകീഴടങ്ങാതെ, "നചൈവകി" എന്ന പ്രാകാരത്തിൽ ജീവശ്ശവം കണക്കെ ഏതാനും വൎഷക്കാലം കഴിച്ചുകൂട്ടി.

ഉദയസിംഹൻ ജഗമല്ലനെ പിന്തുടൎച്ചാവകാശിയായി നിശ്ചയിച്ചുവെങ്കിലും, മീവാരരാജ്യത്തെ സ്നേഹിച്ചിരുന്ന രാജപുത്ര പ്രഭുക്കന്മാരും സാമന്തന്മാരും അതു സമ്മതിക്കുകയുണ്ടായില്ല. അവർ ഒന്നുചേൎന്നു, ഉദയസിംഹന്റെ മരണാനന്തരം സിംഹാസനം പ്രാപിച്ചിരുന്ന ജഗമല്ലനെ അതിൽനിന്നും പിടിച്ചിറക്കുകയും, പ്രതാപസിംഹനെ മീവാരരാജാവായി പ്രഖ്യാപനംചെയ്യുകയും ചെയ്തു. വിവരമറിയിക്കാൻ പ്രതാപനെ സമീപിച്ച രാജപുത്ര പ്രഭുക്കന്മാൎക്കു, അദ്ദേഹം നന്ദികെട്ട ഈ രാജ്യത്തോടു് എന്നെന്നേയ്ക്കുമായി യാത്ര പറഞ്ഞുകൊണ്ടു് കുതിരപ്പുറത്തു കയറുന്നതാണു് കാണ്മാനിടയായതു്. പക്ഷെ പ്രതാപസിംഹനു് രാജ്യംവിടേണ്ടിവന്നില്ല. രാജപുത്രപ്രമാണികൾ അദ്ദേഹത്തെ സിംഹാസനാരോഹണം ചെയ്യിക്കുകയും, അദ്ദേഹത്തോടു് വിശ്വാസപ്രതിജ്ഞചെയ്യുകയും ചെയ്തു. "പ്രതാപസിംഹൻ ജയിക്കട്ടെ!" എന്ന ഘോഷശബ്ദം ആകാശത്തിൽ മാറെറാലിക്കൊണ്ടു. വളരെക്കാലവും അനേകവിധത്തിലുള്ള ക്ലേശങ്ങളും കഴിഞ്ഞശേഷം, മഹാമേധാവിയും മഹാ യോഗ്യനുമായ ഒരു രാജാവിന്റെ കീഴിലാവാനുള്ള ഭാഗ്യം മീവാരരാജ്യത്തിനു കൈവരികയും ചെയ്തു.

ഈ വിധത്തിലാണ് പ്രതാപൻ സിംഹാസനപ്രാപ്തിയുണ്ടായത്. അദ്ദേഹം സിംഹാസനാരൂഢനായി എന്നുപറഞ്ഞാൽ, ഉത്കൃഷ്ടരാജവംശത്തിൻെറ അധിപനെന്നുള്ള സ്ഥാനംമാത്രം കിട്ടിയെന്നു താല്പര്യം രാജ്യമില്ല, രാജധാനിയില്ല, പണമില്ല, പട്ടാളങ്ങളില്ല യാതൊന്നുമില്ല. തൻെറ വംശത്തിനു സ്വാതന്ത്ര്യസിദ്ധമായുള്ള ആ ഉൽകൃഷ്ടമനോഭാവം മാത്രം, ഇതിനെല്ലാററിനും പകരമായി പ്രതാപനിൽ തെളിഞ്ഞു വിളങ്ങിയിരുന്നു. മീവാരറാണൻ, തെരുവുകളിൽ തെണ്ടിനടക്കുന്ന ഒരു പിച്ചക്കാരൻ മാത്രമെന്ന നിലയായി. സംഖ്യയില്ലാതവണ്ണമുള്ള മുഗളസൈന്യം മീവാര രാജ്യത്തിൻെറ നാലുചുററും വന്നു നിരന്നുകഴിഞ്ഞു. ഭാരതഭൂമിയുടെ എണ്ണമററവിഭവങ്ങളും സർവ്വവിധഐശ്വര്യങ്ങളും അക്ബരുടെ അധീനത്തിലായിരുന്നു. അതുമുഴുവനും പ്രതാപസിംഹനെ അടിപെടുത്തുവാനും മീവാരത്തെ അധഃപതിപ്പിക്കാനുമായി അദ്ദേഹം വിനിയോഗിക്കുകയും ചെയ്തു. ധനവും സൈന്യവുമില്ലെങ്കിലും, പ്രബലന്മാരായ സ്വജനങ്ങളെങ്കിലും തൻെറ പാർശ്വത്തിലുണ്ടെങ്കിൽ പ്രതാപൻ കൂട്ടാക്കുകയില്ലായിരുന്നു. നയതന്ത്രജ്ഞനായ അക്ബരുടെ കൌശലംകൊണ്ട് രാജപുത്രപ്രമാണികളിൽ ഭൂരിപക്ഷവും പ്രതാപൻെറ വിരോധികളായിത്തീർന്നിരുന്നു. അക്ബർ, പ്രതാപൻെറ വംശക്കാരെയും ജ്ഞാനികളേയും തന്നെ അദ്ദേഹത്തിനെതിരായി സമരഭൂമിയിൽ നിരത്തിനിറുത്തി. മാർവ്വാരരാജാവായ ഉദയസിംഹൻ മുഗളന്മാരുടെ ദാസ

നായിരുന്നു. ബിക്കാനീരത്തിലെ രായസിംഹൻ അക്ബർ ചക്രവൎത്തിയുടെ തോഴനായിരുന്നു. അംബരരാജാവായ മാനസിംഹനാകട്ടെ, ചക്രവൎത്തിയുടെ സേനാധിപനും വലംകയ്യുമായിരുന്നു. ബുന്ദീരാജാവ് അക്ബറുമായി സന്ധിയിലേർപ്പെട്ടിരുന്നു. അജമീരരാജ്യവും മുഗൾചക്രവൎത്തിയുടെ ചവിട്ടടിയിലായിരുന്നു. പ്രതാപൻെറ സഹോദരന്മാരായ ശക്തസിംഹനും സാഗരജിയുംകൂടി, ശത്രുപക്ഷത്തിലെ പ്രമാണികളായിരുന്നു. രാജപുത്രവംശത്തിന്റെ സ്വാതന്ത്ര്യസംരക്ഷണത്തിനുവേണ്ടി, പ്രതാപസിംഹനോടുചേൎന്ന് സമരം ചെയ്വാൻ ആരാണ് പിന്നെയുള്ളതു്? ഈ പ്രബലശത്രുവിൻെറ ഗ്രാസത്തിൽനിന്നും മീവാരത്തെ രക്ഷിക്കാൻ ആൎക്കുതന്നെ സാധിക്കും?

ആരുമില്ലെങ്കിൽ ഞാൻ തനിച്ചുതന്നെ സമരംചെയ്യും സ്വന്തം കരബലവും, സ്വന്തം വീൎയ്യശൌൎയ്യങ്ങളും, സൎവ്വോപരി നിസ്തുല്യമായ സ്വദേശഭക്തിയും മാത്രമേ പ്രതാപനു് അവലംബമായുണ്ടായിരുന്നുള്ളു. ഫലത്തെപ്പററി ചിന്തിയ്ക്കാതെ, കഴിവുകളെപ്പററി പരിഗണിക്കാതെ, അജയ്യനായ ശത്രുവിനോടു് എതിരിടുവാൻതന്നെ പ്രതാപൻ തീൎച്ചപ്പെടുത്തി. തനിയ്ക്കു തോല്വിയോ, മരണമോ സംഭവിക്കുമായിരിക്കാം; ആയിക്കൊള്ളട്ടെ. ബാപ്പരായൻെറ പരിശുദ്ധവംശത്തിൽ ജനിച്ച താൻ, യഥാൎത്ഥ രാജപുത്രരക്തം സിരകളിൽ കൂടി ഒഴുകുന്നിടത്തോളംകാലം, വംശാഭിമാനത്തിനു കളങ്കം ചേൎക്കയില്ലെന്നും മീവാരത്തിൻെറ സ്വാതന്ത്ര്യം വിററു് "അമ്മയുടെ മുലപ്പാലിനു്

അപകീർത്തിയുണ്ടാക്കുകയില്ലെന്നും" പ്രതാപസിംഹൻ ശപഥംചെയ്തു. ഗംഭീരമായ ഈ പ്രതിജ്ഞയെപ്പററി കേട്ട് ഭാരതവർഷത്തിലെ ക്ഷത്രിയന്മാരാകമാനം അമ്പരന്നുനിന്നുപോയി. മഹാറാണനാകട്ടെ, ജീവാവസാനംവരെ തൻെറ പ്രതിജ്ഞയെ പാലിച്ചുകൊണ്ടുപോവുകയുംചെയ്തു. കാൽ ശതാബ്ദത്തോളംകാലം, 1572 മുതൽ 1957 വരെ, സ്വന്തം മാതൃഭൂമിയുടെ സ്വാതന്ത്ര്യം വീണ്ടെടുക്കുന്നതിനായി സുസംഘടിതവും അജയ്യവുമായ മുഗൾശക്തിയോടു അദ്ദേഹം ഏകനായി പോരടിച്ചുകൊണ്ടുനിന്നതു് അലോകസാധാരണമായ വീരകൃത്യംതന്നെയായിരുന്നു.

എന്നാൽ, എല്ലാ രാജപുത്രന്മാരും തങ്ങളുടെ വംശാഭിമാനം പണയപ്പെടുത്തുകയോ മുഗൾചക്രവത്തിയുടെ പ്രതാപത്തിനും സ്വാധീനശക്തിയ്ക്കും കീഴടങ്ങുകയോ ഉണ്ടായില്ല. മഹാറാണനേയും മീവാര രാജ്യത്തേയും ഭക്തിസ്നേഹങ്ങളോടുകൂടി സേവിച്ചുപോന്ന സാമന്തപ്രമാണികളെല്ലാം പ്രതാപൻെറ കൊടിക്കീഴിൽ ഒത്തുകൂടി വീരന്മാരായ അനേകം പടയാളികളോടുകൂടി സാലുമ്പ്രാപ്രഭുവായ കൃഷ്ണസിംഹൻ കമലമീരത്തിലുള്ള മലങ്കോട്ടയിൽ എത്തിച്ചേർന്നു. ചിത്തോരിൻെറ രക്ഷയ്ക്കുവേണ്ടി ഏതൊരു വീരശിഖാമണി തൻെറ ജീവനെ ബലികഴിച്ചുവോ, മഹാനായ ആ ജയമല്ലൻെറ വംശത്തിൽപ്പെട്ട രാഠോരന്മാരും പ്രതാപൻെറപിന്തുണയ്ക്കുവേണ്ടി അവിടെ ഒന്നിച്ചുകൂടി. അതുപോലെതന്നെ, പത്തൻെറ വംശക്കാരായ ജഗായത്തുക്കളും, ഝാല, ചൌഹാന, പ്രമാര

എന്നിത്യാദി രാജപുത്രവർഗ്ഗക്കാരും റാണനെ സഹായിക്കാൻ എത്തി. ഇങ്ങിനെ 20,000 ഭടന്മാർ ഏതുവിധത്തിലുമുള്ള ക്ലേശങ്ങളും സഹിക്കാൻ സന്നദ്ധരായി പ്രതാപസിംഹൻെറ കീഴിലുണ്ടായിരുന്നുവെങ്കിലും, അക്ബറുടെ മഹാബലത്തോടു താരതമ്യപ്പെടുത്തുമ്പോൾ ഈ സൈന്യം അത്യന്തം തുഛമായ ഒന്നുതന്നെയായിരുന്നു. അതിനാൽ, ചിതോർ വീണ്ടെടുക്കുംവരെയ്ക്കും താനും തൻെറ പിൻഗാമികളും ഒരു കഠിനവ്രതം അനുഷ്ഠിക്കുമെന്നു് പ്രതാപസിംഹൻ ശപഥം ചെയ്തു. മുഗൾചക്രവർത്തിയുടെ കീഴിൽ നിന്നും ചിതോർ വീണ്ടെടുത്തു് അതിനെ പൂർവ്വസ്ഥിതിയിലാക്കുംവരെയ്ക്കും മീവാരരാജാക്കന്മാരും യാതൊരുവിധമായ സുഖാനുഭോഗങ്ങളും ആഡംബരങ്ങളും സ്വീകരിച്ചുകൂടെന്നും, ദുഃഖചിഹ്നങ്ങൾ ധരിച്ചു് സമരം ചെയ്യണമെന്നുമായിരുന്നു ആ വ്രതം. ഈ ദീക്ഷയുടെ ഒരു അടയാളമായി റാണന്മാർ താടിയും മീശയും കളയരുതെന്നും, സ്വർണ്ണപ്പാത്രങ്ങളും മററുമുപേക്ഷിച്ചു്, ആഹാരം കഴിക്കുന്നതു് ഇലയിൽമാത്രമേ പാടുള്ളൂ എന്നും, ശയ്യോപധാനങ്ങൾ വർജ്ജിച്ചു്, പുല്ലുകൾ കൊണ്ടുണ്ടാക്കിയ മെത്തമേൽ മാത്രമേ ശയിക്കാവൂ എന്നും, മണിമേടകളിൽ താമസിക്കാതെ, പർണ്ണശാലകളിൽ ദിനരാത്രങ്ങൾ കഴിച്ചുകൂട്ടണമെന്നും, തങ്ങൾക്കു നേരിട്ട ദുർദ്ദശയെ അനുസ്മരിച്ചുകൊണ്ടു് യുദ്ധകാലങ്ങളിലും ഘോഷയാത്രകളിലും മററു സൈന്യങ്ങളുടെ മുന്നണിയിൽ രണഭേരി മുഴക്കിയിരുന്നതു് മേലാൽ പിന്നണിയിൽ മാത്രമേ

ആകാവു എന്നും പ്രതാപസിംഹൻ നിശ്ചയം ചെയ്തു. ഈ നിബന്ധനകളെല്ലാം ഇന്നും അദ്ദേഹത്തിൻെറ വംശക്കാർ അനുഷ്ഠിച്ചുപോരുന്നു. പ്രതാപസിംഹൻെറ വംശത്തിൽപ്പെട്ടവർ ഇപ്പോഴും മീശവളർത്തുക പതിവാണു്. അവരിൽ പലരും ഇക്കാലത്തു് ലോഹപാത്രങ്ങളിൽ ഭക്ഷിക്കുകയും മൃദുശയ്യകളിൽ ശയിക്കുകയും ചെയ്യുന്നുണ്ടെങ്കിലും, പാത്രങ്ങളുടെ അടിയിൽ ഇലവച്ചും, മെത്തയുടെ ചുവട്ടിൽ പുല്ലുവിരിച്ചും അന്നത്തെ ആ കഠിനവ്രതത്തിൻെറ ഏതാനും അംശമെങ്കിലും ഇന്നും അനുഷ്ഠിച്ചുപോരികയും ചെയ്യുന്നു.

വിവേകശാലികളും പരിചയസമ്പന്നന്മാരുമായ ഏതാനും രാജപുത്രപ്രമാണികളുടെ സഹായസഹകരണങ്ങളോടുകൂടി, കാലാനുക്രമവും കഴിവുകൾക്കനുസരണവുമായ വിധത്തിൽ പ്രതാപസിംഹൻ ഭരണത്തെ പുനസ്സംഘടിപ്പിച്ചു. സൈന്യസേവനവ്യവസ്ഥകളെ അടിസ്ഥാനപ്പെടുത്തി അദ്ദേഹം പ്രജകൾക്കെല്ലാം ഉദാരമായ വേതനങ്ങൾ നൽകി. ഗവമ്മെണ്ടിൻെറ തല്കാല ആസ്ഥാനമായിരുന്ന കുംഭാൽമിർ, ഗോഗുണ്ഡാ തുടങ്ങിയുള്ള ഗിരിദുർഗ്ഗങ്ങളെല്ലാം സുരക്ഷിതങ്ങളും സുസജ്ജിതങ്ങളുമാക്കി. തൻെറ ഭരണനയങ്ങളെ ചോദ്യംകൂടാതെ അനുസരിച്ചുകൊള്ളണമെന്ന നിർബ്ബന്ധം ജനങ്ങളുടെയിടയിൽ പ്രാബല്യത്തിൽവരുത്തിയതോടുകൂടി, പ്രജകളോടുള്ള സൌഹാർദ്ദബന്ധം അദ്ദേഹം ദൃഢതരമാക്കിത്തീർക്കുകയും ചെയ്തു. ആരവല്ലീപർവ്വതനിവാസികളായ ഭീലന്മാർ

പ്രതാപസിംഹനുവേണ്ടി പ്രാണനേപ്പോലും കളവാൻ സന്നദ്ധരായിരുന്നു. പരാക്രമശാലികളായ ഭീലന്മാരെ കൊണ്ടാണു് അദ്ദേഹത്തിൻെറ സൈന്യത്തിലെ പിന്നണി നിമ്മിച്ചിരുന്നതും. ഭൂമിയെല്ലാം കൃഷിചെയ്യാതെ തരിശാക്കി ഇട്ടുകൊള്ളണമെന്നും, ആരും ആടുമാടുകളെ വളത്തുകയോ ആഹാരസാധനങ്ങൾ സംഭരിക്കുകയോ ചെയ്തുകൂടെന്നും ഉള്ള മറെറാരു കഠോരശാസനവും മഹാറാണൻ നടപ്പിൽ വരുത്തി. മുഗളന്മാർ ആക്രമണത്തിനു സന്നദ്ധരായിവരുമ്പോൾ ജനശൂന്യമായ മരുഭൂമികൾ മാത്രമേ മീവാരരാജ്യത്തുണ്ടായിരിക്കാവൂ എന്നും അവക്കു ആഹാരസാധനങ്ങൾ വെളിയിൽനിന്നുമാത്രമേ ലഭിക്കാനിടയാകാവൂ, എന്നുമായിരുന്നു മഹാറാണൻെറ ഉദ്ദേശം.

അക്ബർ ചക്രവത്തിയുടെ സാമന്തന്മാരായിത്തീന്ന രാജപുത്രപ്രമാണികളിൽ നിന്നാണു് പ്രതാപസിംഹനു് എത്രയും കഠിനമായ എതിർപ്പുകൾ സഹിക്കേണ്ടിവന്നതു്. പുതുതായി മതം മാറിയവരിൽ കാണാറുള്ള വർദ്ധിച്ച വൈരാഗ്യബുദ്ധിയോടുകൂടി അവർ മഹാറാണനെ തരംകിട്ടുമ്പോഴെല്ലാം എതിത്തുവന്നു. പക്ഷേ, വർദ്ധിച്ചുവന്ന അദ്ദേഹത്തിൻെറ ശക്തിയെ തടയാൻ അവക്കാക്കും സാധിച്ചുമില്ല. മുഗളന്മാരെ തൊട്ടു ഭക്ഷിക്കുകയോ അവക്കു് കന്യകമാരെ കൊടുത്തു് ജാതിധമ്മം നശിപ്പിക്കയോ ചെയ്ത രാജപുത്രന്മാരുമായി മഹാറാണൻ കൂടിക്കഴിയുക പതിവില്ല. ശിശോദീയവംശക്കാരുമായി വിവാഹബന്ധത്തിലേർപ്പെടുന്നതു് ഒരു വലിയ ബഹുമതിയായിട്ടാണു

രാജപുത്രന്മാർ ഗണിച്ചുവന്നത്. മീവാരേശ്വരനായ പ്രതാപസിംഹനൊന്നിച്ച് ഭക്ഷണാദികൾ കഴിച്ച് കൂടിക്കഴിയാൻ സാധിക്കാത്തവർ, രാജപുത്ര സമുദായത്തിൽ നിന്നും ഭ്രഷ്ടരായിഗണിക്കപ്പെട്ടുകയും സാധാരണമായിരുന്നു. അതുകൊണ്ട്, അകബറിക്ക് കീഴടങ്ങിയ രാജപുത്ര പ്രമാണികളെല്ലാം പ്രതാപസിംഹനുമായി കൂടിക്കഴിഞ്ഞു എന്നു വരുത്താനും തങ്ങളുടെ ജാതി മേന്മ വീണ്ടെടുക്കാനും ലഭിക്കുന്ന യാതൊരവസരങ്ങളേയും പാഴാക്കുക പതിവില്ല. പ്രതാപൻ എപ്പോഴും അവരെ അകററിനിർത്തിയിരുന്നതുകൊണ്ട്, അദ്ദേഹത്തോട് അവക്കുള്ള രോഷം വർദ്ധിച്ചുംവന്നു. അംബരേശ്വരനും അക്ബരുടെ വലംകയ്യുമായിരുന്ന മാനസിംഹനായിരുന്നു ഇക്കൂട്ടത്തിൽ പ്രമാണി.

ഒരിയ്ക്കൽ മഹാരാജാ മാനസിംഹൻ, അക്ബരുടെ പ്രതിപുരുഷനായി ഗൂർജ്ജരരാജ്യം ജയിച്ചു കീഴടക്കി രാജധാനിയിലേയ്ക്കു മടങ്ങും വഴിയ്ക്കു ഉദയപുരത്തെത്തുകയും, മഹാറാണാ പ്രതാപസിംഹനെ സന്ദർശിക്കണമെന്നുള്ള ആഗ്രഹം പ്രകടിപ്പിക്കുകയും ചെയ്തു. റാണാ പ്രതാപസിംഹനുമായി സഹഭോജനം നടത്തണമെന്ന ആഗ്രഹം കൊണ്ടാണ് അദ്ദേഹം ഇതിനദ്ധ്യമിച്ചതെന്നുള്ളത് പ്രത്യക്ഷമാണ്. ഉദയസാഗരതീരത്തിൽവച്ച് മഹാറാണൻ അതിഥിയെ ആദരപൂർവ്വം സ്വീകരിച്ചു. പക്ഷേ, ഭക്ഷണം തയ്യാറായപ്പോൾ മാനസിംഹനെ ക്ഷണിക്കുന്നതിന് തൻെറ സീമന്തപുത്രനും

യുവരാജാവുമായ അമരസിംഹനെയാണ് മഹാറാണൻ നിയോഗിച്ചതു്. അച്ഛന്നു ആലസ്യമാണെന്നും ഒന്നിച്ചിരുന്നു് ഭക്ഷണം കഴിക്കാൻ നിർവാഹമില്ലെന്നും അമരസിംഹൻ അതിഥിയുടെ ചോദ്യത്തിനു മറുപടിപറഞ്ഞു. മാനസിംഹന്നു് ഈ ഒഴികഴിവിൻെറ ആന്തരമെല്ലാം എളുപ്പത്തിൽ മനസ്സിലായി. അമരനെങ്കിലും തന്നോടൊന്നിച്ചിരുന്നു ഭക്ഷണം കഴിക്കുകയില്ലേ എന്നു് മാനസിംഹൻ ചോദിച്ചപ്പോൾ, അതിനും തനിക്കുബാധമില്ലെന്നായിരുന്നു യുവരാജാവിൻെറ മറുപടി. അതിഥിയുടെ പ്രാണാഹുതിമാത്രമേ അപ്പോൾ കഴിഞ്ഞിരുന്നുള്ളു. ഇത്രയും കേട്ടപ്പോൾ അദ്ദേഹം കൈകുടഞ്ഞു് എഴുന്നേററു തന്നെ അപമാനിച്ചതിൻെറ ഫലം ഉടനെ അറിയാറാവുമെന്നും, ആപത്തിൽ മുങ്ങിക്കിടക്കണമെന്നാഗ്രഹിക്കുന്നവക്കു് ആ വിധി മാററാൻ കഴികയില്ലെന്നും, അധികകാലം ഈ സ്ഥലത്തു് താമസിക്കാൻ മഹാറാണന്നിടവരികയില്ലെന്നും, കോപാവിഷ്ടനായി ഉച്ചരിച്ചുകൊണ്ടു് മാനസിംഹൻ യാത്രയ്ക്കായി കുതിരപ്പുറത്തുകയറി. റാണാപ്രതാപസിംഹൻ തൽക്ഷണം അവിടെ ആഗതനായി. "നിങ്ങളുടെ ഗർവ്വു് ശമിപ്പിച്ചിട്ടില്ലെങ്കിൽ ഞാൻ മാനസിംഹനല്ല" എന്നുള്ള മാനസിംഹൻെറ കോപ ഗർജ്ജനം കേട്ടു, "നിങ്ങളെ രണഭൂമിയിൽവെച്ചു കണ്ടാലേ എനിയ്ക്കു തൃപ്തിയാകയുള്ളൂ" എന്നു് മഹാറാണൻ മറുപടിപറയുകയും ഉണ്ടായി.

മാനസിംഹൻ പോയ ഉടനെ, അതിഥിസൽക്കാരത്തിനു് ഒരുക്കിയിരുന്ന സ്ഥലമെല്ലാം ശുദ്ധിവരുത്തു

വാൻ പ്രതാപസിംഹൻ ആജ്ഞാപിച്ചു. ഭോജനാദികൾ വിളമ്പിയിരുന്ന സ്വർണ്ണപ്പാത്രങ്ങളും മററും സരസ്സിലേയ്ക്കെറിഞ്ഞുകളഞ്ഞു. മാനസിംഹൻ ഉണ്ണാനിരുന്ന സ്ഥലം ഗംഗാജലംകൊണ്ടു കഴുകി ശുദ്ധിവരുത്തി. അതിഥിസൽക്കാരത്തിന്നു നിയോഗിക്കപ്പെട്ടിരുന്നവരെല്ലാം കുളിച്ചു് വസ്ത്രം മാറി അശുദ്ധി കളയുകയും ചെയ്തു.

ക്രോധാന്ധനായ മാനസിംഹൻ തനിക്കു നേരിട്ട അപമാനത്തേയും, ഉദയസാഗരതീരത്തുവച്ചു നടന്ന സംഭവങ്ങളേയും പററിയുള്ള വിശദവിവരങ്ങൾ അക്ബറെ ധരിപ്പിച്ചു. ചക്രവത്തിയോടും അദ്ദേഹത്തിന്റെ മതത്തോടും പ്രതാപസിംഹനുള്ള വിദ്വേഷത്തെക്കുറിച്ചു് പൊടിപ്പും തൊങ്ങലും വച്ചു് മാനസിംഹൻ വർണ്ണിച്ചു. പ്രതാപന്റെ ഗവ്വം ശമിപ്പിച്ചു് വീരഭൂമിയായ രാജപുത്താനയെ അക്ബർ ചക്രവത്തിയുടെ പാദങ്ങളിൽ സമപ്പിക്കുമെന്നു് അദ്ദേഹം ഒരു ശപഥവും ചെയ്തു. പക്ഷെ, മഹാറാണനെ സ്വാധീനിച്ചു് കീഴടക്കണമെന്നുള്ള ആഗ്രഹത്തെ അക്ബർ ഈ ഘട്ടത്തിലും ഉപേക്ഷിച്ചില്ല. ഈ ഉദ്ദേശത്തോടുകൂടി, ചക്രവത്തിയുടെ വിശ്വസ്ത സുഹൃത്തുക്കളും മന്ത്രിപ്രധാനന്മാരുമായ രാജാ ഭഗവാൻ ദാസ്, തോഡർമല്ലൻ തുടങ്ങിയുള്ള പ്രധാനികളെ അക്ബർ മീവാരത്തിലേക്കയയ്ക്കുകയും സന്ധിസംസാരങ്ങൾ നടത്തുകയുമാണുണ്ടായതു്. പക്ഷെ, ഇത്തരം ശ്രമങ്ങളെല്ലാം വിഫലമായതേയുള്ളു. തന്റെ അന്ത്യശ്വാസംവരെ, മാതൃഭൂമിയുടെ സ്വാതന്ത്ര്യം വിററുതിന്നു

കയില്ലെന്നും, ഈ സ്വാതന്ത്ര്യസംരക്ഷണത്തിനുവേണ്ടി സമരംചെയ്തു് മരണത്തെ വരിയ്ക്കുമെന്നുമുള്ള പ്രതാപസിംഹന്റെ ദൃഢനിശ്ചയത്തിന് അണുപോലും മാററം വരുത്താൻ ചക്രവത്തിയുടെ അന്തേവാസികളായ രാജപുത്രപ്രമാണികൾക്കാർക്കും സാദ്ധ്യമായില്ല.

അക്ബറുടെ അതിരുകടന്ന സാമ്രാജ്യമോഹത്തിനും പ്രതാപസിംഹന്റെ നിസ്തുല്യവും വീരോചിതവുമായ സ്വാതന്ത്ര്യനിഷ്ഠയ്ക്കും തമ്മിൽ ഒരു സന്ധിയുണ്ടാവുകയെന്നതു് ഒരിക്കലും സംഭാവ്യമല്ലല്ലൊ. തന്മൂലം, മഹാറാണയെ മററു രാജപുത്രപ്രധാനന്മാരോടൊപ്പം തന്റെ സാമന്തനാക്കിത്തീക്കുന്നതിനു് അക്ബർ പ്രയോഗിച്ച നയതന്ത്രങ്ങളെല്ലാം വിഫലമായിത്തീന്നപ്പോൾ, വമ്പിച്ച ഒരു സംഘട്ടനത്തിനുള്ള വഴി താനേതുറക്കപ്പെട്ടു. ചരിത്രപ്രസിദ്ധമായ ഹല്ദിഘട്ടത്തിലേ യുദ്ധം ഈവിധത്തിലുണ്ടായതാണു്. 1576 ഏപ്രിൽ മാസത്തിൽ ചക്രവത്തിയുടെ മഹാസേന, രാജാമാനസിംഹന്റെ നേതൃത്വത്തിൽ മീവാറിനെ അഭിമുഖീകരിച്ചുകൊണ്ടു് പ്രയാണമാരംഭിച്ചു. * ജൂൺ മദ്ധ്യത്തോടുകൂടി മാത്രമേ മാനസിം

---

* അക്ബറുടെ മഹാസൈന്യത്തിന്റെ നായകനായിരുന്നതു് സലിം രാജകുമാരനായിരുന്നുവെന്നും; മാനസിംഹൻ സലിമിന്റെ കീഴിൽ സമരം ചെയ്യുകയേ ഉണ്ടായുള്ളുവെന്നും ഒരു മതമുണ്ടു്. രാജപുത്രചരിത്രകാരനായ കേണൽ ടോഡ്, രാജപുത്രകഥകളെ ഇതിനുദാഹരണമായി ഉദ്ധരിക്കുന്നു. പക്ഷേ, മററു ചരിത്രകാരന്മാർ ഇതിനോടു യോജിക്കുന്നില്ല. 1569-ൽ ജനിച്ച സലീം രാജകുമാരന്നു അന്നു ഏഴു വയസ്സു പ്രായമേ ഉള്ളു. ബാലനായ സലിം സേനാനായകത്വം വഹിക്കുക സംഭാവ്യമാണോ എന്നവർ ചോദിക്കുന്നു. രാജാമാനസിംഹനും, അസഫ് ഖാനുമാണു ചക്രവത്തിയുടെ സൈന്യത്തിന്റെ പ്രധാന നായകന്മാരായിരുന്നതെന്നു് വിശ്വസിക്കപ്പെട്ടുവരുന്നു.

ഷൻെറ സൈന്യത്തിന് പുരോഗമനം സാദ്ധ്യമാവുകയും ആരവല്ലീപർവ്വതങ്ങളുടെ ദക്ഷിണഭാഗത്തുള്ള ഗോഗുണ്ഡായിൽ ആസ്ഥാനമുറപ്പിക്കുവാൻ കഴിയുകയും ചെയ്തുള്ളു. പ്രതാപസിംഹനും, തൻെറ കഴിവനുസരിച്ചുള്ള ഒരുക്കങ്ങളെല്ലാം ചെയ്തുകൊണ്ടാണിരുന്നതു്. എന്നാൽ മുഗൾ ചക്രവത്തിയുടെ നയോപായങ്ങളാലും, അദ്ദേഹം കൈ അയച്ചു നൽകിയ പാരിതോഷികങ്ങളുടെ ശക്തിയാലും, മഹാറാണനെ അനുകൂലിച്ചുകൊണ്ടുനിന്ന പലരും സമയം വന്നപ്പോൾ അദ്ദേഹത്തെ ഉപേക്ഷിച്ചു. ഇങ്ങിനെ, രാജപുത്ര സൈന്യത്തിൻെറ ശക്തിയ്ക്കു് ഗണ്യമായവിധത്തിൽ ഉടവുതട്ടി. മീരന്മാർ, ഭീലന്മാർ തുടങ്ങിയുള്ള അധഃസ്ഥിത ജാതിക്കാർ മാത്രം പ്രാണൻ കളഞ്ഞും മഹാറാണനെ സഹായിക്കാൻ സന്നദ്ധരായി അദ്ദേഹത്തിൻെറ സേനാബലത്തിന് മഹിമ വർദ്ധിപ്പിച്ചുകൊണ്ടിരുന്നു.

പ്രതാപസിംഹൻ തൻെറ സൈന്യങ്ങളെ ഒരുക്കി നിറുത്തിയതു്, കമലമീരത്തിനടുത്തുള്ള ഒരു മലയിടുക്കായ ഹല്ദിഘട്ടം എന്ന സ്ഥലത്തായിരുന്നു. അജമീരം തുടങ്ങിയുള്ള ദിക്കുകളിൽ നിന്നും പർവ്വതപ്രദേശങ്ങളിലേക്കു മുഗൾ സൈന്യങ്ങൾക്കു കടന്നുപോകാനുള്ള മാർഗ്ഗം ഈ മലയിടുക്കിൽക്കൂടിയാണു്. അവരെ തടുക്കാൻവേണ്ടിയാണു് മഹാറാണൻ ഈ സ്ഥലത്തു് സൈന്യങ്ങളെ നിരത്തിയതു്. റാണാ പ്രതാപൻെറ ഭീലസൈന്യം അമ്പും വില്ലും ധരിച്ചു്, ശത്രുക്കളുടെ മേക്കേറിയുവാൻ

കല്ലുകളും സംഭരിച്ചുകൊണ്ടു് ദുരാരോഹമായ പർവ്വതങ്ങളുടെ മുകൾപ്പരപ്പിൽ ഒളിച്ചിരിക്കുകയും ആണുണ്ടായതു്.

റാണാ പ്രതാപൻ സൈന്യങ്ങളോടുകൂടി ഹല്ദിഘട്ടത്തിലെത്തിയതു് എത്രയും വേഗത്തോടുകൂടിയും എത്രയും ഗൂഢമായിട്ടുമായിരുന്നു. ഈ യാത്രയ്ക്കിടയിലും ഒരു രാജപുത്രന്റെ നിസ്തുല്യമായ മഹാമനസ്കത പ്രകടിപ്പിക്കുവാനുള്ള അവസരം അദ്ദേഹത്തിനു ലഭിക്കുകയുണ്ടായി. രാജാമാനസിംഹൻ ഏതാനും ചില പടയാളികളാൽ പരിസേവിതനായി അടുത്തൊരു സ്ഥലത്തു് മൃഗയാവിനോദത്തിലേർപ്പെട്ടിരിക്കുന്നുവെന്നും, പെട്ടെന്നു് അവരെ എതിരിടുന്നപക്ഷം ശത്രുക്കളുടെ തലവനെ നിഷ്പ്രയാസം തോല്പിച്ചു് തടവുകാരനാക്കുകയോ വധിക്കുകയോ ചെയ്യാമെന്നും ചാരന്മാർ ഒരു ദിവസം വന്നിട്ടു അദ്ദേഹത്തിനറിവു കൊടുത്തു. ശിശോദിയരുടെ ഉത്കൃഷ്ടാദർശങ്ങൾക്കു യോജിച്ചതല്ലാ അത്തരം നടപടിയെന്നും, ആ വിധത്തിലുള്ള ഒരു വിജയം തനിയ്ക്കാവശ്യമില്ലെന്നും പറഞ്ഞു് മഹാറാണൻ തന്റെ അനുയായികളുടെ നിർദ്ദേശത്തെ തള്ളിക്കളഞ്ഞു. അങ്ങിനെ, മാനസിംഹന്റെ ജീവനു് അത്തവണ രക്ഷകിട്ടുകയുമുണ്ടായി.

1576 ജൂൺ 21-ാംതീയതി ഹല്ദിഘട്ടത്തിൽവച്ചു ചരിത്രപ്രസിദ്ധമായ ആ മഹാസമരം ആരംഭിച്ചു. രാജപുത്രർ സ്വദേശത്തിന്റെ സ്വാതന്ത്ര്യത്തിനുവേണ്ടി വർദ്ധിച്ച വീറോടും, ഭീമപരാക്രമത്തോടും കൂടി പോർ നടത്തി. രാജപുത്രവീരന്മാരുടെ ആത്മത്യാഗവും ധീര

തയും കണ്ടു് ശത്രുക്കൾ വിസ്മയിച്ചും നടുങ്ങിയുമിരുന്നു. ഭീലസൈന്യങ്ങളിൽനിന്നുണ്ടായ ശരവൃഷ്ടി മുഗളന്മാരെ അമ്പരപ്പിച്ചു. പർവ്വതോപരിഭാഗത്തുനിന്നും വലിയ കല്ലുകൾ ഉരുട്ടിയിട്ടു് അവർ ശത്രുസേനയുടെ ഒരു വിഭാഗത്തെ കാലന്നുക്കയച്ചു. രണശൂരന്മാരായ രാജപുത്രപ്രമാണികളും അജയ്യരായ മുഗളസേനാധിപന്മാരുമടങ്ങിയ ശത്രുസേനയുടെ മുന്നണിക്കു് ഒരിഞ്ചുപോലും മുന്നോട്ടു കയറുക കേവലം ദുസ്സാധമായിത്തീൻ. ഗ്വാളിയോർ രാജാവായ രാമസാഹയും, ചിതോർ നിരോധനത്തിലെ വീരനായകനായിരുന്ന ജയമല്ലന്റെ പുത്രന്മാർ ചന്ദാവത് കൃഷ്ണദാസ്, രാമദാസ് എന്നിവരും, പനവ്വായിലെ പുണ്യ്യറാണായും, പുരോഹിത് ഗോപിനാഥ്, രത്നചന്ദ്മേത്ത തുടങ്ങിയ വീരയോദ്ധാക്കളും വർദ്ധിച്ച വീറോട്ടുകൂടി ശത്രുക്കളെ എതിർത്തുനിന്ന സമയം, മഹാറാണാപ്രതാപൻ, ചൈതകമെന്ന തന്റെ നീലക്കുതിരയിൽ കയറി രാജപുത്രകുലദൂഷകനായ മാനസിംഹനെ അന്വേഷിച്ചുകൊണ്ടു് അടക്കളത്തിൽ അങ്ങുമിങ്ങും പാഞ്ഞുനടന്നു. രാജപുത്രന്മാർ ആയിരക്കണക്കിനു് ശത്രുക്കളുടെ ശിരസ്സുകൾ അരിഞ്ഞു തള്ളി. യുദ്ധത്തിൽ, രാജപുത്രവിജയം സുനിശ്ചിതമെന്ന പതനം വന്നു. ശത്രുക്കളുടെ മുന്നണിയും, വാമഭാഗവും അവർ ഭേദിച്ചു് മുന്നോട്ടു തള്ളിക്കയറി. പക്ഷെ, ഇത്രയുമായപ്പോൾ, ചക്രവർത്തിയുടെ കരുതൽപ്പടയുടെ നായകനായിരുന്ന മെഹ്തർഖാന്റെ തന്ത്രംമൂലം രാജപുത്രരുടെ മുന്നോട്ടുള്ള കുതിച്ചുകയററത്തിന്നു് ഗണ്യമായ ദോഷം നേരിട്ടു. തന്ത്ര

ശാലിയും ധീരനുമായ ആ സേനാനായകൻ, കരുതൽപ്പട യുമായി പെട്ടെന്നു രാജപുത്രസൈന്യത്തെ എതിരിടുകയും അക്ബർ ചക്രവർത്തിതന്നെ യുദ്ധത്തെ നയിക്കുന്നതിനു ഹൽദിഘട്ടത്തിലെത്തിയിരിക്കുന്നുവെന്ന വ്യാജവാർത്ത സൈന്യങ്ങളുടെയിടയിൽ പരത്തുകയും ചെയ്തു. പലായനമാരംഭിച്ച മുഗൾപ്പടയാളികളെല്ലാം വർദ്ധിച്ച വീറോടുകൂടി തിരിഞ്ഞുനിന്നു രാജപുത്രസൈന്യത്തെ എതിർത്തുതുടങ്ങി. ഈ വിധത്തിൽ ആകസ്മികമായി സൈന്യബലം വർദ്ധിച്ചപ്പോൾ, എതിരാളികളോടു സഫലമാംവണ്ണം പോർചെയ്യുന്നതിനു മുഗൾസൈന്യത്തിനു കഴിവുണ്ടാവുകയും ചെയ്തു. രാജപുത്രസൈന്യത്തിലെ ജഗവിഭാഗം, ഇതൊന്നും വകവയ്ക്കാതെ മുന്നോട്ടുതന്നെ കുതിച്ചു ശത്രുസേനയുടെ മദ്ധ്യത്തിലെത്തിക്കഴിഞ്ഞു. താൻ ഏതൊരാളിനെ അന്വേഷിച്ചു ഇത്രനേരവും അങ്ങുമിങ്ങും അലഞ്ഞുനടന്നുവോ ആ ആളിനെ, സേനാനായകനായ മാനസിംഹനെ, പാരാവാരം പോലെ പരന്നുകിടന്ന മുഗൾസേനയുടെ നടുവിൽ റാണാപ്രതാപസിംഹൻ കണ്ടു. കുന്തവുമുയർത്തിപ്പിടിച്ചുകൊണ്ടു മഹാറാണൻ മുന്നോട്ടു കുതിച്ചു. വിശ്വസ്തവാഹനമായ ചൈതകം, മാനസിംഹൻ കയറിയിരുന്ന മത്തഗജത്തിന്റെ മസ്തകത്തിൽ മുൻകാലുകൾ രണ്ടും എടുത്തുവച്ചു. പക്ഷെ, പ്രതാപന്റെ ആയുധം ഉയർന്നു താഴുംമുമ്പു, ആ ഭീരു അമ്പാരിയ്ക്കുള്ളിൽ ഒളിയ്ക്കുകയാൽ കുന്തമുനയേററു ആനക്കാരൻ മാത്രം നിലംപതിച്ചു.

ഇത്രയൊക്കെ സാധിച്ചിട്ടും കുലദൂഷകനായ ശത്രുവിനെ വധിക്കാൻ സാധിക്കാഞ്ഞതുനിമിത്തം പ്രതാപൻ അത്യധികം നിരാശനായിത്തീൎന്നു. അദ്ദേഹം, ഉന്മദം പിടിപെട്ടവനെപ്പോലെയായി. മാനസിംഹൻെറ ആനയുടെ കൊമ്പിൽതട്ടി ചൈതകത്തിന് കഠിനമായ മുറിവേററിരുന്നു. സേനാനായകനു നേരിടാൻപോകുന്ന ആപത്തിനെക്കണ്ടു്, മുഗളസേന തിരമാലകളെപ്പോലെ പ്രതാപനെ വളഞ്ഞു. വീരാഗ്രണിയായ റാണൻ ശത്രുക്കളിൽ അനേകംപേരെ കൊന്നുവീഴ്ത്തി. എന്തൊക്കെയായാലും, പ്രതാപനു് ഇത്തവണ രക്ഷകിട്ടുമെന്നുള്ള ആശയ്ക്കു വഴിയില്ലാതായി. പകൽ മുഴുവനും യുദ്ധംചെയ്തുകൊണ്ടു് മഹാറാണൻ വല്ലാതെ ക്ഷീണിച്ചിരുന്നു. കുന്തമുനയേററുള്ള മൂന്നു മുറിവുകളും, വെടിയേററ ഒരു മുറിവും അദ്ദേഹത്തിനു് മുമ്പുതന്നെ ലഭിച്ചിട്ടുണ്ടായിരുന്നു. അവയിൽനിന്നെല്ലാം രക്തം ധാരധാരയായി ഒഴുകിത്തുടങ്ങി. എണ്ണത്തിൽ കുറവുള്ള രാജപുത്രസൈന്യം ഈ ഘട്ടത്തിൽ തീരെ ബലഹീനമായിത്തീരുകയും ചെയ്തു. മഹാറാണനു് രക്ഷയ്ക്കു് എന്തുമാൎഗ്ഗമാണുള്ളതു്?

പക്ഷെ, അദ്ദേഹം രക്ഷപ്പെട്ടു മറെറാരു രാജപുത്രവീരൻെറ ആത്മത്യാഗം മഹാറാണൻെറ ജീവനെ രക്ഷിച്ചു. മഹാറാണൻെറ പക്ഷത്തുനിന്നുകൊണ്ടു് ധീരധീരം പോരാടിക്കൊണ്ടിരുന്ന ഝാലാധിപതിയായ മാനസിംഹൻ ഇതെല്ലാം ദൂരത്തുനിന്നുകൊണ്ടു് കണ്ടു. തന്റെ ജീവൻ കളഞ്ഞും, മഹാറാണനെ രക്ഷിയ്ക്കുമെന്നു ശപഥം ചെയ്തുകൊണ്ടു് അദ്ദേഹം മുന്നോട്ടു പാഞ്ഞു.

പ്രതാപൻ പിന്തിരിഞ്ഞു നോക്കിയപ്പോഠം കണ്ടതു്, തന്റെ അനുയായികഠം നിസ്തുല്യപരാക്രമത്തോടുകൂടി ശത്രുസേനയോടേററു മുട്ടിയിരിക്കുന്നതാണു്. രാജപുത്രചിഹ്നമായ വെൺകൊററക്കുട മാനന്റെ തലയ്ക്കുമുകളിൽ വിളങ്ങിക്കാണുന്നു. മീവാരരാണന്റെ ശോണവൎണ്ണപതാക ഝാലാവൎഗ്ഗക്കാരുടെ മുന്നിൽ പാറിപ്പറക്കുകയും ചെയ്യുന്നു. ഒരൊററ നിമിഷത്തിനുള്ളിൽ ഇതെല്ലാം സംഭവിച്ചു കഴിഞ്ഞു. മുഗൾസേന, മാനനെ മഹാറാണനെന്നു തെററിദ്ധരിച്ചു്, അദ്ദേഹത്തെ വധിക്കാൻവേണ്ടി പ്രതാപസിംഹനെ വിട്ടു് അങ്ങോട്ടോടി. മഹാറാണൻ ഈ വിധത്തിൽ രക്ഷപ്പെടുകയും ചെയ്തു. തന്റെ ജീവരക്ഷയ്ക്കുവേണ്ടി ഝാലാധിപതിയായ മാനൻ ആത്മാവിനെ ബലികഴിച്ചതും, അദ്ദേഹത്തിന്റെ അനുചരന്മാർ ഒന്നൊഴിയാതെ പടക്കളത്തിൽ മരിച്ചു വീഴുന്നതും പ്രതാപൻ അകലത്തുനിന്നുകൊണ്ടു് അശ്രുപൂൎണ്ണനേത്രനായി വീക്ഷിച്ചു.

H162

വിജയത്തിനുള്ള സകല വഴികളും അടഞ്ഞിരിക്കുന്നതായി മഹാറാണനു് ബോദ്ധ്യം വന്നു. രാജപുത്രസേനയുടെ ദക്ഷിണപാർശ്വത്തെ നയിച്ചിരുന്ന ഗ്വാളിയോരധിപനായ രാജാരാമസാഹ അമാനുഷകൎമ്മങ്ങളനുഷ്ഠിച്ചു് തന്റെ മൂന്നു പുത്രന്മാരോടുകൂടി പോൎക്കളത്തിൽ വീണുകിടക്കുന്നു. ചിതോറിന്റെ രക്ഷയ്ക്കുവേണ്ടി ജീവത്യാഗം ചെയ്തു് അനശ്വരയശസ്വിയായിത്തീൎന്ന ജയമല്ലനെ അനുകരിച്ചു് അദ്ദേഹത്തിന്റെ പുത്രൻ രാമദാസനും, അനു

യായികളോടുകൂടി സമരഭൂമിയിൽ വീണു കിടക്കുന്നു. ഝാലാധിപതി മാനസിംഹൻെറ ഗതിയും ഈ വിധത്തിലായി. ആശയ്ക്കു വഴിയൊന്നുമില്ലെന്നായപ്പോൾ, അത്യാവശ്യമായ കല്പനകൾ കൊടുത്തിട്ട്, തളൎന്ന ശരീരത്തോടും തകൎന്ന മനസ്സോടും കൂടി പ്രതാപസിംഹൻ പോൎക്കളം വിടുകതന്നെ ചെയ്തു. ഹല്ദിഘട്ടത്തിലെ യുദ്ധവും ഈ വിധത്തിൽ പൎയ്യവസാനിച്ചു. രാജാമാനസിംഹനും മുഗൾപ്പടയും ജയഭേരി അടിച്ച് യുദ്ധമവസാനിപ്പിച്ചു.

സൎവ്വവിധ സമര സാമഗ്രികളോടും വിഭവസമൃദ്ധിയോടും കൂടിയ അക്ബർ ചക്രവൎത്തിയുടെ 80,000 പടയാളികളെ എതിരിട്ടുനിന്ന 20,000 രാജപുത്രന്മാരിൽ പതിനാലായിരവും ഹല്ദിഘട്ടത്തിലെ യുദ്ധഭൂമിയിൽ മരിച്ചു വീണു. രാജപുത്രർ അവരുടെ അമാനുഷിക വീരതയുടെയും ആത്മത്യാഗത്തിൻെറയും ഉജ്ജ്വല ദൃഷ്ടാന്തത്തെ ആ മലയിടുക്കിൽ വച്ച് പ്രദർശിപ്പിച്ച് ലോകോത്തരമായ അനശ്വരയശസ്സ് സമ്പാദിച്ചു.

മുഗൾസൈന്യത്തിന് അല്പവററ ക്ഷീണമുണ്ടായിരുന്നതുകൊണ്ട്, രാജപുത്രന്മാരെ പിന്തുടൎന്ന് പിടിക്കുവാൻ മാനസിംഹൻ ആജ്ഞാപിക്കുകയുണ്ടായില്ല. എന്നാൽ, ചൈതകത്തിൻെറ പുറത്തുനിന്നിറങ്ങാതെ ഏകാകിയായി കമലമീരത്തിലേക്കു പുറപ്പെട്ട പ്രതാപസിംഹനെ രണ്ടു മുഗൾഭടന്മാർ വിടാതെ പിന്തുടൎന്നുകൊണ്ടിരുന്നു. തന്നെ പിടിക്കുന്നതിനാണ് അവരുടെ ശ്രമമെന്ന് പ്ര

താപൻ മനസ്സിലായി. ക്ഷീണിതനായ മഹാറാണനേയും വഹിച്ചുകൊണ്ടു്, മുറിവേററ ചൈതകം മുന്നോട്ടുതന്നെ പാഞ്ഞു. വഴിയ്ക്കു് അവക്കൊരു അരുവി കടക്കുവാനുണ്ടായിരുന്നു. ചൈതകം അതു ചാടിക്കടന്നു്, പിന്തുടരുന്നവരുടെ പിടിയിൽനിന്നും തൻെറ സ്വാമിയെ രക്ഷിച്ചു. മുഗൾഭടന്മാർ അരുവി നീന്തിക്കടന്നു് തന്നെ പിടികൂടുമെന്നു് അദ്ദേഹത്തിനു നിശ്ചയമുണ്ടായിരുന്നു. അല്പസമയം കഴിഞ്ഞപ്പോൾ കുതിരയുടെ കുളമ്പടിയും, മാതൃഭാഷയിൽ "നീലക്കുതിരക്കാരാ!" എന്നൊരു വിളിയും പുറകിൽ അദ്ദേഹത്തിനു കേൾക്കുമാറായി. തിരിഞ്ഞുനോക്കിയപ്പോൾ കണ്ടതു്, തൻെറ ഭ്രാതാവായ ശക്തസിംഹനെയായിരുന്നു.

ജേഷ്ഠനോടുള്ള വ്യക്തിപരമായ വൈരംനിമിത്തം മുഗൾപക്ഷത്തിൽ ചേന്നിരുന്ന ശക്തനും ഹൽദി ഘട്ടത്തിലെത്തിയിരുന്നു. ജ്യേഷ്ഠൻെറ അസാധാരണ വീരത്വവും ധൈയ്യപരാക്രമവും കണ്ടു് അയാൾ മോഹിതനായിത്തീരുകയും, പ്രതാപൻെറ നേക്കുള്ള ഭക്തിബഹുമാനങ്ങൾ വർദ്ധിക്കുകയും ചെയ്തു. രണശ്രാന്തനായ സഹോദരനെ പിടിക്കുവാൻ രണ്ടു മുഗൾഭടന്മാർ ഉദ്യുക്തരായതു കണ്ടപ്പോൾ ശക്തസിംഹൻ സകല വൈരങ്ങളും മറന്നു് ജ്യേഷ്ഠനെ രക്ഷിക്കുവാൻ കുതിരയെ പായിച്ചു. പിന്തുടൎന്നുകൊണ്ടിരുന്ന മുഗൾ ഭടന്മാരെ വധിച്ചു് ആയാൾ പ്രതാപനെ സമീപിക്കുകയും, ജേഷ്ഠൻെറ പാദങ്ങളിൽ വീണു് സർവ്വാപരാധങ്ങളും ക്ഷമിക്കണെ

മെന്നപേക്ഷിക്കുകയും ചെയ്തു. ഭ്രാതാക്കൾ രണ്ടുപേരും ആലിംഗനസുഖത്തിൽ അമൎന്നു്, കഴിഞ്ഞ കാൎയ്യങ്ങളെപ്പററി ഓരോന്നു പറഞ്ഞുകൊണ്ടിരുന്ന സമയത്തു്, പ്രതാപനു് മൎമ്മഭേദകമായിത്തീൎന്ന മററൊരു സംഭവവും അവിടെ നടന്നു. മുറിവേററു് അവശതയിലായിരുന്ന പ്രതാപൻെറ കുതിര അവിടെ മരിച്ചുവീണു. ഇതുകണ്ടു് പ്രതാപസിംഹൻ പൊട്ടിക്കരഞ്ഞുപോയി. ശക്തനാകട്ടെ, സ്വന്തം കുതിരയെ ജ്യേഷ്ഠനു കൊടുത്തിട്ടു്, മുഗൾപക്ഷത്തിലുള്ളവൎക്കു് സംശയം തോന്നാതിരിക്കുവാൻ വേണ്ടി ഉടനെ മാനസിംഹൻെറ പാളയത്തിലേക്കു മടങ്ങി. എന്നാൽ അധികം താമസിയാതെ ശക്തസിംഹൻ മുഗൾപക്ഷത്തെ ഉപേക്ഷിക്കുകയും, പിൽക്കാലമെല്ലാം പ്രതാപസിംഹൻെറ സന്തത സഹകാരിയായി വൎത്തിക്കുകയും ചെയ്തു.

ചൈതകം മരിച്ചു വീണസ്ഥലത്തു്, പ്രതാപൻ ഉചിതമായ ഒരു സ്മാരകം പണികഴിപ്പിച്ചു. ബാലോലിനു സമീപമായി, "ചൈതകാ ചാ ബുത്രാ" എന്ന പേരിൽ പ്രസ്തുതസ്മാരകം ഇന്നും കാണപ്പെടുന്നു. മീവാരരാജ്യത്തിൽ പ്രതാപസിംഹൻെറ ചിത്രമുള്ള ഗൃഹങ്ങളിലെല്ലാം ചൈതകത്തിൻെറ ചിത്രവും കാണാവുന്നതാണു്.

# മീവാര വിഷയം

വർഷാധിക്യത്തോടുകൂടി പർവ്വതപ്രദേശങ്ങൾ ദുർഗ്ഗമങ്ങളായിത്തീർന്നതുകൊണ്ടു് മുഗൾ സൈന്യം തല്ക്കാലത്തേക്കു് അവിടം വിടുകയും, അങ്ങിനെ അല്പകാലം പ്രതാപസിംഹന്നു വിശ്രമത്തിന്നുള്ള അവസരം ലഭിക്കുകയുംചെയ്തു. പക്ഷെ, ചക്രവർത്തിയുടെ സൈന്യം വർഷമവസാനിച്ചപ്പോൾ വീണ്ടും എത്തി. അന്നും പ്രതാപന്നു് പരാജയം നേരിടുകയും അദ്ദേഹം സൈന്യങ്ങളോടുകൂടി കമലമീരത്തിലുള്ള കോട്ടയിൽ ചെന്നുചേരുകയും ചെയ്തു. മുഗൾസേനാധിപനായ സാഹബജ്ഖാൻ കോട്ട വളഞ്ഞു് വീണ്ടും യുദ്ധമാരംഭിച്ചു. രാജപുത്രന്മാർ വീർയ്യപരാക്രമങ്ങളോടുകൂടി കോട്ട രക്ഷിച്ചുകൊണ്ടു നിന്നുവെങ്കിലും, കോട്ടയ്ക്കുള്ളിൽ വെള്ളത്തിന്നു ക്ഷാമം നേരിട്ടതുകൊണ്ടു് മഹാറാണന്നും അനുയായികൾക്കും അധികം താമസിയാതെ അവിടം വിടേണ്ടിവന്നു. കോട്ട രക്ഷിക്കേണ്ടു ഭാരം ഒരു വിശ്വസ്തസാമന്തനായ ശോണിഗുരുവിനെ ഏല്പിച്ചിട്ടാണു് പ്രതാപൻ കമലമീരം വിട്ടതു്. വീരനായ അദ്ദേഹം സ്വന്തം അനുയായികളോടുകൂടി അവസാനംവരെ കോട്ട രക്ഷിച്ചുകൊണ്ടു് പോർക്കളത്തിൽ പ്രാണൻ കളഞ്ഞു. കമലമീരം മുഗൾചക്രവർത്തിയ്ക്കധീനമായെങ്കിലും, നിരാശ്രയനായ പ്രതാപൻ തന്റെ

കഠോരവ്രതത്തിൽനിന്നും അണുപോലും വ്യതിചലിക്കുക യുണ്ടായില്ല. അദ്ദേഹം, മീവാരത്തിൻെറ തെക്കുപടി ഞ്ഞാറായി സ്ഥിതിചെയ്യുന്ന ചപ്പന എന്ന സ്ഥലത്തു് പർവ്വതോപരിഭാഗത്തുള്ള ചൌന്ദ എന്ന ചെറുനഗരി യിൽ താമസം തുടങ്ങി.

എന്തൊക്കെ വന്നാലും, താൻ അക്ബർ ചക്രവ ത്തിയ്ക്കു കീഴടങ്ങുകയില്ലെന്നായിരുന്നു പ്രതാപസിംഹന്റെ നിശ്ചയം. എന്തൊക്കെ നഷ്ടപ്പെട്ടാലും, പ്രതാപനെ കീഴടക്കുമെന്നു് ചക്രവത്തിയും നിശ്ചയിച്ചു. മീവാരം പിടിച്ചടക്കുന്നതിനായി പലേ സേനാധിപന്മാരുടേയും കീഴിൽ അസംഖ്യം സൈന്യങ്ങളെ അദ്ദേഹം അടിക്കടി അയച്ചുതുടങ്ങി. ഇവരെല്ലാം രാജ്യത്തിൻെറ പല ഭാഗ ങ്ങളിലുമായി എത്തി താവളമടിയ്ക്കുകയും ചെയ്തു. പ്ര താപസിംഹനു് കിടക്കപ്പൊറുതി കൊടുക്കരുതെന്നായി രുന്നു ശത്രുക്കളുടെ നിശ്ചയം. തൻെറ ശോഷിച്ച സേന കൊണ്ടു് മഹാറാണനു് എന്തുതന്നെ സാധിക്കും? ഒരു സ്ഥലം രക്ഷിക്കാൻ അദ്ദേഹം ചെല്ലുമ്പോഴേയ്ക്കും, മററു പലസ്ഥലങ്ങളും ശത്രുക്കൾ കൈവശപ്പെടുത്തും. ധര മേതി, ഗോഗുണ്ഡ, തുടങ്ങിയുള്ള കോട്ടകളും, ഒടുവിൽ ചൌന്ദാനഗരംതന്നെയും പ്രതാപൻെറ കയ്യിൽനിന്നും വിട്ടുപോയി. നാലുപുറവും ശത്രുക്കളാൽ വളയപ്പെട്ട മഹാറാണൻെറ സ്ഥിതി ഊഹിക്കുകയാണു് ഭേദം. അ ദ്ദേഹം ശത്രുക്കൾക്കു പിടികൊടുക്കാതെ, സ്വന്തം അനു യായികളോടുകൂടി പർവ്വതങ്ങളിലും കാടുകളിലുമായി

ചുററി സഞ്ചരിച്ചുകൊണ്ടിരുന്നു. അക്കാലങ്ങളിൽ മഹാ റാണൻെറ പുത്രകളത്രാദികളെ സംരക്ഷിച്ചുപോന്നതു് സ്വാമിഭക്തരായ ഭീലവগ്ഗക്കാരായിരുന്നു. ഭക്ഷണപദാത്ഥങ്ങൾ ശേഖരിച്ചുകൊടുക്കുക, ദിവാനിശം അവരെ കാത്തുരക്ഷിക്കുക, ശത്രുക്കൾ വരുന്നുവെന്നറിഞ്ഞാൽ അവരെ വലിയ കുട്ടകളിൽ കയററി ഗൂഢമാഗ്ഗങ്ങളിൽക്കൂടി എടുത്തുകൊണ്ടുപോയി രക്ഷപ്പെടുത്തുക—ഇതെല്ലാം ഭീലന്മാർ അത്യന്ത ശുഷ്കാന്തിയോടുകൂടി നിവ്വഹിച്ചുപോന്നു. കാടുകളിൽ സഞ്ചരിച്ചിരുന്ന മഹാറാണനാകട്ടെ, ഓരോ സ്ഥലങ്ങളിലും വച്ചു് ആകസ്മികമായി ശത്രുക്കളോടെതിരിട്ടു് അവക്കു് പലവിധ നാശങ്ങൾ വരുത്തുകയും പതിവായിരുന്നു. ഇങ്ങനെ, പ്രതാപനെ അമർച്ചചെയ്യുന്നതിനു് ചക്രവത്തിയുടെ സേനാധിപന്മാക്കു് ഒരിക്കലും സാധിക്കയില്ലെന്ന പതനം വന്നു. എല്ലാ കൊല്ലവും വഷം കഴിയുമ്പോൾ അവർ പുതിയ സൈന്യങ്ങളുമായിവന്നു് മീവാരരാജ്യത്തെ ആക്രമിക്കും. പ്രതാപസിംഹനാകട്ടെ, ആ പർവ്വതപ്രദേശത്തുതന്നെ താമസിച്ചു് അതേ യുദ്ധക്രമംതന്നെ തുടന്നു് ശത്രുക്കൾക്കു് ഉപദ്രവങ്ങളുണ്ടാക്കുകയും അത്യധികമായ ക്ലേശങ്ങൾ സഹിച്ചു് ജീവരക്ഷ സാധിക്കുകയും ചെയ്യും. എത്ര ഭയങ്കരമായ ക്ലേശങ്ങളുണ്ടായിട്ടും, അദ്ദേഹം തൻെറ ദൃഢനിശ്ചയത്തിൽനിന്നും വ്യതിചലിക്കുകയുണ്ടായില്ല. അദ്ദേഹത്തിൻെറ അലോകസാധാരണമായ വീരചരിതങ്ങൾ ശ്രവിച്ചു് അക്ബർ ചക്രവത്തി ഉൾപ്പെടെയുള്ള

ശത്രുക്കളെല്ലാം വിസ്മയിക്കുകയും പ്രകമ്പിതരായിത്തീരുകയും ചെയ്തു. ശത്രുക്കൾ ആ വീരാധിവീരനെ അകമഴിഞ്ഞു് വാഴ്ത്തി. മുഗൾരാജധാനിയിലുള്ള പ്രമാണികളെല്ലാം പ്രതാപസിംഹനെ മനസാ പൂജിക്കുവാൻ തുടങ്ങി.

അദ്ദേഹത്തിൻെറ ഈ കഷ്ടകാലത്തിനിടക്ക് എത്രഭയങ്കരങ്ങളായ ക്ലേശങ്ങളാണു് ആ മഹാനുഭാവനുണ്ടായിക്കൊണ്ടിരുന്നതെന്നതിനു് രാജപുത്രേതിഹാസങ്ങളിൽ അനേകം കഥകൾ പറഞ്ഞുകാണുന്നുണ്ടു്. ഒരവസരത്തിൽ, മഹാറാണാനും കുടുംബത്തിനും ഭക്ഷണം മുഴുവനാക്കാൻ സാധിക്കാതെ, ശത്രുക്കളുടെ ഉപദ്രവംമൂലം ഏഴു തവണ താവളം മാറേറണ്ടതായി വന്നിട്ടുണ്ടത്രെ. യുവരാജാവായ അമരസിംഹൻെറ പത്നി ഈ വനവാസം പൊറുക്കാൻ ത്രാണിയില്ലാതെ, കാട്ടിലുള്ള ഒരു കുടിലിൽ വിശ്രമിച്ചുകൊണ്ടിരിക്കുമ്പോൾ ഭത്താവിനോടു ചോദിച്ചു, ഇത്തരം കഠോരപരീക്ഷകൾക്ക് ഒരററവുമറുതിയുമില്ലേ എന്നു്. "ഒരു രാജപുത്രമഹാറാണാൻ മുഗൾ ചക്രവത്തിയോട്ടു് ഇത്ര കഠിനമായ വൈരത്തോടുകൂടി വത്തിക്കുമ്പോൾ, ഇതുപോലുള്ള ഒരു ചോദ്യത്തിനു് ഉത്തരം പറവാൻ സാധ്യമേ അല്ല"എന്നാണു് അമരസിംഹൻ ഇതിനു മറുപടി പറഞ്ഞതു്. ഒരുദിവസം മഹാറാണൻെറ പട്ടമഹിഷിയും പുത്രഭായ്യയുംകൂടി കാട്ടുകിഴങ്ങുകൾ അരച്ചു് അപ്പം ഉണ്ടാക്കി കുട്ടികൾക്കു് ഓരോ അപ്പം വീതം കൊടുത്തു. പട്ടിണികൊണ്ടു വലഞ്ഞിരുന്ന അവക്കു്, അന്നു് ഈ ഓരോ അപ്പം മാത്രമായിരുന്നു ആഹാരം. അതു

കൊണ്ടു് പകുതി അപ്പോൾ തിന്നാനും, ബാക്കി പകുതി വൈകുന്നേരത്തേയ്ക്കു സൂക്ഷിക്കാനും കുട്ടികൾ തീർച്ചപ്പെടുത്തി. മഹാറാണന്റെ പുത്രി, പകുതിഅപ്പം മടിയിൽ വച്ചുകൊണ്ടു് മറേറപ്പകുതി തിന്നുകൊണ്ടിരുന്നപ്പോൾ ഒരു കാട്ടുപൂച്ചവന്നു് ആ അപ്പം അപഹരിച്ചുകൊണ്ടു പോയി. സങ്കടം സഹിക്കവെഹിയാതെ ബാലിക പൊട്ടിക്കരഞ്ഞുതുടങ്ങി. തന്നെ അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്ന ആപത്തുകളേയും ക്ലേശങ്ങളേയും കുറിച്ചും, രാജ്യത്തിന്റെ ഭാവിയെപ്പററിയും ചിന്തിച്ചു് വ്യസനാക്രാന്തനായി അടുത്തൊരു ദിക്കിൽ ഇരുന്നിരുന്ന പ്രതാപസിംഹൻ ഈ കരച്ചിൽ കേട്ടു് ഞെട്ടിയെഴുന്നേററു. സംഗതിയെല്ലാം പെട്ടെന്നു മനസ്സിലാക്കിയ അദ്ദേഹം, മതിമറന്നവനെപ്പോലെയായി. തന്റെ ഹൃദയം പൊട്ടിത്തെറിക്കുന്നതുപോലെ അദ്ദേഹത്തിനു തോന്നി. രാജ്യവും സർവൈശ്വര്യങ്ങളും നശിച്ചപ്പോഴും, ബന്ധുമിത്രാദികളുടെ ചുടുനിണം അടക്കളത്തിൽ ഇടവിടാതെ ഒഴുക്കിക്കൊണ്ടിരുന്നപ്പോഴും യാതൊരു കലുക്കവുമില്ലാതെ വത്തിച്ച ആ വീരാധിവീരൻ പുത്രിയുടെ കരച്ചിൽ കേട്ടപ്പോൾ കേവലം പ്രാകൃതനെപ്പോലെയായി വിലപിച്ചു തുടങ്ങി. "എനിയ്ക്കു് എല്ലാംകൊണ്ടും തൃപ്തിവന്നു; ഇനി അക്ബറുടെ ഇഷ്ടംസാധിക്കട്ടെ" എന്നുപറഞ്ഞുകൊണ്ടു് താൻ ചക്രവത്തിയ്ക്കു കീഴടങ്ങിയതായി കാണിച്ചുകൊണ്ടു് ആ ദുർബ്ബലനിമിഷത്തിൽ മഹാറാണൻ ഒരു കത്തെഴുതി അയച്ചു. പട്ടമഹിഷിയുടെ സാന്ത്വനങ്ങളോ, സാമന്തപ്രമു

ക്കന്മാരുടെ ഉപദേശങ്ങളോ ഒന്നുംതന്നെ അദ്ദേഹം വക വച്ചില്ല.

ഈ സംഭവം പ്രതാപസിംഹൻെറ സ്വഭാവത്തിനല്ല ഒരു ന്യൂനതയായി ഗണിക്കപ്പെട്ടേക്കുമെങ്കിലും, അദ്ദേഹവും ഒരു മനുഷ്യനായിരുന്നു എന്നുമാത്രമേ ഇതു സൂചിപ്പിക്കുന്നുള്ളു. മനുഷ്യസഹജമായ മനോദൌർബ്ബല്യങ്ങളിൽ നിന്നു് മഹാറാണനും രക്ഷനേടുവാൻ സാധിച്ചില്ല. വജ്രംപോലെ കഠിനമായ തൻെറ മനസ്സു് പുഷ്പംപോലെ മാർദ്ദവമേറിയതുമാണെന്നു് അദ്ദേഹത്തിൻെറ ഈ വിഭ്രാന്തി മററുള്ളവക്കു് ബോദ്ധ്യപ്പെടുത്തിക്കൊടുത്തു.

പ്രതാപൻെറ ഈ ലേഖനം അക്ബർചക്രവത്തിയെ ആനന്ദസാഗരത്തിൽ ആറാടിച്ചു എന്നു പറയേണ്ടതില്ലല്ലോ. മീവാരം പിടിച്ചടക്കണമെന്നോ അവിടത്തെ ഐശ്വര്യങ്ങൾ സ്വായത്തമാക്കണമെന്നോ ഉള്ള വിചാരം അക്ബക്കു് ഒടുവിലൊടുവിലായപ്പോൾ കുറഞ്ഞുതുടങ്ങിയിരുന്നു. രാജപുത്രവംശസൂൎയ്യനായ പ്രതാപസിംഹനെ ഒരിയ്ക്കലെങ്കിലും തനിയ്ക്കു കീഴടക്കണമെന്ന മോഹം ഉൽക്കടമായി അദ്ദേഹത്തിൽ അവശേഷിക്കുകയും ചെയ്തിരുന്നു. അതു സാധിച്ചു എന്നുവന്നപ്പോൾ അക്ബർ വിജയോന്മത്തനായിത്തീന്നു്, രാജധാനിയിൽ സവ്വത്ര ഉത്സവം ആഘോഷിച്ചുതുടങ്ങി. ചക്രവത്തിയുടെ അന്തേവാസികളിൽ ഒരു പ്രധാനിയായിരുന്ന പൃത്ഥ്വീരാജാവിന്നു്, പ്രതാപൻെറ ഈ കീഴടങ്ങൽ അളവററ മനോവേദനയ്ക്കിടയാക്കി. മുഗൾ ചക്രവത്തിയ്ക്കടിമപ്പെട്ടുവെങ്കിലും, പ്ര

താപന്റെ വീര്യശൌര്യങ്ങളും അമാനുഷഗുണങ്ങളും കണ്ടു് അദ്ദേഹത്തെ മനസാ ആരാധിച്ചുപോന്നവരിൽ പ്രധാനിയായിരുന്ന പൃത്ഥ്വീരാജാവു് ഈ എഴുത്തു വ്യാജമാണെന്നും, ഡില്ലീസിംഹാസനം കിട്ടിയാൽപ്പോലും ചക്രവൎത്തിക്കു് കിഴടങ്ങുന്നയാളല്ലാ പ്രതാപനെന്നും, ചക്രവൎത്തി അനുവദിച്ചാൽ താൻ ഇതിന്റെ സൂക്ഷ്മം മനസ്സിലാക്കാമെന്നും പറഞ്ഞു്, അക്ബരുടെ അനുവാദത്തോടുകൂടി പ്രതാപസിംഹനു് അദ്ദേഹം ഒരു കത്തയച്ചു. പ്രതാപനെക്കൊണ്ടു് ഈ എഴുത്തു പിൻവലിപ്പിച്ചു, ശിശോദീയ വംശത്തിന്റെ മഹിമയെ രക്ഷിക്കണമെന്നായിരുന്നു പൃത്ഥ്വീരാജാവിന്റെ ഉദ്ദേശം. നല്ലൊരു കവിയായിരുന്ന അദ്ദേഹം, സാരഗൎഭമായ ഒരു ചെറുകവിതയുണ്ടാക്കി പ്രതാപന്നയച്ചുകൊടുത്തു. ഈ ലേഖനം കുറിയ്ക്കുകൊണ്ടു. വികാരോദ്ദീപകമായ ആ കവിതവായിച്ചു്, പ്രതാപസിംഹൻ ആനന്ദോന്മത്തനായി. ചക്രവൎത്തിയ്ക്കു് എഴുത്തയച്ചതിനെത്തുടൎന്നു്, ദുസ്സഹമായ മനോവേദനയനുഭവിക്കുകയായിരുന്നു അദ്ദേഹം. ആ മനോവേദന നശിച്ചു എന്നമാത്രമല്ലാ, താൻ ഒരിയ്ക്കലും അക്ബൎക്കു കീഴടങ്ങുകയില്ലെന്നു് അദ്ദേഹം ഒരിയ്ക്കൽക്കൂടി ഉറയ്ക്കുകയും ചെയ്തു. പക്ഷെ, എന്തുറപ്പാണതു്? ആളില്ല, അൎത്ഥമില്ല, ഉള്ള സൈന്യങ്ങൾക്കു് ഭക്ഷണത്തിനുപോലും മാൎഗ്ഗമില്ല. ഈഘട്ടത്തിൽ, മീവാരരാജ്യം ഉപേക്ഷിച്ചു് സ്വാമിഭക്തരായ തന്റെ അന്തേവാസികളുമൊന്നിച്ചു് സിന്ധുനദീതീരങ്ങളിലെങ്ങാനും ചെന്നു് താമസിക്കാമെന്നു് അദ്ദേഹം ഒടുവിൽ തീൎച്ചയാക്കി. യാത്രയ്ക്കുവേണ്ട ഒരുക്ക

ങ്ങളുംചെയ്തുതുടങ്ങി. പക്ഷെ, മീവാരത്തിലെ പഴയ മന്ത്രിസത്തമനായിരുന്ന ഭാമാസാഹയുടെ അലോകസാധാരണമായ ആത്മത്യാഗം നിമിത്തം, മഹാറാണന്നു് വീണ്ടും മീവാര സിംഹാസനത്തിലിരിക്കാൻ സംഗതിയായി.

രാജ്യം വിട്ടോടിപ്പോവാൻ തീർച്ചയാക്കിയ പ്രതാപസിംഹനോടു യാത്രപറവാൻ എത്തിച്ചേൎന്ന ഭാമാസാഹയും ഉണ്ടായിരുന്നു. അദ്ദേഹവും അദ്ദേഹത്തിൻെറ പൂൎവ്വന്മാരും വളരെക്കാലം മീവാരത്തിലെ മന്ത്രിസ്ഥാനംവഹിച്ചു് ഒട്ടേറെ പണം സമ്പാദിച്ചിട്ടുണ്ടായിരുന്നു. തൻെറ സമസ്തസമ്പാദ്യങ്ങളും ഭാമാസാഹ പ്രതാപൻെറ കാൽക്കൽ കാഴ്ചവച്ചുകൊണ്ടു്, മീവാരരാജ്യം ഉപേക്ഷിക്കാൻ ചെയ്തതീർച്ചയെപ്പററി ഒരിയ്ക്കൽക്കൂടി യോപൂൎവ്വം ആലോചിക്കണമെന്നു് അഭ്യൎത്ഥിച്ചു. പ്രതാപസിംഹനും അദ്ദേഹത്തിൻെറ അന്തേവാസികളും ഈ അത്ഭുതകൃത്യംകണ്ടു് അമ്പരന്നു നിന്നുപോയി. ഭാമാസാഹയുടെ സ്വത്തു്, ഇരുപത്തയ്യായിരം ഭടന്മാൎക്കു് പന്ത്രണ്ടുകൊല്ലത്തേയ്ക്കാവശ്യമുള്ള ചെലവുകൾക്കു് ധാരാളം മതിയാവുന്ന ഒന്നായിരുന്നു. രാജപുത്രന്മാർ തങ്ങളുടെ സകല ക്ലേശങ്ങളും മറന്നു. മഹാറാണൻെറ പാളയം, ആഹ്ലാദധ്വനികൊണ്ടു് മുഖരിതമായി. രാജ്യംവിട്ടുപോവാൻ ചെയ്തനിശ്ചയമെല്ലാം ഉപേക്ഷിച്ചിട്ടു്, പ്രതാപൻ പെട്ടെന്നു് പടക്കോപ്പുകൾ കൂട്ടുകയാണുണ്ടായതു്.

സ്വദേശത്തിൻെറ സ്വാതന്ത്ര്യത്തിനുവേണ്ടി കഴിയുന്നത്ര യത്നമെല്ലാം ചെയ്യുമെന്നും, ഉദ്ദേശം സാധിക്കാത്ത

പക്ഷം, രണഭൂമിയിൽ ജീവത്യാഗം ചെയ്ത് തൻെറ മനോയാതനയ്ക്ക് അവസാനം വരുത്തുമെന്നും മഹാറാണൻ കരിയ്ക്കൽക്കൂടി പ്രതിജ്ഞ ചെയ്തു. ഇതുവെറുതേയായില്ല. വിജയലക്ഷ്മി വീണ്ടും വീണ്ടും അദ്ദേഹത്തിൻെറ ഗളത്തിൽ വരണമാലയിടുവിച്ചു. ഒന്നാമതായി, മിവാരത്തിൻെറ വടക്കുഭാഗത്തുള്ള ദേവീരം എന്ന സ്ഥലത്തു വെച്ചു മുഗൾ സേനയുമായി രാജപുത്രർ ഏററുമുട്ടുകയും, ഭയങ്കരമായ യുദ്ധത്തിനുശേഷം മുഗളന്മാരെ നിശ്ശേഷം തോല്പിച്ചോടിയ്ക്കുകയും ചെയ്തു. ഇതു് മീവാര വിജയത്തിൻെറ ആദ്യത്തെ പടിയായിരുന്നു. ഹല്ദി ഘട്ടത്തിൽ വെച്ചുണ്ടായ പരാജയത്തിനുശേഷം രാജപുത്രർ ഏതുവിധം അടിയ്ക്കടി തോല്പിക്കപ്പെട്ടുവോ, അതേവിധം ദേവീരത്തിലെ വിജയത്തിനുശേഷം അവക്ക് സർവത്ര വിജയവും ലഭിച്ചു തുടങ്ങി. അല്പദിവസങ്ങൾക്കുള്ളിൽ പ്രതാപസിംഹൻ കമലമീരം ഉൾപ്പടെയുള്ള മുപ്പത്തിരണ്ടു കോട്ടകളെ ആക്രമിച്ചു് പിടിച്ചടക്കി. എന്തിനു്, അധികം താമസിയാതെ അദ്ദേഹം, ചിതോർ, അജ്മീർ, മന്ദാൽഗർ എന്നിവ ഒഴികേയുള്ള സകല സ്ഥലങ്ങളും സ്വാധീനമാക്കുകയും ചെയ്തു. ഇങ്ങിനെ, വളരെ നാളത്തെ ക്ലേശങ്ങൾക്കും, തീവ്രയത്നങ്ങൾക്കും ശേഷം, മീവാരരാജ്യത്തിനു് വീണ്ടും സ്വാതന്ത്ര്യം ലഭിച്ചു. ഇതിനുവേണ്ടി രാജപുത്രന്മാർ പ്രദർശിപ്പിച്ചതുപോലുള്ള മനുഷ്യസാധാരണമല്ലാത്ത ആത്മത്യാഗവും സഹനശീലവും വീര്യപരാക്രമങ്ങളും ഭൂലോകത്തിലെ യാതൊരു

രാജ്യചരിത്രത്തിലും കാണാൻ കഴിയുമോ എന്നുള്ളതു് അത്യന്തം സംശയമായിട്ടുള്ള ഒന്നാണ്.

റാണാ പ്രതാപസിംഹൻ, 1597 ജനുവരി മാസത്തിൽ, തന്റെ 57-ാമത്തെ വയസ്സിൽ ചൌന്ദ എന്ന സ്ഥലത്തുവെച്ചു് നിര്യാതനായി. മരണമുഹൂർത്തത്തിൽപ്പോലും, തന്റെ ജന്മഭൂമിയെപ്പററിയുള്ള ചിന്ത മാത്രമായിരുന്നു അദ്ദേഹത്തിന്റെ മനസ്സിൽ മുന്നിട്ടു നിന്നിരുന്നതു്. മുഗളാധിപത്യത്തിനു കീഴ്പ്പെടുകയില്ലെന്നും, ഒരിയ്ക്കലും മാതൃഭൂമിയുടെ സ്വാതന്ത്ര്യം വിററു തിന്നുകയില്ലെന്നുമുള്ള ഒരു പ്രതിജ്ഞ തന്റെ സീമന്ത പുത്രനെക്കൊണ്ടും രാജപുത്രപ്രധാനന്മാരെക്കൊണ്ടും ചെയ്യിച്ചതിന്മേൽ മാത്രമേ അദ്ദേഹം അന്ത്യശ്വാസം വലിക്കുകയുണ്ടായുള്ളു.

മീവാരത്തിന്റെ മിക്ക ഭാഗവും തന്റെ അധീനത്തിലായി എങ്കിലും, ശിശോദീയ രാജപുത്രന്മാരുടെ പുരാതന രാജധാനിയായ ചിത്തോർ വീണ്ടെടുക്കാൻ സാധിക്കാഞ്ഞതുകൊണ്ടുള്ള ക്ലേശം പ്രതാപനെ മരണംവരെ പീഡിപ്പിച്ചുകൊണ്ടു തന്നേയിരുന്നു. ഈ ചിന്തമാത്രമാണു് അദ്ദേഹത്തെ മരണത്തോടു് ഇത്രവേഗം അടുപ്പിച്ചതെന്നും പറയപ്പെടുന്നു. ചിത്തോർ വീണ്ടെടുക്കാൻ സാധിക്കാതിരുന്നതുകൊണ്ടു്, മഹാറാണൻ തന്റെ കഠിനവ്രതത്തിനു ഭംഗം വരുത്താതെ, സകല സുഖങ്ങളും ഉപേക്ഷിച്ചു് യതിവൃത്തിതന്നെ മരണപര്യന്തം അനുഷ്ഠിച്ചുപോന്നു. മരണശയ്യയിൽ കിടന്നുകൊണ്ടു് ഇടയ്ക്കിടേ

ദീനസ്വരം പുറപ്പെടുവിച്ചുകൊണ്ടിരുന്ന ആ രാജപുത്ര സിംഹത്തോട്, വ്യസനപരവശരായ സാമന്തപ്രഭുക്കന്മാർ ''എന്തു വ്യസനമാണ് ഈ അന്ത്യ വേളയിലും മഹാറാണനെ പീഡിപ്പിക്കുന്നതു്?'' എന്ന് ചോദിക്കുകയുണ്ടായത്രേ. "മീവാരത്തെ മുഗളന്മാക്ക് അധീനപ്പെടുത്തുകയില്ലെന്ന പ്രതിജ്ഞ കേട്ടാൽ മാത്രമേ ഞാൻ സമാധാനത്തോടുകൂടി മരിക്കയുള്ളൂ" എന്നാണ് അദ്ദേഹം ഇതിനു മറുപടി പറഞ്ഞതു്. "ചിതോർ വീണ്ടെടുക്കാൻ എനിക്കു സാധിച്ചില്ല. എൻെറ പുത്രനും അതു സാധിക്കുമെന്നു തോന്നുന്നില്ല. വമ്പിച്ച ത്യാഗങ്ങളും കഠോരപരീക്ഷകളും സഹിപ്പാൻ അമരസിംഹനെക്കൊണ്ട് സാദ്ധ്യമാവുമെന്ന് എനിക്കു തോന്നുന്നില്ല. ഇപ്പോഴം ഇവിടെക്കാണുന്ന പർണ്ണശാലകളെല്ലാം നശിപ്പിച്ചു്, ആ സ്ഥലങ്ങളിൽ മണിമാളികകളും, ആഡംബരപൂർണ്ണമായ രാജധാനിയും നിർമ്മിക്കപ്പെടുമെന്നു എൻെറ ജ്ഞാനദൃഷ്ടി എന്നെ കാണിച്ചു തരുന്നു. ജന്മഭൂമിയുടെ സ്വാതന്ത്ര്യപ്രാപ്തിക്കുവേണ്ടി നമ്മുടെ ശരീരത്തിലെ ചോര വെള്ളംപോലെ ഒഴുക്കിയതെല്ലാം ഈ സുഖഭോഗങ്ങളുടെ തിളക്കത്തിൽപ്പെട്ട് വിസ്മൃതമായിത്തീരുമല്ലൊ!" സാമന്തപ്രഭുക്കന്മാർ ഇതുകേട്ട് കണ്ണുനീർ വാർത്തുകൊണ്ട്, പ്രതാപസിംഹൻ അനുഗ്രഹിച്ചവിധത്തിലുള്ള ശപഥം ചെയ്യുകയും, അദ്ദേഹത്തിന്റെ പുത്രനുവേണ്ടി ജാമ്യം നിൽക്കുകയും ചെയ്തു. ഇതു കേട്ടപ്പോഴം മഹാറാണന് സന്തോഷമായി. മനസ്സമാധാനത്തോടുകൂടി അദ്ദേഹം കണ്ണടയ്ക്കുകയും ചെയ്തു.

പ്രതാപസിംഹന്റെ ചരമദിനം, ഭാരതവർഷത്തിൽ വലിയ ഒരു ദുഃഖദിനമായിരുന്നു. ബന്ധുക്കളും, ശത്രുക്കളും, ധനികരും ദരിദ്രരും ജാതിമതഭേദമെന്യേ മഹാറാണന്റെ മരണത്തെപ്പററി ഒരുപോലെ ദുഃഖിച്ചു. റാണാ പ്രതാപന്റെ ചരമവാർത്ത ദില്ലിയിൽ എത്തിയപ്പോൾ, ജന്മശത്രുവായിരുന്ന അക്ബർ ചക്രവർത്തി പോലും ദുസ്സഹദുഃഖത്തിനടിമപ്പെടുകയുണ്ടായി. മഹാനായ അക്ബർ, മഹാനായ തന്റെ പ്രതിയോഗിയുടെ പൌരുഷത്തേയും മററു മഹൽഗ്ഗുണങ്ങളേയും മനസാ ആരാധിച്ചു വന്നിരുന്നയാളാണ്. പ്രതാപന്റെ വീരതാ ത്തിൽ നീചതയുടെ കണികപോലുമുണ്ടായിരുന്നില്ല. അദ്ദേഹം ഒരിയ്ക്കലും ഒരു മതഭ്രാന്തനുമായിരുന്നില്ല. മുഗളന്മാരോട് അദ്ദേഹം ശത്രുതാ‍ഭാവന വർത്തിച്ചതു് അവർ അന്യമതസ്ഥരായിരുന്നതുകൊണ്ടല്ലാ; തന്റെ മാതൃഭൂമിയുടെ സ്വാതന്ത്ര്യത്തിനും സുസ്ഥിതിക്കും അവർ ഹന്താക്കളായിത്തീർന്നതുകൊണ്ടു മാത്രമാണ്. എന്നിട്ടും, ശത്രുക്കളുടെ നേരെ അന്യായ പ്രവൃത്തികളോ, ശത്രുനാശത്തിനുവേണ്ടി കപടവൃത്തികളോ വിശ്വാസവഞ്ചനയോ ഒരിയ്ക്കലും അദ്ദേഹം കൈക്കൊള്ളുകയുമുണ്ടായില്ല. സ്വരാജ്യത്തിന്റെ ഉദ്ധാരണമായിരുന്ന പ്രതാപന്റെ ജീവിതോദ്ദേശം അന്യരാജ്യങ്ങൾ പിടിച്ചടക്കണമെന്നോ അന്യരുടെ ധനം അപഹരിക്കണമെന്നോ ഉള്ള ഉദ്ദേശം അദ്ദേഹത്തിന് ഒരിക്കലുമുണ്ടായിട്ടില്ല. രാജപുത്രചരിത്രത്തിൽ പ്രതാപസിംഹനേക്കാൾ ധീരന്മാരായ യോദ്ധാ

ക്കളേയോ, അദ്ദേഹത്തേക്കാൾ ദീർഘവീക്ഷണമുള്ള രാജ്യതന്ത്രജ്ഞന്മാരേയോ കണ്ടേക്കാം; പക്ഷേ, ഒരിയ്ക്കലും അദ്ദേഹത്തോടു കിടനിൽക്കുന്ന ആത്മാർത്ഥതയുള്ള ഒരു സ്വദേശഭക്തനെ കണ്ടെത്തുവാൻ സാധിക്കുകയില്ല തന്നെ.

---

## റാണാ അമരസിംഹൻ

പ്രതാപസിംഹന്ന് പതിനേഴ പുത്രന്മാരുണ്ടായിരുന്നതിൽ ജ്യേഷ്ഠപുത്രനായ അമരസിംഹൻ, 1597 ജനുവരി 29—ാം തീയതി, സിംഹാസനാരൂഢനായി. ഇരുപത്തിമൂന്നു സംവത്സരക്കാലം അദ്ദേഹം മീവാരസിംഹാസനത്തെ അലങ്കരിക്കുകയും ചെയ്തു. ബാല്യം മുതൽക്കു തന്നെ അമരസിംഹൻ, പിതാവിൻെറ സന്തതസഹചാരിയായി വൎത്തിച്ചു പോന്നു. റാണാ പ്രതാപൻെറ ബഹുവിധമായ ക്ലേശങ്ങളിലും കഷ്ടാവസ്ഥയിലും അദ്ദേഹത്തെ നിഴൽപോലെ പിന്തുടരുകയും, എല്ലാ കഷ്ടപ്പാടുകളേയും, സസന്തോഷം സഹിക്കുകയും ചെയ്തു വന്ന അമരന്ന്, പിതാവിൽനിന്നും സമരരീതികളുടെ എല്ലാ വശങ്ങളെപ്പററിയുമുള്ള പരിജ്ഞാനം വേണ്ടപോലെ സിദ്ധിച്ചി

രുന്നു. മഹാറാണാ പ്രതാപസിംഹൻെറ സീമന്തപുത്ര
ന് സകലവിധമായ സഹായങ്ങളും ചെയ്വാൻ മററു
രാജപുത്രപ്രമാണികരം സന്നദ്ധരുമായിരുന്നു.

സിംഹാസനാരോഹണത്തിനു ശേഷമുള്ള അമര
സിംഹൻെറ പ്രവൃത്തികരം, അദ്ദേഹം ഒരു നല്ല വിവേ
കിയും ഭരണതന്ത്രജ്ഞനുമാണെന്നുവെളിപ്പെടുത്തി. ഭരണ
രീതികളേയും സ്ഥാപനങ്ങളേയും നവീകരിക്കുകയും, ഭൂമി
അളന്നു തിരിച്ച് കരം ചുമത്തുകയും ചെയ്തതിനുപുറമേ,
നിയമപരമായ പരിഷ്ക്കാരങ്ങളും അദ്ദേഹം സാധിച്ചു.
ഇത്തരം നിയമങ്ങളെല്ലാം കൽത്തൂണുകളിൽ കൊത്തിച്ച്
അവ രാജ്യത്തിൻെറ പലഭാഗങ്ങളിലായിസ്ഥാപിക്കുകയും
ചെയ്തു. പിതാവിൻെറ കഠോരവ്രതത്തിൻെറയും ശക്തി
അല്പമൊന്നു മാർദ്ദവപ്പെടുത്തേണ്ടതിൻെറ ആവശ്യകതയും
അമരസിംഹന് അനുഭവപ്പെട്ടു. അദ്ദേഹം, തനിക്കു താമ
സിക്കുന്നതിനായി മനോഹരമായ ഒരു ചെറിയ കൊട്ടാരം
പണികഴിപ്പിച്ചു. ദേവന്മാരുടെ ആ സ്ഥാനം എന്ന
അർത്ഥത്തിൽ അതിന് "അമരമഹാർ" എന്ന പേർ
കൊടുക്കുകയും ചെയ്തു. തൻെറ പൂർവ്വികനായിരുന്ന മഹാ
റാണാ കുംഭനെപ്പോലെ അമരസിംഹനും ഒരു പാണ്ഡി
ത്യപ്രണയിയായിരുന്നു. സാഹിത്യത്തിൻെറയും കലാ
വിദ്യകളുടേയും അഭിവൃദ്ധിക്ക് അദ്ദേഹം ചെയ്തിട്ടുള്ള
യത്നങ്ങരം ഗണ്യങ്ങളാണ്. ഹിന്ദിസാഹിത്യം, മഹാ
റാണാ അമരസിംഹന് വളരെയെല്ലാം കടപ്പെട്ടിട്ടുണ്ടെ
ന്ന വസ്തുതയും വിശേഷിച്ചു പ്രസ്താവ്യമത്രേ.

സംസ്കൃതചിത്തനായ ഈ രാജപുത്ര കുമാരന്റെ ഇത്തരം ശ്രമങ്ങൾക്കെല്ലാം, അക്ബർ ചക്രവൎത്തിയുടെ ശത്രുമനോഭാവം അധികം താമസിയാതെതന്നെ, പൂർണ്ണ വിരാമമിടുവിച്ചു. അമരസിംഹൻ രാജ്യഭാരമേററിട്ടു രണ്ടുവർഷം തികയുന്നതിനു മുമ്പുതന്നെ, മീവാരരാജ്യം ജയിച്ചു കീഴടങ്ങുന്നതിനു അക്ബർ ഒരു വലിയ സേന യോടുകൂടി സെലിം രാജകുമാരനേയും രാജസിംഹനേയും നിയോഗിച്ചു. രാജപുത്രന്മാർ അവരുടെ പാരമ്പൎയ്യമനു സരിച്ചു് പൌരുഷത്തോടുകൂടി ശത്രുക്കളെ എതിരിടുകയും ചെയ്തു. റാണാ അമരസിംഹൻ തന്നെയാണു് സേനാനാ യകത്വം വഹിച്ചു് ശത്രുക്കളുടെ മുൻനിരയെ ആക്രമി ച്ചതു്. പക്ഷേ, സുശക്തമായ മുഗൾസേനയോടു്, എ ണ്ണത്തിലും വണ്ണത്തിലും കുറവുള്ള രാജപുത്രസൈന്യം വിചാരിച്ചിട്ടു് ഒന്നും പററിയില്ല. പതിവുപോലെ രാജ പുത്രർ, പൎവ്വതപ്രദേശങ്ങളിലുള്ള ഗൂഢസ്ഥലങ്ങളിലേ ക്കു പിൻവാങ്ങാൻ നിർബ്ബന്ധരായി എന്നു പറഞ്ഞാൽ കഴിഞ്ഞല്ലോ. ഉന്തല, മോഹി, മന്ദാൽ, മന്ദാൽഗർ ചിതോർ തുടങ്ങിയുള്ള പ്രാകാരങ്ങളിൽ മുഗൾസേന വീണ്ടും താവളമുറപ്പിച്ചു. എന്നാൽ, അക്ബറുടെ വിജയ ത്തിനു തൽക്കാലത്തേക്കു അത്രയുംകൊണ്ടു് പരിധി കല്പി ക്കേണ്ടി വന്നു. മീവാരരാജ്യത്തിനു കൂടുതൽ അപമാ നവും ക്ലേശങ്ങളും ഉണ്ടാവുന്നതു കാണ്മാൻ അക്ബർ ചക്രവൎത്തിയ്ക്കു യോഗമുണ്ടായില്ല. ബംഗാളിൽ, അഫ് ഗാൻ പ്രമാണിയായ ഉസ്മാൻഖാൻ അക്ബർക്കെതി

രായി ലഹളയാരംഭിക്കുകയും, ചക്രവത്തിയുടെ ഉദ്യോഗസ്ഥന്മാരെ പരാജിതരാക്കുകയും ചെയ്തുകൊണ്ടു്, രാജപുത്താനയിലെ സൈനിക സംരംഭങ്ങളെല്ലാം നിറുത്തിവെച്ചിട്ടു് മാനസിംഹനേയും സൈന്യങ്ങളേയും അങ്ങോട്ടു തിരിച്ചു വിടേണ്ടതായി വന്നു. അധികം താമസിയാതെ അക്ബർ ഇഹലോകവാസം വെടിയുകയും ചെയ്തു.

അക്ബർ ചക്രവത്തിയുടെ നിര്യാണംകൊണ്ടു്, രാജപുത്രന്മാക്കും മീവാരരാജ്യത്തിനും സ്വൈരം ലഭിക്കുമെന്നു് ആരെങ്കിലും വിചാരിച്ചിരുന്നെങ്കിൽ അതു് അബദ്ധമായിത്തീരുകതന്നെ ചെയ്തു. 1605—ൽ ദില്ലിസിംഹാസനത്തിൽ ആരോഹണം ചെയ്ത സെലിം, രാജപുത്രന്മാരോടു് അച്ഛൻ അനുവത്തിച്ചു പോന്ന നയംതന്നെ, യാതൊരു വ്യത്യാസവും കൂടാതെ തുടർന്നു. രാജ്യഭാരം കയേററവർഷത്തിൽത്തന്നെ, പാർവിസ് രാജകുമാരന്റേയും അസഫ് ഖാൻ ജാഫർബെഗ്ഗ് എന്ന സേനാനായകന്റേയും നേതൃത്വത്തിൽ, സുശക്തമായ ഒരു സൈന്യത്തെ ജഹാൻഗീർ മീവാരരാജ്യം കൈവശപ്പെടുത്തുന്നതിനായി നിയോഗിച്ചു.

കലകളുടേയും സാഹിത്യത്തിന്റേയും പോഷണത്തിലും രാജ്യാഭിവൃദ്ധിയിലും മനസ്സു ചെലുത്തി, സമാധാനമാംവണ്ണം രാജ്യഭാരമാരംഭിച്ചിരുന്ന റാണാ അമരസിംഹൻ ഒരു പക്ഷേ, ചക്രവത്തിയുടെ ആദേശമനുസരിച്ചു് മുഗൾ സിംഹാസനത്തോടു് മൈത്രീഭാവത്തിൽ വത്തിക്കാൻ തീരുമാനിച്ചെങ്കിൽത്തന്നെ; അപ്പോഴത്തെ

സ്ഥിതിക്ക അതിൽ വലിയ അത്ഭുതത്തിന്ന വകയുണ്ടാകു
മായിരുന്നില്ല. എന്നാൽ റാണാ പ്രതാപസിംഹൻെറ
പുത്രനും, സ്വാതന്ത്ര്യപ്രണയികളായ രാജപുത്രന്മാക്കും,
തങ്ങളുടെ മാനം വിററുതിന്നുന്നതോ സ്വാതന്ത്ര്യം പണ
യപ്പെടുത്തുന്നതോ ആയ കാൎയ്യം ആലോചിക്കുവാൻപോ
ലും സാദ്ധ്യമായില്ല. മൈത്രിയിൽ വൎത്തിക്കുന്നതാണു്
നല്ലതെന്നുള്ള ജഹാംഗീർചക്രവൎത്തിയുടെ നിർദ്ദേശത്തെ
അവർ പരിഹാസപൂർവം തിരസ്കരിക്കുകയും, രാജപുത്ര
പ്രമാണികൾ ഒത്തൊരുമിച്ചു് ശത്രുവിനോടെതിരിടുവാൻ
തന്നെ തീരുമാനിക്കുകയും ചെയ്തു. പക്ഷേ, ഇത്തവ
ണയും ഒരു യുദ്ധത്തിനിടയായില്ല. ചക്രവൎത്തിയ്ക്കെതി
രായി അദ്ദേഹത്തിൻെറ പുത്രൻ ഖുസ്രു പടയിളക്കുക
യാൽ * ആ ആപത്തിനെ എതിരിടുന്നതിന്ന മുഗൾസേന

---

* ഖുസ്രു ജനസ്വാധീനമുള്ളവനും സുശീലനുമായ ഒരു രാജകുമാര
നായിരുന്നു. ഈ കുമാരൻ, രാജാഭഗവൻദാസ് എന്ന രാജപുത്രപ്രമാണി
യുടെ മകളുടെ മകനായിരുന്നു. അക്ബർ അത്യാസന്നത്തിൽ കിടക്കു
മ്പോൾ, കിരീടാവകാശിയായ സലീമിനെ സ്ഥാനഭ്രഷ്ടനാക്കി, സലീമി
ൻെറ പുത്രൻ ഖുസ്രുവിനെ സിംഹാസനാരൂഢനാക്കുന്നതിനുള്ള ഒരു
ഗൂഢാലോചന നടക്കുകയുണ്ടായി. ഖുസ്രുവിൻെറ മാതുലൻ രാജാമാനു
സിംഹനായിരുന്നു ഈ ഗൂഢാലോചനയുടെ കൎത്താവു്. അതുവിഫലമായി
1606-ൽ വീണ്ടും ഖുസ്രു തൻെറ അച്ഛനെതിരായി യുദ്ധത്തിനൊരുങ്ങു
കയും, ഒടുവിൽ ബന്ധനസ്ഥനാവുകയും ചെയ്തു. 1622-ൽ, സഹോദര
നായ ഖുറം രാജകുമാരൻ (പിൽക്കാലത്തെ ഷാജഹാൻ ചക്രവൎത്തി)
ഖുസ്രുവിൻെറ ജീവഹാനി വരുത്തി.

യെ പെട്ടെന്നു തിരിച്ചു വിളിക്കേണ്ടതായി വന്നു. അസഫ്ഖാൻ, അമരസിംഹൻെറ പ്രതിപുരുഷനെ മന്ദാൽഗാർ കോട്ടയിൽവെച്ചു സന്ദർശിക്കുകയും ഒരുടമ്പടി ചെയ്യുകയും ചെയ്തു.

രണ്ടുവർഷത്തിന്നുള്ളിൽ, ജഹാൻഗീർ ചക്രവർത്തി, വീണ്ടും ഒരു വമ്പിച്ച സേനയെ മഹബത്ഖാൻെറ നേതൃത്വത്തിൽ രാജപുത്രന്മാരെ കീഴടക്കുന്നതിനായി നിയോഗിച്ചു.. മഹാപരാക്രമിയും സമരതന്ത്രവിദഗ്ദ്ധനുമായിരുന്ന മഹബത്ഖാൻ, ശത്രുക്കൾക്കു് ഗണ്യമായ നാശമുണ്ടാക്കുകയും ചെയ്തു. അടുത്തവർഷത്തിൽ, മഹബത്ഖാനെ തിരിച്ചു വിളിച്ചു്, അബ്ദുള്ളാ ഖാൻ എന്ന മററാരു സേനാനായകനെ മീവാരത്തിലേക്കയച്ചു. രാജപുത്രസേനയെ പല പ്രകാരത്തിലും പരാജയപ്പെടുത്തുന്നതിൽ ഈ സേനാനായകനും വിജയിയാകാതിരുന്നില്ല. പക്ഷേ, അയാളേയും ഉടനെ ഗുർജ്ജരരാജ്യത്തിലേയ്ക്കു് അയക്കുകയാണുണ്ടായതു്. ഈ വിധം നേതൃത്വത്തിൽ അടിയ്ക്കടിയുണ്ടായിക്കൊണ്ടിരുന്ന മാററംമൂലം മുഗൾസേനയ്ക്കു് രാജപുത്രന്മാരുടെ മേൽ പ്രത്യക്ഷമായ വിജയം നേടുന്നതിന്നു കഴിവുണ്ടാകാതെ വന്നു.

ഈ വിധത്തിൽ, ശക്തിമത്തും നിരന്തരവുമായുണ്ടായിക്കൊണ്ടിരുന്ന ആക്രമണം, ഒടുവിൽ അമരസിംഹൻെറ സൈന്യബലത്തെ ഗണ്യമാംവണ്ണം ശോഷിപ്പിച്ചു. 1614-ൽ, ചക്രവർത്തി വീണ്ടും ഒരു മഹാസൈ

ന്യത്തെ ഖുറാംരാജകുമാരൻെറയും, അബ്ദുള്ളാഖാൻ തുടങ്ങിയുള്ള ഡുക്കാൻ നായകന്മാരുടേയും നേതൃത്വത്തിൽ മീവാരത്തിലേക്കയച്ചു. ഭയങ്കരമായ ഒരു സമരം അന്നും നടന്നു. റാണാ അമരസിംഹന് അതിഭയങ്കരമായ ക്ലേശങ്ങളും നഷ്ടങ്ങളും സംഭവിക്കുകയും ചെയ്തു. പ്രതാപസിംഹൻെറ അനന്യസാധാരണമായ മനോധൈര്യമോ, ഒരിക്കലും കീഴടങ്ങാത്ത പ്രകൃതമോ അത്രമാത്രം അമരസിംഹനിൽ അവശേഷിച്ചിരുന്നില്ലെന്നു് വേണമെങ്കിൽ സമ്മതിക്കാം; തുടരെത്തുടരെയുണ്ടായ അപജയം ഒരുപക്ഷെ അദ്ദേഹത്തിൻെറ ധൈര്യത്തെ കൂടുതൽ വേഗത്തിൽ ദുർബ്ബലമാക്കിയെന്നും വരാം. ഇതിനെല്ലാംപുറമെ മീവാരം, അരശതാബ്ദകാലത്തെ തുടർച്ചയായ ആക്രമണത്തിൻെറയും നാശങ്ങളുടെയും ക്ലേശംകൊണ്ടു് അസഹനീയമായ ഒരു നിലയെ അവലംബിച്ചിരിക്കയായിരുന്നു എന്ന പരമാർത്ഥം വിസ്മരിക്കത്തക്കതല്ല. സമാധാനവും സുരക്ഷിതാവസ്ഥയും രാജ്യത്തുനിന്നു് എങ്ങോപോയ് മറഞ്ഞിരുന്നു. ദാരിദ്ര്യത്തിൻെറ കരാളദംഷ്ട്രങ്ങളിൽനിന്നും മോചനം നേടാൻ ജനങ്ങൾ ഒരു വഴിയും കണ്ടില്ല. ക്ഷാമവും പകർച്ചരോഗങ്ങളും രാജ്യത്തെ ദുസ്സഹമാംവണ്ണം പീഡിപ്പിച്ചുകൊണ്ടിരുന്നു. "സമാധാനം, സമാധാനം" എന്ന മുറവിളി രാജ്യത്തിൻെറ നാനാഭാഗങ്ങളിൽനിന്നും ഉച്ചത്തിൽ കേട്ടുതുടങ്ങി. അററവുമററതിയുമില്ലാത്ത ഈ യുദ്ധം അവസാനിപ്പിക്കണമെന്നു് ജനങ്ങളിൽനിന്നു മാത്രമല്ലാ, രാജകുടുംബാംഗങ്ങളിൽനി

നുകൂടി—അമരൻെറ പുത്രനും രാജ്യാവകാശിയുമായ കാരണസിംഹനിൽനിന്നുപോലും—തുടരത്തുടരെയുള്ള അഭ്യർത്ഥനകൾ ശക്തിമത്തായി പുറപ്പെട്ടുതുടങ്ങി.

തലകുനിച്ചു. വിധിയുടെ മുമ്പിൽ അമരസിംഹനു് തലകുനിയ്ക്കാതെ ഗത്യന്തരമില്ലെന്നുവന്നു. തൻെറ മാതുലനായ ശുഭകരണനേയും വിശ്വസ്തമന്ത്രിയായ ഹരിദാസ് ഝാലായേയും സന്ധിവ്യവസ്ഥകൾ തീർച്ചപ്പെടുത്തുന്നതിനായി അദ്ദേഹം ഖുറാം രാജകുമാരൻെറ അടുക്കലേയ്ക്കയച്ചു. മുഗൾചക്രവർത്തിയുടെ ആധിപത്യം സ്വീകരിച്ചുകൊള്ളാമെന്നും, തൻെറ പുത്രനെ ചക്രവർത്തിയുടെ ആസ്ഥാനസഭയിലയച്ചു് പരിശീലനം നടത്തിച്ചുകൊള്ളാമെന്നുമുള്ള വ്യവസ്ഥകൾ അമരസിംഹൻ സമ്മതിച്ചു. താൻ നേരിട്ടു് മുഗൾരാജധാനിയിൽ ചെല്ലുകയില്ലെന്നും പുത്രിമാരിലാരെയും ചക്രവർത്തിയുടെ അന്തഃപുരത്തിലയക്കാൻ നിർബ്ബന്ധിച്ചുപോവരുതെന്നുമുള്ള കാര്യങ്ങളെ റാണൻ ബലമായി പിടിച്ചു. പ്രധാന ഉദ്ദേശം സാധിച്ചതുകൊണ്ടു്, ജഹാൻഗീർ ചക്രവർത്തി ഈ സന്ധിവ്യവസ്ഥകളെ സസന്തോഷം സ്വീകരിക്കയാണുണ്ടായതു്. കോട്ടയുറപ്പിക്കുകയോ ജീർണ്ണോദ്ധാരണവേലകൾ നടത്തുകയോ ചെയ്യുകയില്ലെന്നു വ്യവസ്ഥയിൽ, ചിതോർ അമരസിംഹനു വിട്ടുകൊടുത്തു. മുഗൾചക്രവർത്തിയും മീവാര മഹാറാണനും തമ്മിൽ ഒരു കൂടിക്കാഴ്ച നടത്തുകയും, അതിൽവച്ചു് ഉപഹാര ദ്രവ്യങ്ങളും മററും കൈമാറുകയുമുണ്ടായി. ഇതിനെത്തുടന്നു് റാണാ അമരസിംഹൻെറയും

പുത്രൻ കാരണസിംഹൻെറയും പൂൎണ്ണരൂപത്തിലുള്ള പ്രതിമകൾ ആഗ്രായിൽ സ്ഥാപിതമായതും പ്രസ്താവ്യമാണ്. എന്തുചെയ്താലെന്താണ്? മീവാരത്തിൻെറ സ്വാതന്ത്ര്യംനഷ്ടപ്പെട്ടതിന് ഇതുവല്ലതും വല്ല പരിഹാരവുമാകുമോ? എങ്കിലും, റാണനോടുള്ള ജഹാൻഗീറിൻെറ പെരുമാററം എപ്പോഴും മഹാമനസ്കതയോടും രഞ്ജകമനോഭാവത്തോടും കൂടിയുള്ളതായിരുന്നുവെന്ന പരമാൎത്ഥം ഒരിയ്ക്കലും വിസ്മരിക്കത്തക്കതല്ല. രാജപുത്രരുടെ അചഞ്ചലമായ ഭക്തിയ്ക്കും വിശ്വാസ്യതയ്ക്കും ജഹാൻ ഗീരിന്റെ കാലത്തൊന്നും ഭംഗം വരികയുമുണ്ടായില്ല. ഔരംഗസീബിൻെറ മതഭ്രാന്തും നിർബ്ബന്ധശീലവും റാണാരാജസിംഹൻെറ ക്ഷത്രിയരക്തത്തിന് ചൂടുപിടിപ്പിക്കുന്നതുവരെ—അതായതു് 1679 വരെ—മീവാരരാജാക്കന്മാർ ഡില്ലിസിംഹാസനത്തോടു് ഭക്തിപൂർവ്വം പെരുമാറുകതന്നെ ചെയ്തു.

മീവാരരാജാക്കന്മാരിൽ വച്ചു് ഏററവും ഉയരംകൂടിയവനും ശക്തിമാനുമായിരുന്നു റാണാ അമരസിംഹൻ. ഒരു വീരനുണ്ടായിരിക്കേണ്ട കായികവും മാനസികവുമായ സിദ്ധികളെല്ലാം അദ്ദേഹത്തിനു് സ്വായത്തവുമായിരുന്നു. ക്രൂരവിധിയും തൻെറ പ്രജകളും മുഗളാധിപത്യത്തിന് കീഴ്‌വഴങ്ങാൻതന്നെ നിർബ്ബന്ധനാക്കിയ ദിവസംതൊട്ടു്, തൻെറ ക്ഷാത്രവീൎയ്യത്തിന് ഭംഗം വന്നുവെന്നും അന്തസ്സു് നശിച്ചുവെന്നും അദ്ദേഹം ഗണിക്കാൻ തുടങ്ങി. അധികം താമസിയാതെ, പുത്രനുവേണ്ടി അമരസിംഹൻ സ്ഥാനത്യാഗം ചെയ്കയും ചെയ്തു. ഉദാരനും ധീരനുമായിരുന്ന

അമരസിംഹനെ, നാട്ടുവാഴികൾ ഉള്ളഴിഞ്ഞു് സ്നേഹിച്ചിരുന്നു. ഭയാലുവും നീതിനിഷ്ഠനുമായിരുന്ന അദ്ദേഹത്തെ പ്രജകൾ ആരാധിക്കുകയും ചെയ്തിരുന്നു.

റാണാ പ്രതാപസിംഹൻെറ ദീർഘദർശനം ഒടുവിൽ ശരിയായി എന്നുതന്നെ പറയാം. അമരസിംഹൻ മീവാരരാജ്യത്തെ മുഗളാധിപത്യത്തിനു കീഴ്പ്പെടുത്തി: താപസവൃത്തി കൈക്കൊണ്ടു് പ്രതാപസിംഹൻ താമസിച്ചിരുന്ന പർണ്ണശാലകളുടെ സ്ഥാനത്തു് ഹർമ്മ്യങ്ങൾ ഉണ്ടായിത്തീരുകയും ചെയ്തു.

കാരണസിംഹൻെറ പുത്രനും അമരസിംഹൻെറ പൌത്രനുമായ ജഗൽസിംഹൻ പിതാവിൻെറ മരണാനന്തരം 1628-ൽ മീവാരരാജ്യത്തിൻെറ അധിപനായിത്തീർന്നു. അദ്ദേഹം ഇരുപത്തിനാലുസംവത്സരക്കാലം രാജ്യഭാരം ചെയ്കയും ചെയ്തു. ഈ കാലഘട്ടത്തിനിടയ്ക്കു സമരസന്നാഹങ്ങളോ, രാജപുത്ര സംസ്ഥാനത്തിൻെറ സ്വാതന്ത്ര്യലബ്ധിയ്ക്കായുള്ള മററു ശ്രമങ്ങളോ യാതൊന്നും ഉണ്ടായിട്ടില്ല. നേരേമറിച്ചു്, ജഗൽസിംഹൻ മുഗൾ സിംഹാസനത്തോടു് അചഞ്ചലമായ മൈത്രിതന്നെ പ്രദർശിപ്പിച്ചുപോന്നു. മീവാരരാജ്യത്തെ പുനസ്സംഘടിപ്പിക്കാനും, ഭയങ്കര സമരങ്ങൾ രാജ്യത്തിനുണ്ടാക്കിത്തീർത്ത വ്രണങ്ങളെ ശമിപ്പിക്കാനുമാണു് അദ്ദേഹം തൻെറ സമയമത്രയും വിനിയോഗിച്ചതു്. മനോഹരഹർമ്മ്യങ്ങളെക്കൊണ്ടും സുരക്ഷിതമായ പ്രാകാരങ്ങളെക്കൊണ്ടും മററും വിഭവസംപൂർണ്ണമായിത്തീർന്ന ഉദയപുരരാജധാനി, ജഗൽ

സിംഹന് വളരെയധികം കടപ്പെട്ടിട്ടുണ്ട്. ചിതോർ ദുർഗ്ഗത്തിന്റെ കേടുപാടുകൾ പോക്കാനും നയജ്ഞനായ ജഗൽസിംഹന് സാദ്ധ്യമായിത്തീർന്നു.

## രാജസിംഹൻ

റാണാ ജഗൽസിംഹന്റെ സീമന്തപുത്രനായ രാജസിംഹൻ 1652-ൽ, മീവാര സിംഹാസനത്തിൽ ആരോഹണംചെയ്തു. പ്രതാപസിംഹനശേഷം, വംശാഭിമാനമുള്ളവനും ഓജസ്വിയുമായ ഒരു വീരക്ഷത്രിയൻകൂടെ ആ വീരഭൂമിയുടെ വിധിഭാഗധേയങ്ങളെ നിയന്ത്രിക്കുവാനുണ്ടായി. ഇക്കാലമായപ്പോഴേയ്ക്കും, രാജപുത്രരുടെ സ്ഥിതിയ്ക്കും ചില്ലറ ചില മാററങ്ങൾ സംഭവിച്ചിരുന്നു. സ്വദേശസ്നേഹവും വീര്യപരാക്രമങ്ങളുമുള്ള നാടുവാഴികളാണ് അന്ന് അംബരം, മാർവാരം, ബുന്ദി, കോടാ തുടങ്ങിയുള്ള ചെറുരാജ്യങ്ങളുടേയെല്ലാം അധിനാഥന്മാരായിരുന്നതു്. മുഗൾ സാമ്രാജ്യമാകട്ടെ, ഔരംഗസീബ് ചക്രവർത്തിയുടെ കീഴിൽ അന്ന് ഐശ്വര്യത്തിന്റെ പരമകാഷ്ഠയേ പ്രാപിച്ചുമിരുന്നു. ആരുടെ വേഴ്ചയ്ക്കുവേണ്ടി തന്റെ മുൻഗാമികൾ അസാധാരണ ക്ലേശങ്ങൾ സഹിച്ചുവോ, ആരുടെ മൈത്രിമൂലം മുഗൾ സിംഹാസനത്തിന്റെ ശ

ക്തിയും പ്രതാപവും വർദ്ധമാനമായിത്തീൎന്നപ്പോ, ആ രാജപുത്രവീരന്മാരുടെ സൌഹാർദ്ദം തനിയ്ക്കാവശ്യമില്ലെന്നു് ഔരംഗസീബ് ഖണ്ഡിതമായി തീരുമാനിച്ചു. അന്ധമായ ഹിംസയും, ക്രൂരമായ മർദ്ദനവും തന്റെ മുദ്രാവാക്യമായി അദ്ദേഹം സ്വീകരിക്കുകയുംചെയ്തു.

ചക്രവൎത്തിയുടെ ഈ നയം, രാജപുത്രരാജാക്കന്മാരുടെ മനഃസ്ഥിതിയ്ക്കു് പാടേ ഒരു പരിവൎത്തനമുണ്ടാക്കി. ആജന്മശത്രുക്കളായി വൎത്തിച്ചു പോന്ന മാർവാരത്തിലെ രാഥോരന്മാരും മീവാരത്തിലെ ശിശോദിയരും അധികം താമസിയാതെ ഒന്നുചേൎന്നു. 1678—ൽ മാർവാരം മുഗൾ സാമ്രാജ്യത്തോടുകൂടി ചേൎക്കപ്പെട്ടപ്പോൾ, മീവാര രാജ്യത്തിന്റെ സുസ്ഥിതിയ്ക്കും അതു് ഗണ്യമായ ഹാനിയെ ചെയ്യുകയുണ്ടായി. ആരവല്ലീ പർവതങ്ങളിലുള്ള ഇടുക്കുവഴികളിൽകൂടി പശ്ചിമഭാഗത്തുനിന്നു് ഇപ്പോൾ ശത്രുക്കൾക്കു് മീവാരത്തിലേയ്ക്കു കടക്കാൻ എളുപ്പമായിത്തീൎന്നു. താരതമ്യേന നിരപ്പുള്ള പ്രദേശങ്ങളായിരുന്ന പൂൎവ്വഭാഗങ്ങളാകട്ടെ, ഏതു ശത്രുവിനും പെട്ടെന്നാക്രമിക്കാൻ സൌകൎയ്യം കൊടുക്കുന്നവയുമായിരുന്നു. അക്ബറുടെ, ആക്രമണകാലത്തു് റാണാപ്രതാപനു് താങ്ങും തണലുമായിരുന്ന കമലമീരം തുടങ്ങിയുള്ള മലങ്കോട്ടകൾ, അദ്ദേഹത്തിന്റെ പിൻഗാമിയ്ക്കു് ഇന്നു് അഭയം നൽകാൻ പൎയ്യാപ്തമല്ലാതായി. കൂടാതെ, മാർവാരരാജാവായ റാണാ അജിതസിംഹൻ, റാണാ രാജസിംഹന്റെ ഒരടുത്ത ബന്ധുവുമായിരുന്നു. * ചക്രവൎത്തിയോടു പിണ

* അജിതസിംഹന്റെ അമ്മ ഒരു മീവാരരാജകുമാരിയായിരുന്നു.

ങ്ങുന്നതിന്, ഇവയെല്ലാം പുറമേ, രാജസിംഹന് വേറെയും കാരണങ്ങളുണ്ടായി. 115 വർഷങ്ങളായി ഇല്ലാതിരുന്ന 'ജേസിയാ' എന്ന നികുതി വീണ്ടും അമുസ്ലീങ്ങളുടെ പേരിൽ ചുമത്തിത്തുടങ്ങിയതും, ഔരംഗസീബ് ചക്രവത്തി എണ്ണമില്ലാതെ വൈഷ്ണവദേവാലയങ്ങൾ ചുട്ടുപൊടിച്ചു തുടങ്ങിയതും രാജസിംഹന്റെ ക്ഷാത്രവീര്യത്തെ ഉണത്തി. മഹാറാണാകുംഭന്റേയും, സംഗ്രാമസിംഹന്റേയും, വിശ്വവിഖ്യാതനായ പ്രതാപന്റേയും പാരമ്പര്യവും ഊർജ്ജസ്വലതയും മീവാരത്തിലെ ഈ പുതിയ മഹാറാണനിൽ ഏതാണ്ടെല്ലാം ഇണങ്ങിച്ചേന്നിരുന്നു.. ഹിന്ദുക്കളുടെ മേൽ വീണ്ടും ജേസിയാ നികുതി ചുമത്തിയതിനേ കഠിനമായി പ്രതിഷേധിച്ചുകൊണ്ടും, ചക്രവത്തിയുടെ ദുർന്നയങ്ങളെ അധിക്ഷേപിച്ചുകൊണ്ടും രാജസിംഹൻ രാജപുത്രജനതയുടെ പേരിൽ ഔരംഗസീബിന്ന് ഒരു ദീർഘലേഖനമയച്ചു. "പ്രഭോ! അവിടുന്ന് എന്തുകൊടുംക്രൂരതകളാണ് അനുവത്തിക്കുന്നതു! രാജപുത്രന്മാരെ ദ്രോഹിക്കുവാൻ ഭണ്ഡാരം ശൂന്യമാക്കിയതു് വീണ്ടും നിറയ്ക്കുന്നതിന്ന് കണ്ടുപിടിച്ചിട്ടുള്ള വഴി കേമം തന്നെ! അങ്ങയുടെ പ്രപിതാമഹനായ 'അക്ബർ, പ്രജകളോട്ട് ജാതിമതഭേദം കൂടാതെ പെരുമാറി അമ്പത്തിരണ്ടു കൊല്ലക്കാലം ഭാരതവർഷത്തേ ഭരിച്ചു. ജനങ്ങൾ അദ്ദേഹത്തെ മഹാനായി എണ്ണുന്നു. പിതാമഹനായ ജഹാൻഗീറിന്റേയും, പിതാവായ ഷാജഹാന്റേയും ഭരണവും, സമബുദ്ധിയും പ്രജാക്ഷേമത്തിനും കേൾവി കേട്ടതായിരുന്നു. എന്നാൽ അങ്ങയുടെ പ്രവൃ

ത്തികളോ? അങ്ങ് ജനങ്ങളെ മദ്ദിക്കുന്നു. അവരുടെ സ്വത്തുക്കൾ പിടിച്ചുപറിക്കുന്നു. ദരിദ്രരായ ജനങ്ങളോട് കൂടുതൽ നികുതി പിരിയ്ക്കുന്ന രാജാവിന്നു ശ്രേയസ്സെവിടെ? യാതൊന്നും കയ്യിലില്ലാത്ത തീത്ഥയാത്രക്കാരുടെ നേക്കായല്ലോ അങ്ങയുടെ വീയ്യപരാക്രമങ്ങൾ! പരിശുദ്ധ ഖുറാനിലെങ്കിലും അങ്ങയ്ക്ക് വിശ്വാസമുണ്ടെങ്കിൽ ദൈവം മഹമ്മദീയക്ക് പ്രത്യേകമായുള്ളതല്ലെന്നും മനുഷ്യക്കെല്ലാംകൂടി ഏകദൈവമേയുള്ളുവെന്നും അങ്ങ് മനസ്സിലാക്കമായിരുന്നു. പള്ളികളിലും ദേവാലയങ്ങളിലും നാം ആരാധിക്കുന്നതു് ആ ഏകദൈവത്തെ മാത്രമാണു്. അങ്ങ് ദേവാലയങ്ങൾ ചുട്ടുപൊട്ടിക്കുന്നു. അന്യമതദ്രോഹം ദൈവദ്രോഹമാണെന്നു് അവിടുന്നു് മനസ്സിലാക്കാത്തതു് എത്ര കഷ്ടം! ഹിന്ദുക്കളോട് ജേസിയാ പിരിച്ചു തുടങ്ങിയിരിക്കയാണല്ലോ. ഹൈന്ദവരുടെ പ്രതിനിധിയെന്ന നിലയിൽ ആ നികുതി ആദ്യം എന്നോടു തന്നെ ഈടാക്കാൻ ഞാൻ അങ്ങയെ വെല്ലുവിളിക്കുന്നു. ചക്രവത്തിയുടെ കൈയ്യൂക്ക കാണിക്കേണ്ടതു് അശക്തരോടും അല്പപ്രാണികളോടുമല്ല. അങ്ങയുടെ മന്ത്രിമാർ ഇനിയും അങ്ങയെ നേർവഴിയ്ക്കു തിരിച്ചുവിടാത്തതാണു് അത്ഭുതകരമായിരിക്കുന്നതു്!" ഏതാണ്ടീയത്ഥത്തിലുള്ള രാജസിംഹൻെറ ലേഖനം ഔരംഗസീബിനെ എത്രമാത്രം കോപാക്രാന്തനാക്കി എന്നു പറയേണ്ടതില്ലല്ലോ. ഒരു സമരം ആസന്നമെന്നും, ചക്രവത്തിയുടെ ക്രൂരപ്രവൃത്തികളെ ചെറുക്കേണ്ടതു് തൻെറ കത്തവ്യമെന്നും കരുതിയാണു് റാണാൻ ഇത്തരത്തിലൊരു കത്തു് ഔരംഗസീബി

നയച്ചതു്. തൻെറ രാജധാനിയിലേയ്ക്കുള്ള പ്രവേശന മാൎഗ്ഗമായ ദിയോബാരി എന്ന വഴിയെ അടച്ചുകൊണ്ടും, ചിതോർ പ്രാകാരങ്ങളെ പൂൎണ്ണമായി ഉറപ്പിച്ചുകൊണ്ടും അദ്ദേഹം യുദ്ധത്തിനവേണ്ട ഒരുക്കങ്ങളെല്ലാം ചെയ്യുകയും ചെയ്തു.

ഔരംഗസീബ് ചക്രവൎത്തിതന്നെ ആദ്യപ്രഹരത്തിന സന്നദ്ധനായി. 1679 നവംബർ മാസം ഒടുവിൽ അദ്ദേഹം മഹത്തായ ഒരു സേനയുമായി ഉദയപുരത്തേയ്ക്കു തിരിച്ചു. പാരാവാരംപോലെ പരപ്പുള്ള ചക്രവൎത്തിയുടെ സേനാബലത്തോടെതിൎത്തു് സ്വജനങ്ങളുടെ ജീവഹാനിവരുത്തുന്നതു് അനാവശ്യമാണെന്നു രാജസിംഹന ബോദ്ധ്യപ്പെട്ടു. അതിനാൽ, പൂൎവ്വികന്മാരുടെ സമരരീതി കൈക്കൊണ്ടു് അദ്ദേഹം മഹാരണ്യങ്ങളുടെ അന്തൎഭാഗത്തു ചെന്നൊളിക്കുകയും ചെയ്തു. മുഗൾ സൈന്യം മീവാരത്തിലെത്തിയപ്പോൾ ജനശൂന്യവും വിഭവശൂന്യവുമായ നഗരങ്ങൾമാത്രം അവിടെ അവശേഷിച്ചിരുന്നു. ചക്രവൎത്തിയുടെസേന ഉദയപുരത്തു താവളമടിച്ചുകൊണ്ടു് ദേവാലയങ്ങൾ നശിപ്പിച്ചുതുടങ്ങി. ഉദയപുരരാജധാനിയിലും ചുററുപാടുകളിലും നിന്നു് നൂററിഎഴപത്തിമൂന്നും, ചിതോരിൽനിന്നു് അറുപത്തിമൂന്നും ക്ഷേത്രങ്ങൾ അവർ നശിപ്പിച്ചതായി കാണുന്നു. യുദ്ധത്തിൽ യാതൊരുപങ്കുമില്ലാതിരുന്ന ജയപുരത്തെപ്പോലും അവർ വെറുതേവിട്ടില്ല. അറുപത്താറു ദേവാലയങ്ങൾ അവിടെ ഇടിച്ചുനിരത്തുകയുണ്ടായത്രെ്

എതിരാടാൻ ആരെയും കാണാതിരുന്നതുകൊണ്ടു്, ക്ഷേത്രധ്വംസനകൃത്യമെങ്കിലും സാധിച്ചതിലുള്ള ചാരിതാൎത്ഥ്യത്തോടുകൂടി ചക്രവൎത്തി ഉദയപുരത്തുനിന്നുംമടങ്ങി. ചിത്തോരിലും മററു പ്രധാനസ്ഥലങ്ങളിലുമെല്ലാം, പുത്രനായ അക്ബർ രാജകുമാരൻെറ നേതൃത്വത്തിൽ വമ്പിച്ച സേനാവിഭാഗങ്ങളെ നിറുത്തിയിട്ടാണു് അദ്ദേഹം ഉദയപുരം വിട്ടതു്. സൈന്യങ്ങളുടെ സാമൎത്ഥ്യംമാത്രമല്ലെ കാൎയ്യമായിട്ടുള്ളതെന്നും, രാജ്യത്തിൻെറ കിടപ്പും ഭൂപ്രകൃതിയും തങ്ങളുടെ ഉദ്ദേശ്യസിദ്ധിക്കനുഗുണമല്ലെന്നും ക്രമേണ മുഗൾസേനാനായകന്മാൎക്കു ബോദ്ധ്യപ്പെട്ടു. രാഥോരന്മാരും ശിശോദീയരും കൂടിച്ചേൎന്നപ്പോൾ അവരുടെ സംഖ്യ തൻെറ സൈന്യങ്ങളെക്കാൾ ഏറെമെന്നു് അധികം താമസിയാതെ അക്ബൎക്കും ബോദ്ധ്യപ്പെട്ടു. ഒളിവിൽനിന്നു് പെട്ടെന്നു പുറത്തുവന്നു്, ആകസ്മികമായി ശത്രുക്കളെ ആക്രമിച്ചുകൊണ്ടു് രാജപുത്രസൈന്യം എതിരാളികൾക്കു് വമ്പിച്ച നാശങ്ങളുണ്ടാക്കിത്തുടങ്ങി. 1680 അവസാനത്തിൽ രാജസിംഹൻ, പെട്ടെന്നു് ശത്രുക്കളോടെതിരിടുകയും, ചക്രവൎത്തിയുടെസേന ഛിന്നഭിന്നമായിത്തീരുകയും ചെയ്തു. അതിനുംപുറമെ, മുഗൾസേനയ്ക്കുവേണ്ടി കൊണ്ടുവന്നിരുന്ന ആഹാരസാധനങ്ങളെല്ലാം രാജപുത്രർ വഴിയ്ക്കുവച്ചു് പിടിച്ചെടുത്തതുകൊണ്ടു്, അവൎക്കു് വളരെനാൾ പട്ടിണികിടക്കേണ്ടതായും വന്നു. ഇപ്രകാരം അസ്തപൌരുഷരായിത്തീൎന്ന മുഗൾസൈന്യത്തോടുകൂടി അക്ബർ രാജകുമാരൻ ജൂൺമാസം ഒടുവിൽ ചിത്തോരിൽ

നിന്നും മാർവാരത്തിലേയ്ക്കു പുറപ്പെട്ടു. ചക്രവർത്തിയുടെ സേനയ്ക്കു് അവിടെയും അനുഭവം ഇതൊക്കെത്തന്നെയായിരുന്നു.

അക്ബറുടെ പരാജയംമൂലം കോപാക്രാന്തനായിത്തീർന്ന ചക്രവർത്തി, ചിതോരിലെ സേനാധിപത്യം മററൊരു പുത്രനായ അസാം രാജകുമാരനിലർപ്പിച്ചുകൊണ്ടു് അക്ബറെ മാർവാരത്തേയ്ക്കു മാററി. അസാം രാജകുമാരന്റെയും, ഔരംഗസീബ് പിന്നീടയച്ച മററൊരു പുത്രന്റെയും അനുഭവവും, അക്ബറുടേതിൽനിന്നും ഭിന്നമായിരുന്നില്ല. രണ്ടു പുത്രന്മാർക്കും രാജപുത്രസൈന്യത്തെ കീഴടക്കാൻ സാധിച്ചില്ല; ഭയങ്കരമായ നാശത്തിൽനിന്നും, ഒരു കണക്കിനു്, അവർ രക്ഷപ്പെട്ടു് പിൻവാങ്ങേണ്ടതായി വരികയും ചെയ്തു ചക്രവർത്തിയ്ക്കു് വിഷമതകൾ പിന്നെയും വർദ്ധിച്ചുകൊണ്ടുതന്നേയിരുന്നു. ദില്ലി സിംഹാസനം കൈവശപ്പെടുത്തുന്നതിനു് രാജപുത്രരുടെ സഹായം സമ്പാദിക്കുവാൻ അക്ബർ രാജകുമാരൻ തീരുമാനിക്കുകയും, അങ്ങനെ, റാണാരാജസിംഹനുമായി ഒരുടമ്പടിയിലേർപ്പെടുകയും ചെയ്തു. ദില്ലി രാജധാനി ജയിച്ചു കീഴടക്കാൻ മഹത്തായ ഒരു സേന അണിനിരന്നുകഴിഞ്ഞ ഘട്ടത്തിലാണു്, അവിചാരിതമായി 1680 ഒക്ടോമ്പറിൽ റാണാരാജസിംഹൻ പെട്ടെന്നു് നിര്യാതനായതു്. പക്ഷെ, അക്ബർ തന്റെ ശ്രമങ്ങളിൽനിന്നും പിൻവാങ്ങിയില്ല രാജസിംഹന്റെ പുത്രനും കിരീടാവകാശിയുമായ റാണാ ജയസിംഹനുമായി വീണ്ടും

സഖ്യം ചെയ്കയും അടുത്ത ജനുവരിമാസത്തിൽ ഔരംഗസീബ് ചക്രവൎത്തിയോട് പരസ്യമായി യുദ്ധപ്രഖ്യാപനം ചെയ്കയും ചെയ്തു.

അക്ബർ രാജകുമാരന്റെ ഈവക സംരംഭങ്ങൾ, രാജപുത്താനയ്ക്കും റാണാജയസിംഹനും ആശിച്ചിരിക്കാത്തവിധത്തിൽ ആശ്വാസം നൾകുകയുണ്ടായി. ചക്രവൎത്തിയും പുത്രനുമായുള്ള വഴക്കിൽ, ഔരംഗസീബിനെതിരായി യുദ്ധത്തിലേപ്പെട്ടുവെങ്കിലും റാണാജയസിംഹനും മററു രാജപുത്രപ്രമാണികൾക്കും നേരേനിന്ന് ശ്വാസം വിടുവാനുള്ള സന്ദർഭം ഈവിധത്തിൽ കരഗതമായി. രാജസിംഹന്റെ ദ്വിതീയപുത്രനായ ഭീമസിംഹൻ ഒരു സൈന്യവുമായി ഗുജ്ജരരാജ്യത്തിൽ പ്രവേശിക്കുകയും, പ്രധാന നഗരങ്ങൾ കൊള്ളയിടുകയും ചെയ്തു. മീവാരത്തിലെ ഭണ്ഡാരാദ്ധ്യക്ഷനായിരുന്ന ദയാൽദാസനാകട്ടെ മാളവം, ധാർ മുതലായ പ്രദേശങ്ങൾ ആക്രമിച്ച്, ചക്രവൎത്തിയുടെ സേനാ വിഭാഗങ്ങളിൽപ്പെട്ട അനേകം അശ്വങ്ങളേയും ആനകളേയും ഒട്ടകങ്ങളേയും പിടിച്ചെടുത്തു.

ഇത്തരം ചില്ലറ വിജയങ്ങൾ സിദ്ധിച്ചുകൊണ്ടാണിരുന്നതെങ്കിലും, യുദ്ധത്തിന്റെ ആകെക്കൂടിയുള്ള ഫലം രാജപുത്രന്മാൎക്ക് വലിയ കഷ്ടതകളുണ്ടാക്കിത്തീൎത്തു. ശത്രുക്കൾ വിളഭൂമികളെല്ലാം നശിപ്പിച്ചുവന്നതുകൊണ്ട്, ജയസിംഹന്റെ പ്രജകൾക്ക് കടുത്ത ആഹാരക്ഷാമം നേരിട്ടു. മുഗൾസേനയുടെ സ്ഥിതിയും, ഒട്ടും അസൂയാൎഹമല്ലായിരുന്നു. ഭയങ്കരമായ ക്ലേശങ്ങൾ അവരും സഹിക്കേണ്ടി

വന്നു. ഇങ്ങനെ, സന്ധിയ്ക്കുവേണ്ടിയുള്ള ഒരാഗ്രഹം ഇരുപക്ഷത്തിലുമുണ്ടായി. ബീകാനീരരാജാവായ ശ്യാമസിംഹൻെറയും അസാംരാജകുമാരൻെറയും മാദ്ധ്യസ്ഥത്തിൽ 1681-ജൂൺ, 14-ാംതീയതി ഇപ്രകാരം ഒരുടമ്പടിയുണ്ടായിത്തീൎന്നു. ജേസിയാ നികുതി നീൎത്തുന്നതിനു പകരമായി റാണൻ ഏതാനും പ്രദേശങ്ങൾ ചക്രവൎത്തിയ്ക്കു വിട്ടുകൊടുത്തു; മുഗൾസേന മീവാരരാജ്യം വിട്ടൊഴിയുകയും ചെയ്തു. ജയസിംഹനെ മഹാറാണനായി അംഗീകരിച്ചു എന്നു മാത്രമല്ലാ, അദ്ദേഹത്തിന്ന് ഔരംഗസീബ് ചില സ്ഥാനമാനങ്ങൾ കല്പിച്ചുകൊടുക്കുകയുമുണ്ടായി. മീവാരരാജ്യം ഒരിക്കൽകൂടി, ഈവിധത്തിൽ സ്വാതന്ത്ര്യമായിത്തീൎന്നു എന്നു പറയേണ്ടിയിരിക്കുന്നു.

രാജപുത്രപ്രഭാവം അസ്തമിക്കേ എന്ന പതനവും വന്നു. വീൎയ്യം, ശൌൎയ്യം, സ്വരാജ്യഭക്തി എന്നിത്യാദി വിശിഷ്ടഗുണങ്ങളോടൊപ്പം രാജ്യലക്ഷ്മിയും മീവാരരാജ്യത്തോടു് അധികം താമസിയാതെയാത്രപറഞ്ഞുപിരിഞ്ഞു. അന്തഃഛിദ്രമാകുന്ന കൊടുങ്കാററു് റാണാ ജയസിംഹൻെറ കാലത്തുതന്നെ ഇരമ്പിത്തുടങ്ങിയിരുന്നു. അദ്ദേഹത്തിന്റെ പുത്രൻ അമരസിംഹൻ അച്ഛനുമായി പിണങ്ങിപ്പിരിയുകയും, അന്തഃഛിദ്രങ്ങൾക്കു കാരണഭൂതനാവുകയും ചെയ്തുവെങ്കിലും മാതൃഭൂമിയുടെ സ്വാതന്ത്ര്യം നിലനിൎത്തിക്കൊണ്ടുപോവുന്നതിൽ എപ്പോഴും ജാഗരൂകനായി വൎത്തിച്ചു. ബഹദൂർഷാ ഒന്നാമൻെറ ഭരണകാലത്തു്, അംബരം, മാർവാരം, മീവാരം എന്നീ രാജ്യങ്ങൾ പരസ്പരം സഖ്യം

ചെയ്കയും, ഈ സഖ്യത്തെ ഉറപ്പിക്കുന്നതിനായി പരസ്പരവിവാഹങ്ങൾ നടത്തുകയുമുണ്ടായി. പ്രസ്തുതരാജ്യങ്ങളെ ഫലപ്രദമാംവണ്ണം കീഴടക്കുന്നതിന് ചക്രവത്തിയെക്കൊട്ട സാധിച്ചതുമില്ല. ജേസിയാ വീണ്ടും നടപ്പിൽ വരുത്തിയ ഫറൂഖ്സിയാരുടെ * ഭരണമായപ്പൊഴേക്കും, മാർവാരരാജാവായ അജിതസിംഹൻ മുഗൾ ചക്രവത്തിയുമായി ഒരുടമ്പടിയുണ്ടാക്കാൻ നിർബന്ധനായിത്തീൎന്നു. അദ്ദേഹം ചക്രവത്തിയ്ക്ക് സ്വപുത്രിയെ വിവാഹംചെയ്തു കൊടുക്കുകയും ചെയ്തു. ഉൽക്കണ്ഠയോടുകൂടി ഈ വക മാററങ്ങളെയെല്ലാം വീക്ഷിച്ചുകൊണ്ടിരുന്ന അമരസിംഹനാകട്ടെ, സ്വരാജ്യത്തിന്റെ സ്വാതന്ത്ര്യം നിലനിത്തുവാൻ ഗണ്യങ്ങളായ ക്ലേശങ്ങൾ സഹിക്കുകയും, ചക്രവത്തിയുമായി ഒരു സന്ധിയിലേപ്പെട്ടു് ജേസിയാ മുതലായ നികുതികൾ വേണ്ടെന്നു വയ്പിക്കുകയുമുണ്ടായി. 1716-ൽ അദ്ദേഹവും അന്തരിച്ചു.

എന്തൊരു ഭാഗ്യവിപര്യയമാണ് വീരഭൂവായ മീവാരരാജ്യത്തിനു സംഭവിച്ചതു്! അലോകസാധാരണമായ ആത്മത്യാഗത്തിനും വീര്യശൌര്യങ്ങൾക്കും വിളനിലമായിരിക്കുന്ന ആ ഭൂവിഭാഗം, പതിനെട്ടാംശതവഷത്തിന്റെ ഉത്തരാർദ്ധമായപ്പോഴേയ്ക്കും അന്ധകാരഗത്തത്തിൽ ആണ്ടുപോവുക എന്നപതനത്തിലെത്തി. പരസ്പര മത്സരവും അന്തഃഛിദ്രവും, മഹാരാഷ്ട്രർ,

* ഒടുവിലത്തെ മുഗൾ ചക്രവത്തിമാരിലൊരാൾ. 1713 മുതൽ 1719 വരെ രാജ്യഭാരം ചെയ്തു.

പത്താൻകാർ തുടങ്ങിയുള്ള ബാഹ്യശത്രുക്കളുടെ ആക്രമണവുമാണു് വീരഭ്രുവായ രാജപുത്താനയുടെ ഇത്ര ഭയങ്കരമായ ദുരവസ്ഥയ്ക്കു് നിദാനമായിത്തീർന്നതു്. ശത്രുക്കളുടെ ആക്രമണംകൊണ്ടു ഏററവും കൂടുതൽ ക്ലേശമനുഭവിച്ചതു്, അന്നും, ചരിത്രവിഖ്യാതമായ മീവാരം തന്നെയാണു്.

---

B. V, Printing Works, Trivandrum.

2722

ശ്രീകൃഷ്ണവിലാസ ഗ്രന്ഥശാല
[illegible]

H. 162

# വീരപൂജ

ഗ്രന്ഥകർത്താ:

എം. കേശവൻ ഇളയതു്